കെ.അജിത



# ആൺകോയ്മയുടെ ലോകം

ഇന്ത്യയിൽ നിലനിൽക്കുന്ന മതങ്ങളെല്ലാം സ്ത്രീയെ പുരുഷനു കീഴ്പെട്ട് ജീവിക്കേണ്ടവളായാണു കാണുന്നത്. മതദർശനങ്ങൾക്കനുസരിച്ച് ചില ഏറ്റക്കുറച്ചിലുണ്ടാകാം എന്നു മാത്രം. സംസ്കാരങ്ങളും അങ്ങനെത്തന്നെ. ഹിസ്റ്ററി ഈസ് ഹിസ് സ്റ്റോറി എന്നല്ലേ.

മനുഷ്യൻ എന്നു പറഞ്ഞാലും ആളുകൾ പുരുഷൻ എന്നേ മനസ്സിലാക്കൂ. പുരുഷനും സ്ത്രീയും അടങ്ങിയതാണു മനുഷ്യവംശം. ഏതു പ്രത്യയശാസ്ത്രവും പ്രയോഗിക്കപ്പെടുന്ന പ്രത്യേക പരിതസ്ഥികളെ പരിഗണിക്കേണ്ടതുണ്ട്. സമൂഹത്തിലാകട്ടെ, കുടുംബത്തിലാകട്ടെ ആൺകോയ്മ അടി മുതൽ മുടി വരെയാണിന്ന്. രാഷ്ട്രീയ പാർട്ടികളുടെ കാര്യം പിന്നെ പറയേണ്ടതുമില്ല.

സ്ത്രീ പ്രാതിനിധ്യം പാർട്ടികളിൽ ഉണ്ടാവണം എന്ന തീരുമാനം സംഘടനകൾക്കൊന്നും ഇല്ല. രാഷ്ട്രീയ പാർട്ടികളിൽ സ്ത്രീ പ്രാതിനിധ്യം കുറഞ്ഞതിനുത്തരവാദി സ്ത്രീയല്ല. അതു സംഭവിക്കുന്നത് ബോധപൂർവ്വമാണ്. കേരളത്തിലെ സ്ത്രീകളുടെ പ്രശ്നം ശരിയായി വിലയിരുത്തിയാലറിയാം അവർ അനുഭവിക്കുന്ന സങ്കടങ്ങൾ എത്ര വലുതാണെന്ന്.

സ്ത്രീധന സമ്പ്രദായത്തിനെതിരെ ശക്തമായി മുന്നോട്ടു പോകേണ്ടതുണ്ട്. മറ്റൊന്ന് മദ്യത്തിന്റെ സ്വാധീനമാണ്. സ്ത്രീകൾ മദ്യപിക്കുന്നതുകൊണ്ടല്ല അവരുടെ ജീവിതം ദുസ്സഹമാകുന്നത്. ഗാർഹിക പീഡനത്തിൽ പ്രധാന പ്രശ്നം പുരുഷന്റെ മദ്യപാനാസക്തിയാണ്. ഈ രണ്ടു പ്രശ്നങ്ങളും വളരെ ഗൗരവത്തിൽ സ്ത്രീ സമൂഹം ചർച്ചയ്ക്കെടുക്കേണ്ടതുണ്ട്. മതജാതി വ്യത്യാസമില്ലാതെ സ്ത്രീകളുടെ കൂട്ടായ്മ ഇതിനെതിരെ ഉയർന്നു വരണം.


*(ആക്ടിവിസ്റ്റ്)*

മറ്റു ഗ്രൂപ്പുകളിൽ പെൺകുട്ടികൾ അരിച്ചരിച്ച് എത്തിത്തുടങ്ങിയിരുന്നെങ്കിലും കൊമേഴ്സിനോട് അവർക്കു ഭയമായിരുന്നിരിക്കണം. ഇവിടത്തെ വിദ്യാർത്ഥിയും ദീർഘകാലം കോളേജിനെ നെഞ്ചിലടക്കിപ്പിടിച്ച അധ്യാപകന്റെ തുറന്നെഴുത്ത്.

**യാസീൻ അശ്റഫ്** | **സ്ത്രീത**

അനുഭവവട്ടം

# അകംവരാന്തയിൽനിന്ന് പുറത്തേക്ക്



ഹാഫിസ്

ഫാറൂഖ് കോളേജ് തുടങ്ങി, 11 വർഷം കഴിഞ്ഞ്, 1959ലാണ് പെൺകുട്ടികൾക്ക് പ്രവേശനം നൽകുന്നത്. പെൺകുട്ടികൾ വിദ്യാഭ്യാസം നടത്തുന്നതിനോടുള്ള എതിർപ്പ് അപ്പോഴും ഇല്ലാതായിരുന്നില്ല. ഏഴു വർഷംകൂടി കഴിഞ്ഞ് 1966-ൽ ഞാൻ(എന്റെ ജ്യേഷ്ഠനോടൊപ്പം) പ്രീ ഡിഗ്രിക്കു ചേരുമ്പോഴും പെൺകുട്ടികൾ നന്നെ കുറവായിരുന്നു. സാഹിറ ഹോസ്റ്റൽ അന്നു നിർമ്മാണത്തിലായിരുന്നെന്നു തോന്നുന്നു. ഞാൻ കൊമേഴ്സ് ഗ്രൂപ്പിലാണു ചേർന്നത്. പി 6 ക്ളാസിൽ. മറ്റു ഗ്രൂപ്പുകളിൽ പെൺകുട്ടികൾ അരിച്ചരിച്ച് എത്തിത്തുടങ്ങിയിരുന്നെങ്കിലും കൊമേഴ്സിനോട് അവർക്കു ഭയമായിരുന്നിരിക്കണം. അല്ലെങ്കിൽ കൊമേഴ്സ് വിഷയങ്ങൾ സ്ത്രീകൾക്കുള്ളതല്ലെന്നായിരുന്നിരിക്കാം അന്നത്തെ ധാരണ. ഏതായാലും ഒരൊറ്റ പെൺകുട്ടിയും ഇല്ലാത്ത ക്ളാസായിരുന്നു അന്നത്തെ പി 6 - എസ് 6.



പ്രീ ഡിഗ്രി കഴിഞ്ഞ് ബി.കോമിനു ചേർന്നപ്പോൾ അവിടെയുമില്ല പെൺതരി. ആ സമയത്ത്, 1968-ൽ ഇംഗ്ലീഷ് ബി.എ. തുടങ്ങിയപ്പോൾ അങ്ങോട്ടു മാറി. അവിടെ രണ്ടു പെൺകുട്ടികൾ. ഒന്ന് രാമനാട്ടുകരയിലെ പ്രസിദ്ധ ഗാന്ധിയനും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന രാധാകൃഷ്ണ മേനോന്റെ മകൾ ശൈലജാ മണി. മറ്റേത് പ്രേമ





**സുഗതകുമാരി**

**എഴുത്തിലെ അതേ സർഗാത്മകതയെ സാമൂഹിക സേവനത്തിലും ഫലപ്രദമായി വിനിയോഗിച്ച അപൂർവ്വ എഴുത്തുകാരി**

**ഡോ. ഖദീജ മുംതാസ്**

> **അവളൊരു തടവുകാരിയാണ്. അവൾ തലമുടി ചീകിക്കൂടാ. പൂ ചൂടിക്കൂടാ, ചിരിച്ചു കൂടാ. ബ്ളൗസും സാരിയും അണിഞ്ഞുകൂടാ. ഉച്ചത്തിൽ സംസാരിച്ചുകൂടാ. നിലാവുള്ള രാത്രിയിൽ മുറ്റത്ത് പ്രായമായ പെൺകുട്ടി നിന്നാൽ ആകാശത്തുകൂടി പറന്നു പോകുന്ന ഇഫ്രീത്തും ജിന്നും ശൈത്താനും കണ്ടു മോഹിച്ച് ദേഹത്തുകൂടും എന്നവർ ഭയപ്പെടുത്തി.**
>
> **വൈക്കം മുഹമ്മദ് ബഷീർ**
> **(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്)**

കുമാരി. (പഠനം കഴിഞ്ഞ് കാലിക്കറ്റ് സർവ്വകലാശാലയിൽ അസിസ്റ്റന്റ് ആയ് പ്രവർത്തിക്കെ പ്രേമകുമാരി ജീവനൊടുക്കുകയായിരുന്നു). ശൈലജാ മണി മിടുക്കി. പരീക്ഷകളിൽ ഞാനും മണിയും മാറിമാറി മുന്നിലെത്തിക്കൊണ്ടിരുന്നു എന്നാണോർമ്മ. അസൂയ ഒട്ടുമില്ലാത്ത നിശബ്ദ മൽസരമായിരുന്നതിനാൽ ഫൈനൽ സ്കോർ ഷീറ്റ് ഓർമ്മയിലില്ല. ഞങ്ങൾ ഇംഗ്ളീഷിൽ ലേഖനങ്ങൾ എഴുതുമ്പോൾ മലയാളത്തിൽ കഥയും കവിതയും ലേഖനവുമെഴുതി പേരെടുക്കുകയായിരുന്നു മറ്റൊരു ക്ളാസ്മേറ്റ് ആയ എ.പി. കുഞ്ഞാമു. കൃഷ്ണകുമാർ, മോഹൻദാസ്, എ.പി. ഉമ്മർകുട്ടി, അബ്ദുല്ലക്കുട്ടി, ലത്തീഫ്, റഹ്മത്തുല്ല, അഹമ്മദ്കുട്ടി, പ്രമോദ്, ഹൈദരലി തുടങ്ങിയ അനേകം പേർ വേറെ. പക്ഷെ, പെണ്ണായി രണ്ടു പേർ മാത്രം.

പിന്നീട് എം.എ. ഇംഗ്ളീഷിനു ചേർന്നപ്പോൾ പകുതിയോളം പെൺകുട്ടികളായിരുന്നു ക്ളാസിൽ. ശൈലജാ മണി തൃശൂരിലേക്കു പോയെങ്കിലും വേറെ രണ്ടു ശൈലജമാർ ഇക്കുറി ക്ളാസിലുണ്ട്. പിന്ന ശാന്ത, സുഹിത തുടങ്ങിയവരും. ബി.എ. തലത്തിലെ അന്തപ്പുര ശാന്തത എം.എ. ക്ളാസിൽ ഒട്ടുമില്ലായിരുന്നു. ഒരിത്തിരി തന്റേടം ഉണ്ടെന്നു കൂട്ടിക്കോളൂ. എല്ലാവർക്കും സമാദരണീയനായിരുന്ന ബാബു പോൾ സാറിനെ വരെ അവളുമാർ റാഗ് ചെയ്തു കളഞ്ഞു.

സംഭവം നിസ്സാരം. ബാബു പോൾ സാർ സിഗററ്റു പുകച്ച് ക്ളാസിലേക്കു തിടുക്കപ്പെട്ടു വരുന്നു. അവസാന പഫ് ക്ളാസിനു തൊട്ടു മുന്നിൽ. കുറ്റിസ് റ്റൈലിൽ പുറത്തേക്കു തട്ടി, നടത്തത്തിന്റെ പ്രത്യേക താളം തീരെ മാറ്റാതെ ക്ളാസിലേക്ക്. ഒരു മണിക്കൂർ ശരിക്കുമൊരു അനുഭൂതിയാകുന്ന വാഗ്ധോരണി. അത്യാവശ്യം ഭാവാഭിനയം. ഇടയ്ക്കിത്തിരി തമാശ. കുഴപ്പമുള്ളത് ആൺകുട്ടികൾക്കു മനസ്സിലാകില്ല. കാരണം, കുഴപ്പം ഇതാണ്- സാർ ആൺകുട്ടികൾ ഇരിക്കുന്ന വശത്തുമാത്രം നോക്കിയാണ് ക്ളാസെടുക്കുക. ഇതു സഹിക്കാനാവാതെയാകാം ഒരു പെൺകുട്ടി ക്ളാസിൽവെച്ചുതന്നെ കാര്യം പറഞ്ഞു. സാർ.. ഞങ്ങളെക്കൂടി ശ്രദ്ധിക്കണം. പെൺകുട്ടികൾ ഒരുമിച്ചങ്ങു പിന്താങ്ങി.

മുഴക്കമുള്ള ആ ചിരി തന്നെ മറുപടി. സാർ പറഞ്ഞു. ഐ ആം നോട്ട് എ മിസോജിനിസ്റ്റ്. ഡോണ്ട് വറി. ഐ ഷാൽ ടേക്ക് കെയർ. പിന്നീട് അങ്ങനെയൊരു പോരായ്മ ബാബു പോൾ സാറിൽ നിന്നുണ്ടായിട്ടില്ല.

ആ പെൺപടയിൽ ചിലർ അധ്യാപകർക്കിടയിലും ചില ഇളക്കങ്ങൾ ഉണ്ടാക്കി. ക്രോണിക് ബാച്ച്ലർ ആയിരുന്ന പി.വി.ആറിന് (പി.വി. രാജഗോപാൽ അധ്യാപകരിലെ മറ്റൊരു ലെജൻഡ് ആയിരുന്നു) തോന്നുന്നു, തനിക്കവകാശപ്പെട്ട പ്രണയം കിട്ടുന്നില്ലെന്ന്. ഒടുവിൽ എം.എ. ക്ളാസിന്റെ ഫെയർവെൽ മീറ്റിങ് എത്തി. ഡിപാർട്മെന്റിലെ എല്ലാ അധ്യാപകരും- ഏക അധ്യാപിക ഐ.വി. ആൻഡ്രൂസും- വന്നു. പി.വി.ആറിനെ മാത്രം കാണാനില്ല. ഡിപ്പാർട്മെന്റ് മുറിയിൽ പിണങ്ങി ഇരിക്കുന്ന അദ്ദേഹത്തെ അനുനയിപ്പിച്ച് പരിപാടിയിലേക്കു കൊണ്ടുവരുന്ന ഡ്യൂട്ടി എനിക്കായി. അദ്ദേഹം വന്നു എന്നു മാത്രം. മുഖം വീർപ്പിച്ച്, ഒന്നും മിണ്ടാതെ ഒറ്റയിരിപ്പായിരുന്നു. 1973-ലെ കോളേജ് മാഗസിനിൽ എം.എ. ഇംഗ്ളീഷ് ക്ളാസിന്റെ ഫോട്ടോ എടുത്തു നോക്കുക. ക്യാമറയിൽനിന്ന് തല വെട്ടിച്ച് പരിഭവിച്ചിരിക്കുന്ന പി.വി.ആറിനെ കാണാം.





**കെ.ആർ. ഗൗരിയമ്മ**

**കേരളത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ മേഖലകളിൽ ദൂരവ്യാപകമായ മാറ്റങ്ങളുണ്ടാക്കിയ പല നിയമങ്ങളുടെയും ബുദ്ധികേന്ദ്രം**



ഡോ. കെ.വി. തോമസ്

ബി.എ. മൂന്നാം വർഷവും എം. എ. ഒന്നാം വർഷവും ഞങ്ങളുടെ സീനിയറായി എം.എയ്ക്കു പഠിച്ചിരുന്ന ജയശ്രീയും സ്നേഹപ്രഭയും ന ന്നായി എഴുതുമായിരുന്നു. ഇംഗ്ളീഷ് അസോസിയേഷൻ പരിപാടികളെ അവരെല്ലാം സജീവമാക്കി. സ്റ്റേജിനെ എന്നും ഭയമാണെനിക്ക്, അതുകൊണ്ട്, വേദികളിൽ നിർഭയം വിലസിയവരോട് അസൂയയായിരുന്നു. ഇപ്പോഴും അതെ.

പെൺകുട്ടികൾക്കു പ്രവേശനം നൽകാൻ പ്രിൻസിപ്പൽ പ്രഫ. കെ.എ. ജലീലും മാനേജ്മെന്റും എടുത്ത തീരുമാനം അന്നത്തെ നിലയ്ക്കു ധീരമായിരുന്നു. എതിർപ്പുകൾ പരിഗണിച്ചുകൂടിയാവാം, പെൺകുട്ടികളും ആൺകുട്ടികളുമായുള്ള ഇടപെടലിന് കർശന നിയന്ത്രണം ഉണ്ടായിരുന്നു. കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ രൂപകൽപ്പന പോലും ഇതു സൂചിപ്പിക്കുന്നു. ഏഴു ബ്ളോക്കുകൾ കോണോടു കോൺ ചേർന്ന് തൊട്ടുതൊട്ടായി വെച്ചിരിക്കുന്നു. ഈ കെട്ടിടത്തിനു പുറംവരാന്തയിലൂടെ മാത്രം നടന്ന് ഏതു ക്ളാസിലുമെത്താം. ഉൾവരാന്തയിലൂടെയും ഇതു സാധിക്കും. നിങ്ങൾ ഊഹിച്ചതുപോലെ പുറംവരാന്ത ആൺകുട്ടികൾക്കുള്ളതാണ്. ഉൾവരാന്ത പെൺകുട്ടികൾക്കും. ഗോൾസ് റൂം ഉൾഭാഗത്താണ്. ഇന്ന് ആ അകംവരാന്ത ഏറെയും ഉപയോഗിക്കപ്പെടാതെ കിടക്കുന്നു. ചിലേടത്ത് അടച്ചുകെട്ടി മുറികളാക്കിയിരിക്കുന്നു. മാറ്റത്തിന്റെ ലക്ഷണം തന്നെ. ആദ്യം അകംവരാന്തയിലേക്ക്. പിന്നെ, പുറംവരാന്തയിലേക്ക്- ഇതാണ് ഇവിടെ നടന്ന പെൺ മുന്നേറ്റം.

പരിമിതമായ സാധ്യതകളും പ്രിൻസിപ്പലിന്റെ സർവസാന്നിധ്യവും അസ്വസ്ഥരാക്കിയവർ ഏറെയുണ്ടായിരുന്നു. വേലിയുടെ ഏറ്റവും വലിയ ഉപയോഗം അതു ചാടിക്കടക്കലാണെന്നു കരുതിയവർ. എങ്കിൽപ്പോലും കോളേജിനു പേരുദോഷമുണ്ടാക്കിയവർ ഇല്ല.

പെൺവിഭാഗത്തിന്റെ അധിനിവേശം നോക്കിയാൽ കോളേജിന്റെ 45-ാം വയസ്സ് നിർണായകമായിരുന്നെന്നു കാണാം. ഒന്നും രണ്ടും അഞ്ചും പത്തുമായി വർധിച്ചുവന്ന പെൺസംഖ്യ ഇന്ന് 70-75 ശതമാനത്തോളം എത്തിയിരിക്കുന്നു. ഈ ചരിത്രം കുറിക്കുമ്പോഴാണ് (ഓർമ്മ ശരിയെങ്കിൽ) 1993-94 വർഷം പ്രധാനമാകുന്നത്.

**ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം തുല്യം. (1237 വീതമായിരുന്നുവെന്നാണ് അവ്യക്തമായ ഓർമ്മ). ഓഫിസിലെ കണക്കു തെറ്റിയതാകാം എന്നു കരുതി ഒന്നുകൂടി പരിശോധിച്ചു. സമാസമം. അതൊരു വഴിത്തിരിവായിരുന്നു.**

ഫോർഡ് ഫൗണ്ടേഷന്റെ ക്യാംപസ് ഡൈവേഴ്സിറ്റി ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്കായി അപേക്ഷ തയ്യാറാക്കുകയായിരുന്നു ഡോ. മുബാറക് പാഷയും ഞാനും. അത്യാവശ്യ വിവരങ്ങൾ പൂരിപ്പിച്ചപ്പോൾ ഒരതിശയം- ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം തുല്യം. (1237 വീതമായിരുന്നുവെന്നാണ് അവ്യക്തമായ ഓർമ്മ). ഓഫിസിലെ കണക്കു തെറ്റിയതാകാം എന്നു കരുതി ഒന്നുകൂടി പരിശോധിച്ചു. സമാസമം തന്നെ. അതൊരു വഴിത്തിരിവായിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ വനിതാ സാന്നിധ്യം വർധിച്ചുകൊണ്ടേയിരുന്നു. ഒന്നിന്റെ സ്ഥാനത്തു നാലായി ഗേൾസ് ഹോസ്റ്റലുകൾ. ആൺകുട്ടികളുടെത് പരിവർത്തിപ്പിച്ചതടക്കം.

പിന്നെയും പതിനേഴു വർഷം വേണ്ടിവന്നു ഒരു പെൺ എഡിറ്റർ ഉണ്ടാകാൻ. വനിതാ ചെയർപേഴ്സൺ ഉണ്ടാകാൻ ഇനിയെത്ര വർഷം?

ആൺ-പെൺ ബന്ധത്തെക്കുറിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉണ്ടായിരുന്ന സങ്കൽപ്പം(ഇപ്പോഴുള്ളതുപോലെത്തന്നെ) ബാഹ്യസമൂഹത്തിന്റെ സൃഷ്ടിയാണ്. കൊമേഴ്സ് പോലുള്ള വിഷയങ്ങൾ പെൺകുട്ടികൾക്കു പറ്റില്ലെന്ന ചിന്തയിൽനിന്ന് സമൂഹവും ക്യാംപസും ഏറെ മുന്നോട്ടു പോയിരിക്കുന്നു. ഒപ്പം, പെൺകുട്ടികളുടെ സമീപനത്തിൽ മുമ്പുണ്ടായിരുന്നതിനെക്കാൾ പക്വതയും ആത്മവിശ്വാസവും ഇന്നുള്ളതായി തോന്നുന്നു. നിയന്ത്രിക്കപ്പെ








**കെ.ആർ. ഗൗരിയമ്മ**

**കേരളചരിത്രത്തിലെ പ്രധാന സംഭവമായ ഭൂപരിഷ്കരണ നിയമത്തിനു പിന്നിൽ പ്രവർത്തിച്ച മുഖ്യവ്യക്തി**

**ഡോ. കെ.എസ്. രവികുമാർ**



ഫെബ്ന

ടേണ്ടവൾ എന്ന സ്ഥാനത്തുനിന്ന്, സ്വയം നിയന്ത്രിക്കാൻ അറിയാവുന്നവൾ എന്നിടത്തേക്കുള്ള മാറ്റം ചെറുതല്ല.

അതേസമയം, ആൺ-പെൺ ബന്ധങ്ങളിൽ, മറ്റു പലതിലുമെന്ന പോലെ ആഗോളീകൃതവും ഏക സംസ്കാരാധിഷ്ഠിതവുമായ ഒരു ശൈലി രൂപപ്പെട്ടു വരുന്നുണ്ട്. ബഹുസ്വരതയെ അംഗീകരിക്കാത്ത ശൈലി. കുടുംബമെന്ന വ്യവസ്ഥിതിയെയും അച്ഛനമ്മ-മക്കൾ ബന്ധങ്ങളെയും നശിപ്പിക്കാൻവരെ കെൽപ്പുള്ള ഈ അധമസംസ്കൃതിയെ ചെറുക്കാനുള്ള തന്റേടവും ക്യാംപസിനുണ്ടാകുമെന്നു പ്രതീക്ഷിക്കട്ടെ.



ഇതിനിടയിലും, പെൺകുട്ടികൾക്ക് പൊതു ഇടങ്ങൾ നിഷിദ്ധമാണെന്ന പ്രതിലോമ സമീപനം സ്ഥാപനവൽകൃതരൂപത്തിൽ നിലനിൽക്കുന്നു എന്നത് നിർഭാഗ്യകരമാണ്. മാറിവരുന്ന ലോകത്തിൽനിന്ന് സംരക്ഷിക്കപ്പെടേണ്ടവളല്ല സ്ത്രീ. ആ ലോകത്തെയും അതിന്റെ മാറ്റങ്ങളെയും രൂപപ്പെടുത്താൻ കഴിവു വളർത്തിയെടുക്കേണ്ടവളാണവൾ. തന്റേടവും ആത്മാർത്ഥതയും സർഗസിദ്ധിയും ഒരുമിക്കുന്ന സ്ത്രീത്വത്തിന് അവസരം നൽകുക എന്നതാണ് പുതിയ ക്യാംപസിനു മുന്നിലുള്ള വെല്ലുവിളി.

പുറംലോകം പറഞ്ഞുതന്ന സ്ത്രീ, പുരുഷനെപ്പോലെത്തന്നെ വൈജാത്യങ്ങൾ നിറഞ്ഞവളാണ്. ബർണാഡ് ഷാ പറഞ്ഞു- ഓൾ വിമൺ ആർ വൺ വുമൺ. ബട്ട്, ഈച്ച് മാൻ ഈസ് ഡിഫറന്റ് ഇൻ ഹിസ് ഓൺ വെ. സ്ത്രീകളെല്ലാം ഒരുപോലെ, പുരുഷന്മാർക്കാണ് വ്യക്തിവൈജാത്യങ്ങളുള്ളത് എന്ന്.

ഇതു ശരിയല്ലെന്നും സ്ത്രീകളിലും വ്യക്തി സവിശേഷതകൾ ഉണ്ടെന്നും സാമാന്യവൽക്കരണം ശരിയാവില്ലെന്നുമാണ് പുതിയ ലോകത്ത് ശക്തമായ സാന്നിധ്യമറിയിച്ച് സ്ത്രീ പറയുന്നത്. അതേസമയം, അവളെ പ്രത്യേക മൂശകളിൽ വാർത്തുവെക്കാനുള്ള ശ്രമങ്ങൾ പണ്ടെന്നപോലെ ഇന്നും നടക്കുന്നു. മുമ്പ് അച്ചടക്കത്തിന്റെയും ഒതുക്കത്തിന്റെയും ന്യായം പറഞ്ഞാണ് അവളുടെ പെരുമാറ്റരീതികളെ നിയന്ത്രിച്ചിരുന്നതെങ്കിൽ, ഇന്ന് സ്വാതന്ത്ര്യമെന്ന ലേബൽ ഒട്ടിച്ചാണ് അതേകാര്യം നടത്തുന്നത്.

വസ്ത്രധാരണത്തിൽ, സൗന്ദര്യത്തിന്റേതായ മാനങ്ങളിൽ, പരസ്യങ്ങളിലെ ആവിഷ്കാരങ്ങളിൽ- ഇതിലെല്ലാം പ്രത്യേകമായ സംസ്കാരത്തിന്റെ(ഏറെയും കുടുംബത്തകർച്ചയ്ക്കു കാരണമായ പടിഞ്ഞാറൻ അപസ്വാതന്ത്ര്യത്തിന്റെ) ഉപകരണമാകേണ്ടിവരുന്നു പെണ്ണ്. ഒരുകാലത്ത് വസ്ത്രധാരണരീതി അടിച്ചേൽപ്പിക്കുകയായിരുന്നു. ഇന്ന്, ഇന്നയിന്ന വസ്ത്രങ്ങൾ പാടില്ലെന്ന് ശഠിക്കുകയാണ്.

സ്വയം തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യമാണ് യഥാർത്ഥ സ്വാതന്ത്ര്യമെങ്കിൽ അതു പഴയ ലോകം പോലെ പുതിയ ലോകവും സ്ത്രീക്കു നിഷേധിക്കുന്നുണ്ട്.

എന്നാൽ, പൊതു ഇടങ്ങളിൽ കൂടുതൽ സാന്നിധ്യവും സ്വാധീനവും



**കെ.ആർ. ഗൗരിയമ്മ**

**പുരുഷാധിഷ്ഠിതമായ രാഷ്ട്രീയ ചട്ടക്കൂടുള്ള പാർട്ടിയിൽനിന്നു കൊണ്ട് സമൂഹനന്മയ്ക്കായി നിരന്തരം പ്രവർത്തിച്ചു**

**ഡോ. മിനി പ്രസാദ്**



സ്ത്രീക്ക് ഇന്നുണ്ട്. ഇതു ക്രിയാത്മകമായും ആത്മസാക്ഷാത്കാരത്തിനും ഉപയോഗിക്കാനാവുമോ എന്നതാണു ചോദ്യം.

അധ്യാപകനെന്ന നിലയിൽ ആൺകുട്ടികളോടും പെൺകുട്ടികളോടും തുറന്ന് ഇടപഴകാനായിട്ടുണ്ട് എന്നാണ് എന്റെ ധാരണ.

എങ്കിലും പൊതുവെ പറഞ്ഞാൽ കൂടുതൽ സ്വതന്ത്രമായി ഇടപഴകാൻ കഴിഞ്ഞത് പെൺകുട്ടികളോടാണ് എന്നും തോന്നിയിട്ടുണ്ട്. പിന്നീട് കുടുംബത്തിന്റെ ഭാഗമെന്ന നിലയ്ക്കു തന്നെ ബന്ധം തുടരാൻ കഴിഞ്ഞതും ഏറെയും പെൺകുട്ടികളുടെ കാര്യത്തിലാണ്. അവർ ഇന്ന് എന്റെ കുടുംബത്തിന്റെയും ഭാഗമാണ്.

കൂടുതൽ വായനയും കൂടുതൽ ക്രിയാത്മക ഇടപെടലുകളുമായി സ്വന്തം വ്യക്തിത്വത്തിന് മൂർച്ച നൽകാൻ നാളത്തെ പെൺകുട്ടികൾക്ക് കഴിയുമെന്നാണു പ്രതീക്ഷ. വരുംകാലത്തെ ക്യാംപസ്, വർധിത സാധ്യതകളുടേതാണ്. അടങ്ങിയൊതുങ്ങി, ആരോ പറഞ്ഞു വെച്ച വിവരങ്ങളുടെ ഉപഭോക്താക്കൾ മാത്രമായി വർത്തിക്കുന്ന അവസ്ഥയി ൽനിന്ന്, അറിവിന്റെ ഉൽപ്പാദകരായി ക്യാംപസ് മാറണം. ഇതിൽ പെൺകുട്ടികൾക്കു വലിയ പങ്ക് ഉണ്ടാകും.

പക്ഷെ, അവരെ പഠിക്കാൻ അനുവദിക്കുക എന്നതാണ് രക്ഷിതാക്കൾ ചെയ്യേണ്ടത്. വിവാഹവും കുടുംബജീവിതവും അവരുടെ പഠനസ്വപ്നങ്ങൾക്ക് തടസ്സമാകരുത്.

പെൺകുട്ടികൾ എത്തുമ്പോൾ തന്നെ അവരുടെ മുമ്പിലെ അനന്തസാധ്യതകളെപ്പറ്റി പറഞ്ഞുകൊടുക്കാനും അവരെ പ്രചോദിപ്പിക്കാനും ക്യാംപസിന്- അധ്യാപകർക്കും മുതിർന്ന വിദ്യാർത്ഥികൾക്കും- കഴിയണം. മികവിനെപ്പറ്റിയുള്ള സ്വപ്നങ്ങൾ സഫലമാകണം. സ്വപ്നങ്ങൾ ഇല്ലാത്തവരിൽ അതുണ്ടാക്കണം.

മലയാളി സ്ത്രീകൾക്ക് ഇതര സ്ത്രീകളിൽനിന്ന് വ്യത്യസ്തമായ പ്രശ്നങ്ങൾ ഉണ്ടെന്നു തോന്നുന്നില്ല. ന്യൂനപക്ഷങ്ങൾ, ദലിതുകൾ തുടങ്ങിയ വിഭാഗങ്ങളെപ്പോലെ സ്ത്രീകളും നേരിടുന്ന വലിയ പ്രശ്നം ആരൊക്കെയോ ഉണ്ടാക്കിവെച്ച വാർപ്പുമാതൃകകളുടെ ഇരകളാണവർ എന്നതാണ്. പുരുഷ സമൂഹം, പാശ്ചാത്യ സംസ്കാരം, സ്ത്രീകളിലെതന്നെ സാംസ്കാരിക നായികമാരായി അറിയപ്പെടുന്നവർ തുടങ്ങിയവർ ഉണ്ടാക്കിവെച്ച വാർപ്പുകൾക്കൊത്ത് സ്വയം പാകപ്പെടുത്തുന്ന പ്രൊക്രൂസ്റ്റിയൻ കിടക്കയായി സ്ത്രീത്വം ഒരിക്കലും മാറിക്കൂടാ.

കണ്ണും കാതും തുറന്നുവെക്കാനും വിവരവും അറിവും തിരിച്ചറിവും നേടാനും സ്വന്തം ബോധ്യങ്ങൾക്കൊത്ത് തന്റേടത്തോടെ ജീവിക്കാനും കഴിയുക എന്നതാണ് പ്രധാനം- സ്ത്രീകളായാലും പുരുഷന്മാരായാലും, മലയാളിയായാലും അല്ലെങ്കിലും. ഫാറൂഖ് കോളേജിനെപ്പറ്റി ഒരു കാര്യം കൂടി. ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസ മുന്നേറ്റത്തിന് നേതൃത്വം നൽകി എന്നത് ഈ കോളേജിന്റെ സ്ഥാപകർ ചെയ്ത വലിയൊരു സദ്കൃത്യമാണ്. അത്രതന്നെ വിപ്ളവകരമായിരുന്നു പെൺകുട്ടികളെ പ്രവേശിപ്പിക്കാനുള്ള തീരുമാനം. ഇതു സമൂഹത്തിൽ സൃഷ്ടിച്ച വമ്പിച്ച മാറ്റം എടുത്തു പറയേണ്ടതില്ലാത്തത്ര പ്രകടമാണ്.

*യാസീൻ അഷ്റഫ് അധ്യാപകൻ, മാധ്യമപ്രവർത്തകൻ*

**അക്കാലത്ത് നായർ സ്ത്രീകളൊഴികെ മറ്റാരും കുപ്പായമിട്ടിരുന്നില്ല. ഒരു മാറ്റം വരുത്താൻ തന്നെ തീരുമാനിച്ചു. തങ്ങളുടെ അധീനത്തിലുള്ള പെണ്ണുങ്ങളെ ഓരോരുത്തരായി കുപ്പായമിടിക്കാൻ തുടങ്ങി. വാരക്കണക്കിനു ചീട്ടിത്തുണി വാങ്ങി തുന്നൽക്കാരനെ വീട്ടിലിരുത്തി ഒരുപാട് കുപ്പായങ്ങൾ അടിപ്പിച്ചു. ആദ്യത്തെ കുപ്പായം ഓരോ പെണ്ണിനും തങ്ങൾതന്നെ വീട്ടിൽ വിളിച്ചുവരുത്തി കൊടുത്തു.**

**പുനത്തിൽ കുഞ്ഞബ്ദുള്ള**
**(സ്മാരകശിലകൾ)**







**സുശീല ഗോപാലൻ**

**വ്യക്തിപരമായ താൽപ്പര്യങ്ങളും ആശകളും ത്യജിച്ച്, എ.കെ.ജിയുടെ നിഴലിൽ നിൽക്കുമ്പോഴും മഹിളാപ്രസ്ഥാനങ്ങളിലൂടെ വഴികാട്ടിയായി.**

കെ.ജെ. തോമസ്

കൽപന ശർമ

# അപവാദമല്ല മാധ്യമരംഗവും

പുരുഷ മേധാവിത്തം ഇന്ത്യയിലെ എല്ലാ മേഖലകളിലും പ്രകടമാണ്. മാധ്യമരംഗവും അപവാദമല്ല. ചെറുത്തുനിൽപ്പ് സാധ്യമാവണമെങ്കിൽ അതിന്റെ പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ ഭാവങ്ങളെയും തിരിച്ചറിയേണ്ടതുണ്ട്. സ്ത്രീകളെ എപ്പോഴും കേവലമായ പദവികളിൽ നിലനിർത്തുക, അവർക്ക് ഉദ്യോഗക്കയറ്റം നിഷേധിക്കുക, ഏറ്റെടുക്കേണ്ടി വരുന്ന ഇരട്ടച്ചുമതലയ്ക്ക് അർഹമായ ആനുകൂല്യം നൽകാതിരിക്കുക മുതലായവ.

പരോക്ഷമായ വഴികൾ പക്ഷേ, ജയിക്കാൻ ഏറെ വിഷമകരമാണ്. സ്ത്രീ-പുരുഷ സമത്വം സംബന്ധിച്ച ബോധം സ്ത്രീ ജീവനക്കാരുടെ മനസ്സിൽ വളർത്തിയെടുക്കുകയും അതേസമയം, അവർക്കർഹമായ ഉദ്യോഗക്കയറ്റങ്ങൾ നിഷേധിക്കുകയും ചെയ്യുക. ഇതിനൊരു കാരണമായി പറയുന്നത് പലപ്പോഴും കാര്യക്ഷമതയില്ലായ്മയാണ്. അല്ലെങ്കിൽ തൊട്ടടുത്ത പുരുഷനോളം കഴിവില്ലെന്ന്. പക്ഷേ, യഥാർത്ഥ കാരണം പുരുഷ മേധാവിത്തത്തിൽ അധിഷ്ഠിതമായ സമീപനം തന്നെയാണ്. മാധ്യമരംഗത്തെ ഉയർന്ന പദവിക്കു വേണ്ടി മൽസരിക്കുന്നതിനെക്കാൾ സ്ത്രീകൾക്കനുയോജ്യമായത് മറ്റേതെങ്കിലും മേഖലയാണ് എന്നു പറയാതെ തന്നെയാണ് ഇതുവഴി ചെയ്യുന്നത്.

ഇന്ന് എല്ലാ മേഖലകളിലും- രാഷ്ട്രീയം മുതൽ കായികരംഗം വരെ- സ്ത്രീ റിപ്പോർട്ടർമാരുണ്ട്. ഇതൊരു വലിയ മാറ്റം തന്നെയാണ്. ഈ രംഗത്തുള്ള ഇത്രയേറെ സ്ത്രീകളുടെ സാന്നിധ്യംതന്നെ തൊഴിൽപരമായി മുന്നേറാനുള്ള സാഹചര്യങ്ങൾ അവർക്ക് ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. 20 വർഷം മുമ്പ് ഇതൊക്കെ വളരെ വിഷമകരമായിരുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ സാമൂഹിക പ്രശ്നങ്ങളാണ്. അവയെക്കുറിച്ച് എഴുതുകയും ഉയർത്തി കാണിക്കുകയും ചെയ്യുകയെന്നതു സ്ത്രീകളുടെ മാത്രം ബാധ്യതയല്ല. നീതിയും സമത്വവുമുള്ള ഒരു സമൂഹമാണ് നമുക്കു വേണ്ടതെന്നു വിശ്വസിക്കുന്ന ഓരോ പത്രപ്രവർത്തകനും- സ്ത്രീയായാലും പുരുഷനായാലും അവരുടെ നലപാടാക്കി മാറ്റേണ്ടതാണ്.

*(മാധ്യമപ്രവർത്തക)*

അഡ്വ. ഷാനിമോൾ ഉസ്മാൻ

സംവരണവട്ടം

# അതിശയകരമായ മാറ്റങ്ങൾ ഉണ്ടാകും

പരിചയത്തിലൂടെയും ഭരണരംഗത്തെ ഇടപെടലിലൂടെയും സ്ത്രീകൾ കൂടുതൽ ആത്മവിശ്വാസം ഉള്ളവരായി തീർന്നിട്ടുണ്ട്. ഇന്ത്യയിലെ പത്തു ലക്ഷത്തിലധികം വനിതകൾ ഇന്നു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളാണ്. സ്ത്രീകൾക്കു ഭരിക്കാൻ അറിയില്ല, ജനകീയ പ്രശ്നങ്ങളിൽ ശരിയായ രീതിയിൽ ഇടപെടാൻ കഴിയില്ല തുടങ്ങിയ വിമർശനങ്ങൾക്ക് വനിതാ ജനപ്രതിനിധികളിൽ ഭൂരിപക്ഷവും പ്രവൃത്തി കൊണ്ട് മറുപടി നൽകിക്കഴിഞ്ഞു. തുടക്കത്തിൽ സ്വന്തമായി പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനത്തിലും ആസൂത്രണത്തിലും സ്ത്രീകൾ എങ്ങനെ പങ്കു വഹിക്കുമെന്ന് അദ്ഭുതത്തോടെ നോക്കിയിരുന്ന പൊതു സമൂഹവും ഇന്നു പാടെ മാറിയിരിക്കുന്നു.

സ്ത്രീകൾ ഭരിക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങളിൽ അവർ ഏറെ ശ്രദ്ധിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഒരു പരിധി വരെ അഴിമതിയില്ലാത്ത ഭരണം കാഴ്ച വെക്കാനും സ്ത്രീകൾക്കു കഴിഞ്ഞു. 50 ശതമാനം സംവരണം രാഷ്ട്രീയ കക്ഷികൾക്ക് കൂടുതൽ ഉത്തരവാദിത്തം നൽകുന്നു. വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ സംഘടലാ തലത്തിൽ കൂടുതൽ വനിതകളെ ഉൾപ്പെടുത്തണം. 15 എ.ഐ.സി.സി. വനിതാ അംഗങ്ങളുള്ള കോൺഗ്രസ് തന്നെയാണ് സംഘടനാ തലത്തിൽ വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ മാതൃക.


മറ്റാരുടെയോ ആശ്രയം കൊണ്ടാണ് വനിതകൾ ഭരണം നടത്തുന്നതെന്ന ആക്ഷേപം ഇന്നും ജനങ്ങൾക്കിടയിലുണ്ട്. വനിതകൾ ആനുകാലികവിഷയങ്ങൾ അപഗ്രഥിക്കുന്നതിൽ ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. നല്ല വായനയും പഠിക്കാനും നിരീക്ഷിക്കാനുമുള്ള കഴിവും ഉള്ളവർക്ക് ഭരണരംഗത്ത് മികച്ച സംഭാവനകൾ നൽകാൻ കഴിയും. ദൗർഭാഗ്യകരമെന്നു പറയട്ടെ, പല വനിതാ നേതാക്കളും വേണ്ടത്ര ഹോം വർക്ക് ചെയ്യാതെയാണ് പൊതുജനമധ്യത്തിലേക്കു വരുന്നത്. ആത്മവിശ്വാസവും ജനകീയ പ്രശ്നങ്ങളിൽ ഊന്നിയുള്ള അറിവുംകൂടി ഉണ്ടാകുമ്പോൾ 50 ശതമാനം സംവരണത്തിലൂടെ വൻമാറ്റം ഉണ്ടാക്കും. ○

*(രാഷ്ട്രീയ പ്രവർത്തക)*

**മുമ്പ് വനിതകൾക്കായിരുന്നു വിലക്കെങ്കിൽ ഇന്ന് വിമോചനം നേടേണ്ടത് സ്ത്രീ മനസ്സാണ്. ക്യാംപസിലെ പെൺസമൂഹം വെറും പഠനത്തിൽമാത്രം ഒതുങ്ങിപ്പോകുന്നുവെന്ന് 100 ശതമാനം ആൺകുട്ടികളും ചൂണ്ടിക്കാട്ടുന്നു. ക്യാംപസിലെ പുരുഷമനസ്സിലെ പെൺസങ്കൽപ്പങ്ങൾ.**

കെ. സനൂബിയ, വി.ആർ. നജീബ്






അകവട്ടം

# അവരവരിൽ ഒതുക്കപ്പെടുന്നവർ ക്യാംപസിലെ പെൺകുട്ടികൾ



**അ**ഴുകിയ ആചാരവ്യവസ്ഥകളിൽനിന്നും ജീർണിച്ച അന്ധവിശ്വാസങ്ങളിൽനിന്നും സ്ത്രീ സമൂഹം മോചിതരായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അവരുടെ ഹൃദയങ്ങളിൽ അവരാൽതന്നെ ബന്ധിക്കപ്പെട്ട ചങ്ങലകളിൽനിന്ന് അവർ മോചിതരാവേണ്ടിയിരിക്കുന്നു. - ഫാറൂഖാബാദിലെ പെൺസങ്കൽപ്പങ്ങൾ തേടിയുള്ള അന്വേഷണത്തിൽ ലഭിച്ച പരാമർശമാണിത്. അച്ചടക്കമുള്ളവർ, കർമ്മബോധത്തിന്റെ അതിർവരമ്പുകൾ ലംഘിക്കാത്തവർ. ഇതൊക്കയാണ് ഫാറൂഖ് കോളേജിലെ ഭൂരിപക്ഷം വരുന്ന പെൺസമൂഹത്തെക്കുറിച്ച് പുറമെയുള്ള നിരീക്ഷണം. എന്നാൽ ഫാറൂഖിലെ പുരുഷമനസ്സുകളിലെ പെൺസങ്കൽപ്പങ്ങൾ അറിയുമ്പോൾ തീർത്തും വ്യത്യസ്തവും അമ്പരപ്പുളവാക്കുന്നതുമായ പ്രതികരണമാണ് ലഭിക്കുക. ഫാറൂഖിന്റെ സ്ത്രീസമൂഹത്തെക്കുറിച്ച് ഇവിടത്തെ പുരുഷമനസ്സിന് നല്ലതല്ല കാണാൻ കഴിയുന്നത്. പലപ്പോഴും തീർത്തും നെഗറ്റീവ് ആയ പരാമർശങ്ങൾ. ഫാറൂഖ് കോളേജിലെ 70 ശതമാനത്തോളം വരുന്ന പെൺകുട്ടികൾ ആധുനിക കേരളീയ സമൂഹത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയുടെ നേർക്കാഴ്ചയാണ്. ഈ മഹാഭൂരിപക്ഷം യഥാർത്ഥത്തിൽ മറ്റൊന്നുകൂടി ചൂണ്ടിക്കാട്ടുന്നു.








**മാതാ അമൃതാനന്ദമയി**

**ഔപചാരിക വിദ്യാഭ്യാസമില്ലാതിരുന്നിട്ടും സ്വന്തം പ്രവർത്തന മണ്ഡലത്തിലൂടെ ലോകത്ത് ഇത്രയധികം ആകർഷിക്കപ്പെട്ട വ്യക്തി വേറെയില്ല**

ഡോ. രാജു ഡി. കൃഷ്ണപുരം



മറ്റേതു കോളേജിലേതിനേക്കാൾ സുരക്ഷിതത്വം ഫാറൂഖിനു നൽകാൻ കഴിയുന്നു എന്നതാണത്. 30 ശതമാനം വരുന്ന പുരുഷസമൂഹത്തിന്റെ സ്ത്രീസങ്കൽപ്പങ്ങളിലൂടെ സഞ്ചരിക്കാം.

വലിയ വിഭാഗം വിദ്യാർത്ഥിനികളും ഉയർന്ന മാർക്കോടെ, പ്രതീക്ഷാനിർഭരമായ നിശ്ചയദാർഢ്യത്തോടെയാണ് ക്യാംപസിൽ എത്തുന്നത്. എന്നാൽ, ഇവരിൽ ഭൂരിപക്ഷത്തിനും വിവാഹജീവിതത്തിനു മുമ്പുള്ള ഇടവേളയാണ് ബിരുദ പഠനം. മിക്ക പെൺകുട്ടികളും അർധബിരുദാർഹരായി വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്നു എന്നതാണു സത്യം. ചെറിയ ശതമാനമേ ഉന്നതവിദ്യാഭ്യാസത്തിന് ശ്രമിക്കാറുള്ളൂ. ഉദ്യോഗതലത്തിലേക്ക് പ്രവേശിക്കുന്നവരുടെ എണ്ണമാകട്ടെ, തീർത്തും തുച്ഛവും. ആയിരക്കണക്കിന് വിദ്യാർഥികൾ സീറ്റിനായി പരക്കം പായുമ്പോൾ, അർധവിദ്യാഭ്യാസത്തോടെ ക്യാംപസിൽനിന്നു വിട പറയുന്നവരുടെ കണക്ക് ഞെട്ടിപ്പിക്കുന്നതാണെന്ന് പുരുഷസമൂഹം ചൂണ്ടിക്കാട്ടുന്നു.

എന്നാൽ വിവേകത്തോടെ, അതിർവരമ്പുകളില്ലാതെ ചിന്തിക്കാനവർക്കു കഴിയുന്നില്ല. അല്ലെങ്കിൽ അതിനു പെൺകുട്ടികൾ ശ്രമിക്കുന്നില്ലെന്ന് ആൺകുട്ടികളിലെ തീവ്രവിഭാഗം കരുതുന്നു. മറ്റൊരു തരത്തിൽ ഭൂതകാലം ആവർത്തിക്കപ്പെടുന്നു. മുമ്പ് വനിതകൾക്കായിരുന്നു വിലക്കെങ്കിൽ ഇന്ന് വിമോചനം നേടേണ്ടത് സ്ത്രീ മനസ്സാണ്. ക്യാംപസിലെ പെൺസമൂഹം വെറും പഠനത്തിൽമാത്രം ഒതുങ്ങിപ്പോകുന്നുവെന്ന് 100 ശതമാനം ആൺകുട്ടികളും ചൂണ്ടിക്കാട്ടുന്നു. പാഠ്യവിഷയങ്ങളിലും മാർക്കിലും പെൺകുട്ടികൾതന്നെ മുന്നിൽ. പാഠ്യേതര വിഷയങ്ങളിലാകട്ടെ, അവർ പാസ് മാർക്കു പോലും നേടുന്നില്ല.

നീതിബോധമില്ലാത്ത, പ്രതികരണശേഷി ഇല്ലാത്ത വിദ്യാസമ്പന്ന സമൂഹം ലോകത്തിന് ഉപകാരപ്രദമല്ലെന്ന് ആൺകുട്ടികൾ കരുതുന്നു. ആദർശമോ അഭിപ്രായമോ ഇല്ലാത്ത പെൺകുട്ടികൾക്ക് എങ്ങനെ ആത്മബോധം ഉണ്ടാകുമെന്ന് അവർ ചോദിക്കുന്നു. പരിഭവത്തിന്റെയും കണ്ണീരിന്റെയും ലോ

## കമല സുരയ്യ

**ജീവിതം കൊണ്ടും എഴുത്തു കൊണ്ടും മരണാനന്തര ജീവിതം കൊണ്ടും കേരള ചരിത്രത്തിൽ വിസ്മയകരമായ അധ്യായം രചിച്ചു**

**ശൈഖ് മുഹമ്മദ് കാരക്കുന്ന്**



കത്തുനിന്ന് ഇപ്പോഴും അവർ ഉയിർത്തെണീറ്റിട്ടില്ലെന്ന് പുരുഷസമൂഹം ചൂണ്ടിക്കാട്ടുന്നു.


രാഷ്ട്രീയമേഖലയിലും പെൺ സാന്നിധ്യം വിരളമാണ്. അനുകൂലസാഹചര്യം ഉണ്ടെങ്കിലും മുന്നിട്ടിറങ്ങാൻ പെൺകുട്ടികൾ മടിക്കുന്നു. ബോൾഡായ പെൺകുട്ടികൾ ഫാറൂഖിൽ വിരളം. സാമൂഹിക പ്രവർത്തനം അഭിമാനത്തിനും അന്തസ്സിനും കോട്ടം തട്ടിക്കുമെന്നാണോ പെൺകുട്ടികൾ കരുതുന്നത്? പെൺകുട്ടികൾ ശക്തമായ മതബോധമുള്ളവർതന്നെ. വസ്ത്രധാരണത്തിലും സ്വഭാവശുദ്ധിയിലും അവർപിറകിലല്ല. അവരിലും കപടവേഷക്കാരെ പുരുഷസമൂഹം കണ്ടെത്തുന്നുണ്ട്.

ആത്മാർത്ഥവും ദൃഢവുമായ സൗഹൃദത്തിന് പെൺകുട്ടികൾ തയ്യാറാവുന്നില്ലെന്ന് പൊതുവായി അവർ കണ്ടെത്തുമ്പോൾ ആരുടെ കുഴപ്പമായി അതംഗീകരിക്കപ്പെടണം? പെൺകുട്ടികൾ അവരിൽത്തന്നെ ഒതുക്കപ്പെട്ടിരിക്കുന്നു എന്നത് വലിയ ശതമാനം ആൺകുട്ടികളുടെയും നിരീക്ഷണമാണ്.

പുറംലോകത്തെപ്പറ്റി അറിയില്ല, അറിയേണ്ട എന്നതല്ലേ വാസ്തവം? കലാ, കായിക മേഖലകളിൽ പെൺ സാന്നിധ്യത്തിന്റെ കുറവ് ആൺകുട്ടികൾ കണക്കുവെച്ചുതന്നെചൂണ്ടിക്കാട്ടുന്നു.

ക്യാംപസിൽ മിനിസ്കർട്ട് ആവശ്യപ്പെടുന്ന വിരുതന്മാരും ഉണ്ട്. സൗഹാർദ്ദത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് തീർത്തും നെഗറ്റീവായ മറുപടിയാണ് ആൺകുട്ടികൾ നിരത്തുന്നത്. സൗഹൃദങ്ങൾ മതാടിസ്ഥാനത്തിലാണെന്നുപോലും കണ്ടെത്തുന്നവരുണ്ട്. ഗ്യാങ്ങിസമാണ് ഫാറൂഖിന്റെ മറ്റൊരു പ്രത്യേകതയായി അവർ ചൂണ്ടിക്കാട്ടുന്നത്. ഭൂരിപക്ഷം പെൺകുട്ടികളും ഗ്യാങ്ങുകളായാണ് സഞ്ചരിക്കുക.

അതേസമയം, യഥാർത്ഥ സൗഹൃദങ്ങളും കഠിനപ്രണയങ്ങളും ഫാറൂഖിന് അന്യമായിട്ടില്ലെന്നു കരുതുന്ന ന്യൂനവിഭാഗവും ആൺകുട്ടികൾക്കിടയിലുണ്ട്.





## കുഴിയേടത്ത് താത്രി

**സദാചാരത്തിന്റെ ശാഠ്യം കൊണ്ട് ഇന്നും നൂറു കൊല്ലം പിന്നിൽ ജീവിക്കുന്ന നമുക്ക് താത്രി എന്ന പേരു പോലും ദഹിക്കില്ല.**

ആർ. ഉണ്ണി



# ഭീകരത- ചില യാഥാർത്ഥ്യങ്ങൾ

എം. ഇൽയാസ്
(ബി.എ. സോഷ്യോളജി)



ഇന്നു പ്രാദേശിക-ദേശീയ-രാഷ്ട്രാന്തരീയ തലങ്ങളിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്നതും ആഗോള സമൂഹം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് ഭീകരത. ഇരു രാഷ്ട്രങ്ങൾ തമ്മിലുള്ള ഉഭയകക്ഷി ചർച്ച മുതൽ ലോകരാഷ്ട്രങ്ങൾ പങ്കെടുക്കുന്ന ഉച്ചകോടികളിൽവരെയും ഏറ്റവുമധികം ഉയർന്നു കേൾക്കുന്നതു ഭീകരതയും അതിന്റെ പരിണത ഫലങ്ങളുമാണ്. ഏതു ശക്തിയാണ് ലോകത്ത് ഭീകരത വളർത്തുന്നത്? ആരാണ് അതിന്റെ പ്രായോജകർ? ആരെല്ലാമാണതിന്റെ ഗുണഭോക്താക്കൾ? അൽ ഖയ്ദകളെയും ലഷ്കറെ ത്വയ്ബകളെയും സൃഷ്ടിച്ചതും വളർത്തിയതും പരിപാലിക്കുന്നതും ആര്? ഉസാമ ബിൻ ലാദനും മുല്ലാ ഉമറും അയ്മൻ അൽ സവാഹിരിയും എന്നെന്നും ഈ ലോകത്ത് ജീവിക്കേണ്ടത് ആരുടെ ആവശ്യമാണ്?

നവനൂറ്റാണ്ടിന്റെ ഗതിവിഗതികൾ നിർണയിക്കുന്നതിൽ 2001-നു സുപ്രധാനമായ പങ്കുണ്ട്. 2001-നു ശേഷം ലോകത്ത് പുതിയൊരു ക്രമമാണ് ഉടലെടുത്തിരിക്കുന്നത്. സെപ്റ്റംബർ 11-ന് വേൾഡ് ട്രേഡ് സെന്റർ ഭീകരവാദികൾ തകർത്തതോടെ ഭീകരതയ്ക്കെതിരായ ആഗോളയുദ്ധം എന്ന കേന്ദ്രബിന്ദുവിനെ ആധാരമാക്കി ലോകം പ്രയാണം തുടർന്നുകൊണ്ടേയിരിക്കുകയാണ്. എന്നാൽ, തങ്ങളുടെ സാമ്രാജ്യത്തിന്റെ അതിർവരമ്പുകൾ മാറ്റിവരയ്ക്കുന്നതിനും തങ്ങളുടെ സാമ്പത്തികതാൽപ്പര്യങ്ങൾ നടപ്പിലാക്കാനും വേണ്ടി യു.എസ്. ഗവൺമെന്റിന്റെ മൗനസമ്മതത്തോടെ യു.എസ്. - ഇസ്രായേൽ ചാരസംഘടനകൾ ആവിഷ്കരിച്ചു നടപ്പാക്കിയ പദ്ധതിയാണ് വേൾഡ് ട്രേഡ് സെന്റർ ആക്രമണം എന്നത് ഇപ്പോൾ തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത്തരമൊരു യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്ന തെളിവുകളും ഇപ്പോൾ പുറത്തുവന്നു കൊണ്ടിരിക്കുന്നു.

ട്രേഡ് സെന്റർ ആക്രമണത്തിന് ഭീകരവാദികൾ റാഞ്ചിയ വിമാനത്തിന്റെ ഉടമകളും ഇൻഷുറൻസ് കമ്പനികളും ആക്രമണം നടന്നതിന്റെ ഏതാനും ദിവസം മുമ്പ് തങ്ങളുടെ ഷെയറുകൾ വിറ്റഴിക്കാൻ തകൃതിയായ ശ്രമം നടത്തിയതെന്തിന്? സംഭവദിവസം അമേരിക്ക സന്ദർശിക്കേണ്ടിയിരുന്ന ഉന്നതരായ ഇസ്രായേൽ സൈനിക ഉദ്യോഗസ്ഥരെ ഇസ്രായേൽ ചാരസംഘടനയായ മൊസാദ് സന്ദർശനത്തിൽനിന്ന് വിലക്കിയതെന്തിന്? അതേദിവസം തന്നെ അമേരിക്ക സന്ദർശിക്കേണ്ടിയിരുന്ന അന്നത്തെ ഇസ്രായേൽ പ്രധാനമന്ത്രി ഏരിയൽ ഷാരോൺ തലേദിവസം മാത്രം തന്റെ യാത്ര റദ്ദാക്കിയതിന്റെ പിന്നിലെ രഹസ്യമെന്ത്? നാലായിരത്തിലധികം ജൂതർ ജോലിചെയ്തിരുന്ന വേൾഡ് ട്രേഡ് സെന്റർ തകർന്നപ്പോൾ ഒരു ജൂതൻ പോലും കൊല്ലപ്പെട്ടില്ല! ആ ദിവസം മുഴുവൻ ജൂതന്മാർ കൂട്ടഅവധിയെടുത്ത് ദൂരെ ഒരിടത്ത് ആഘോഷത്തിലായിരുന്നു. ട്രേഡ് സെന്റർ തകർന്നു വീഴുമ്പോൾ കുറച്ചകലെ ഒരു ബഹുനില കെട്ടിയത്തിൽനിന്ന് അത് മൂവിക്യാമറയിൽ പകർത്തിയ നാല് ഇസ്രായേൽ പൗരന്മാരെ അതേദിവസം തന്നെ അമേരിക്കൻ പൊലീസ് പിടികൂടി. ഇവർ സന്തോഷം കൊണ്ട് തുള്ളിച്ചാടുന്നതു കണ്ടപ്പോൾ തൊട്ടടുത്ത വീട്ടുകാർ പൊലീസിൽ അറിയിക്കുകയായിരുന്നു.


കനേഡിയൻ ടെലിവിഷൻ ചാനൽ അവതാരക ബെറി സ്വീക്കർ തന്റെ ഡോക്യുമെന്ററിയിലൂടെ അന്നുതന്നെ ചില ചോദ്യങ്ങൾ ചോദിച്ചിരുന്നു. ''അമേരിക്കൻ ഭരണകൂടത്തിലെ ഉത്തരവാദപ്പെട്ടവരുടെ അറിവോ സമ്മതമോ ഇല്ലാതെ ഇതെങ്ങനെ സാധിക്കും?'' സ്വീക്കർ ചോദിക്കുന്നു. ആദ്യവിമാനം റാഞ്ചിയതും ട്രേഡ് സെന്ററിൽ ഇടിച്ചതും അവിചാരിതമായതിനാൽ അറിയാനും തടയാനും സാധിച്ചില്ലായെന്ന് അംഗീകരിച്ചാൽതന്നെ തുടർന്ന് രണ്ടര മണിക്കൂർ സമയംകൊണ്ടു നടന്ന മൂന്നു വിമാനറാഞ്ചലുകളും ആക്രമണവും അറിയാനും തടയാനും അത്യാധുനിക നിരീക്ഷണ-പ്രതിരോധ സംവിധാനങ്ങളുള്ള അമേരിക്കയ്ക്കു സാധിച്ചില്ലെന്നത് അവിശ്വസനീയമാണ്.

ഏറ്റവും പുതിയ പഠനങ്ങളും വാർത്തകളും തെളിയിക്കുന്നത് പുറത്തുനിന്നുള്ള ആഘാതത്തെക്കാൾ അകത്തുനിന്നുള്ള ആഘാതം കൊണ്ടാണ് ഗോപുരങ്ങൾ തകർന്നത് എന്നാണ്. തകർന്ന കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽനിന്നു അമേരിക്കയുടെ സൈനികലാബുകളിൽ മാത്രം ലഭ്യമായ നാനോ തെർമൈറ്റ് എന്ന സൂക്ഷ്മവസ്തു ഗവേഷകർ കണ്ടെത്തിയിരുന്നു. നാനോ തെർമൈറ്റിന് അതിയായ ചൂട് ഉൽപ്പാദിപ്പിക്കാനും ഉരുക്കിനെ ഉരുക്കാനുള്ള ശേഷിയുണ്ടെന്നാണ് ഗവേഷകർ പറയുന്നത്. ഉരുക്കിനാൽ നിർമ്മിതമായ ഇരട്ടഗോപുരങ്ങൾ തകർന്നത് അകത്തുനിന്നുള്ള അതിഭയങ്കരമായ ചൂടുകൊണ്ടാണെന്ന് ഗവേഷകർ തറപ്പിച്ചുപറയുന്നു.

ദുരൂഹതകൾ അവസാനിക്കുന്നില്ല. ചാരസംഘടനയായ സി.ഐ.എയുടെ ഓഫിസ് അടക്കം പല പ്രതിരോധ കാര്യാലയങ്ങളും പ്രവർത്തിക്കുന്ന ടവർ സെവൻ എന്ന പേരിലറിയപ്പെടുന്ന 47 നില കെട്ടിയം തകരുന്നതിന്റെ മുമ്പതന്നെ തകർത്തു. സംഭവദിവസം സി.എൻ.എൻ., ബി.ബി.സി., റോയിട്ടേഴ്സ് തുടങ്ങിയ വാർത്താ ഏജൻസികൾ വേൾഡ് ട്രേഡ് സെന്ററിനൊപ്പം ടവർ സെവനും തകർന്നതായി വാർത്തകൾ പുറത്തുവിട്ടിരുന്നു. എന്നാൽ ട്രേഡ് സെന്റർ തകർന്ന് ഏഴു മണിക്കൂർ കഴിഞ്ഞാണ് ടവർ സെവനിൽ തീ പടരുന്നതും തകരുന്നതും. തകരുന്നതിന്റെ ഏഴു മണിക്കൂർ മുമ്പുതന്നെ വാർത്താ ഏജൻസികൾക്ക് ടവർ സെവൻ തകർന്നതായി എങ്ങനെ വിവരം ലഭിച്ചു? സാധ്യതകൾ രണ്ടാണ്. ഒന്നുകിൽ വാർത്താ ഏജൻസികൾക്കു തെറ്റുപറ്റി. അല്ലെങ്കിൽ പ്ളാൻ ചെയ്ത സമയത്തു ടവർ സെവൻ തകർക്കാൻ കഴിഞ്ഞില്ല. വാർത്ത നേരത്തേ കൈമാറുകയും ചെയ്തു. തകർച്ചയ്ക്കു മുമ്പ് ടവർ സെവനിൽനിന്ന് മുഴുവൻ ആളുകളെയും ഒഴിപ്പിക്കുകയും സ്വർണശേഖരം കടത്തിക്കൊണ്ടുപോവുകയും രഹസ്യാന്വേഷണ ഫയലുകൾ കത്തിനശിക്കാൻ വിടുകയും ചെയ്തു. ഭീകരവാദത്തിനെതിരായുള്ള ആഗോളയുദ്ധത്തിൽ അമേരിക്കയ്ക്കൊപ്പം പങ്കാളികളായ രാഷ്ട്രങ്ങളിലും അവരുടെ ആജ്ഞാനുവർത്തികളായ രാഷ്ട്രങ്ങളിലും ഇടയ്ക്കിടെ ഭീകരാക്രമണങ്ങളും ബോംബ് സ്ഫോടനങ്ങളും അരങ്ങേറുമ്പോൾ 9-11നു ശേഷം അമേരിക്കയിൽ ഒരു ഓലപ്പടക്കംപോലും പൊട്ടിയിട്ടില്ല എന്നതും 9-11 യു.എസ്.-ഇസ്രായേൽ സൃഷ്ടിയാണ് എന്നതിലേക്കു വിരൽ ചൂണ്ടുന്നു.

2003-ൽ ഉസാമ ബിൻ ലാദനുമായുള്ള ബന്ധത്തിന്റെയും കൂട്ട നശീകരണ ആയുധത്തിന്റെയും പേരു പറഞ്ഞാ

**ഏറ്റവും പുതിയ പഠനങ്ങളും വാർത്തകളും തെളിയിക്കുന്നത് പുറത്തുനിന്നുള്ള ആഘാതത്തെക്കാൾ അകത്തുനിന്നുള്ള ആഘാതം കൊണ്ടാണ് ഗോപുരങ്ങൾ തകർന്നത് എന്നാണ്. തകർന്ന കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽനിന്നു അമേരിക്കയുടെ സൈനികലാബുകളിൽ മാത്രം ലഭ്യമായ നാനോ തെർമൈറ്റ് എന്ന സൂക്ഷ്മവസ്തു ഗവേഷകർ കണ്ടെത്തിയിരുന്നു. നാനോ തെർമൈറ്റിന് അതിയായ ചൂട് ഉൽപ്പാദിപ്പിക്കാനും ഉരുക്കിനെ ഉരുക്കാനുള്ള ശേഷിയുണ്ടെന്നാണ് ഗവേഷകർ പറയുന്നത്. ഉരുക്കിനാൽ നിർമ്മിതമായ ഇരട്ടഗോപുരങ്ങൾ തകർന്നത് അകത്തുനിന്നുള്ള അതിഭയങ്കരമായ ചൂടുകൊണ്ടാണെന്ന് ഗവേഷകർ തറപ്പിച്ചുപറയുന്നു.**



ണല്ലോ അമേരിക്ക ഇറാഖിൽ കടന്നാക്രമണം നടത്തുകയും നിരവധി നിരപരാധികളെ കൊന്നൊടുക്കി സംഹാരതാണ്ഡവമാടുകയും ചെയ്യുന്നത്. യഥാർത്ഥത്തിൽ അൽ ഖയ്ദയും ഉസാമയും പിറവിയെടുക്കുന്നതിനു മുമ്പ് അഥവാ 9/11ന് മുമ്പുതന്നെ ഇറാഖ് അധിനിവേശം തീരുമാനിച്ചിരുന്നുവെന്ന് സി.ഐ.എയുടെ മുൻ തലവൻ ജോർജ് ടെനറ്റ്, അറ്റ് ദ് സെന്റർ ഓഫ് സ്റ്റോം എന്ന തന്റെ ആത്മകഥയിൽ പറയുന്നുണ്ട്. ഇറാഖ് അധിനിവേശത്തിന് ഏറ്റവും അധികം തിടുക്കം കൂട്ടിയത് വൈസ് പ്രസിഡന്റായിരുന്ന ഡിക് ചെയ്നിയായിരുന്നുവെന്നും ടെനറ്റ് കൂട്ടിച്ചേർക്കുന്നു. ഡിക് ചെയ്നിയും കൂട്ടരും എന്തിനാണ് തിടുക്കം കാട്ടിയതെന്നതിന്റെ കാരണം യുദ്ധാനന്തര ഇറാഖിന്റെ ബാക്കിപത്രം നമ്മോട് വിളിച്ചുപറയുന്നുണ്ട്.

ഇറാഖിന്റെ പുനർനിർമ്മാണം കരാറെടുത്തിരിക്കുന്നത് ഹാലി ബർട്ടൺ എന്ന നിർമ്മാണ കമ്പനിയാണ്. അതേസമയംതന്നെ ഹാലി ബർട്ടൺ ലോകത്തിലെ എണ്ണം പറഞ്ഞ 20 എണ്ണ ഉൽപ്പാദക കോർപ്പറേഷനുകളിൽ ഒന്നാണ്. ഇന്ന് ഇറാഖിൽനിന്ന് ഏറ്റവുമധികം എണ്ണ ഊറ്റിക്കൊണ്ടിരിക്കുന്നത് ഹാലി ബർട്ടൺ, ഷെൽ, ഷെവ്റോൺ, എക്സോൺ മൊബൈൽ, ടോട്ടൽ, ബി.പി.എ. തുടങ്ങിയ എണ്ണക്കമ്പനികളാണ്. ഹാലി ബർട്ടണിന്റെ മുതലാളിയാണ് ഡിക് ചെയ്നി. ഷെൽ എണ്ണക്കമ്പനിയുടെ മേജർ ഷെയർ ഹോൾഡറാണ് ജോർജ് ഡബ്ള്യു. ബുഷ്. ഷെവ്റോൺ എണ്ണക്കമ്പനിയുടെ ഓഹരിയുടമയാണ് കൊണ്ടലീസ റൈസ്. ഈ ഭീമന്മാർ ഇന്ന് ഓഡിറ്റിങ്ങില്ലാതെ ഇറാഖിൽനിന്നും നിർബാധം എണ്ണയൂറ്റുന്നു.

അമേരിക്കക്കാർ ദീർഘവീക്ഷണമുള്ളവരാണ്. ലോംഗ് ടേം പ്ളാനിങ്ങിലൂടെയാണ് അവർ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. അമേരിക്ക ലോകത്ത് വമ്പൻ ശക്തിയായി വളരുകയാണെന്നും ആ ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് ലോകത്തെ മൊത്തം എണ്ണയുടെ പകുതിയും അമേരിക്കയുടെ കൈവശം വരേണ്ടതുണ്ടെന്നും 1916-ൽ തന്നെ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ആഗ്രഹം പ്രകടിപ്പിച്ചതാണ്. അത് ഇന്ന് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഒരു എണ്ണക്കിണർപോലും ഇല്ലാത്ത ന്യൂയോർക്ക് ആണ് ലോകവിപണിയിൽ ഇന്ന് എണ്ണവില നിശ്ചയിക്കുന്നത്. ഇറാ

**അമേരിക്കക്കാർ ദീർഘവീക്ഷണമുള്ളവരാണ്. ലോംഗ് ടേം പ്ളാനിങ്ങിലൂടെയാണ് അവർ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. അമേരിക്ക ലോകത്ത് വമ്പൻ ശക്തിയായി വളരുകയാണെന്നും ആ ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് ലോകത്തെ മൊത്തം എണ്ണയുടെ പകുതിയും അമേരിക്കയുടെ കൈവശം വരേണ്ടതുണ്ടെന്നും 1916-ൽ തന്നെ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ആഗ്രഹം പ്രകടിപ്പിച്ചതാണ്. അത് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഒരു എണ്ണക്കിണർപോലും ഇല്ലാത്ത ന്യൂയോർക്ക് ആണ് ലോകവിപണിയിൽ ഇന്ന് എണ്ണവില നിശ്ചയിക്കുന്നത്.**

ഖിൽ ഒറ്റ ആണവ-രാസായുധംപോലും ഇല്ലെന്ന് ഇറാഖിൽ പരിശോധന നടത്തിയ യു.എൻ.ഒയുടെ മുഖ്യ ആയുധ പരിശീലകൻ ഹാൻ ബ്ളിക്സ് റിപ്പോർട്ടു നൽകിയിട്ടും ഉസാമയുടെയും കൂട്ട നശീകരണത്തിന്റെയും പേരു പറഞ്ഞ് ഇറാഖിനെ കടന്നാക്രമിച്ചത് ജനാധിപത്യത്തിന്റെയും സമാധാനത്തിന്റെയും സംസ്ഥാപനത്തിനു വേണ്ടിയല്ല, മറിച്ച് തങ്ങളുടെ സാമ്പത്തിക താൽപ്പര്യങ്ങൾക്കു വേണ്ടിയാണെന്ന് ആനുകാലിക സംഭവവികാസങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നു.

ഭീകരസംഘടനകളുടെയും ഭീകരപ്രവർത്തനങ്ങളുടെയും സാമ്പത്തികസ്രോതസ് ഏതാണ്? അവർക്കു വെടിക്കോപ്പുകളും പടക്കോപ്പുകളും ലഭിക്കുന്നത് എവിടെനിന്നാണ്? സ്വാഭാവികമായും ഉയർന്നുവരുന്ന ചോദ്യങ്ങൾ. ആഗോള ഭീകരതയുടെ മുഖ്യപ്രചാരകരായ അൽ ഖയ്ദയുടെയും താലിബാന്റെയും സാമ്പത്തിക സ്രോതസ് കറപ്പ് കള്ളക്കടത്താണെന്ന് അമേരിക്ക പറയുന്നു. ലേകത്ത് ഏറ്റവും കൂടുതൽ കറപ്പ് കൃഷി ചെയ്യുന്ന അഫ്ഗാനിസ്ഥാനിലാണ് ഈ സംഘടനകൾ പ്രവർത്തിക്കുന്നതും. അഫ്ഗാ



**അഫ്ഗാൻ-പാക്ക് അതിർത്തിയിൽ താലിബാൻ പോരാളികളിൽനിന്ന് പിടിച്ചെടുത്ത ആയുധങ്ങൾ മുഴുവൻ അമേരിക്കയിൽ നിർമ്മിച്ചവയായിരുന്നു.**

നിസ്ഥാനിലെ ഏറ്റവും വലിയ ലഹരിമരുന്ന് കടത്തുകാരനാണ് അമേരിക്കൻ പാവഭരണകൂടത്തിന്റെ പ്രസിഡന്റ് ഹമീദ് കർസായിയുടെ സഹോദരൻ അഹ്മദ് വലി കർസായി.

സി.ഐ.എയാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അഫ്ഗാനിൽനിന്നു ലഹരിമരുന്ന് കടത്തുന്നതെന്ന് ലോകമറിയുന്നില്ല. വിധ്വംസക പ്രവർത്തനത്തിന് അനുയോജ്യമായ പണസമ്പാദനമാർഗം അതാണെന്ന് അവർ തിരിച്ചറിഞ്ഞിരിക്കുന്നു. ഈയടുത്ത് ന്യൂയോർക്ക് ടൈംസ് ഒരു വാർത്ത പുറത്തുവിട്ടു. അഹ്മദ് വലി കർസായി സി.ഐ.എയിൽനിന്നു കഴിഞ്ഞ പത്തു വർഷമായി കറപ്പ് കടത്തുന്നതിനു പണം പറ്റുന്നുണ്ട് എന്നായിരുന്നു ആ വാർത്ത. തനിക്ക് അമേരിക്കയുടെ സൈനിക-സൈനികേതര ഉദ്യോഗസ്ഥരുമായി വർഷങ്ങളുടെ ബന്ധമുണ്ടെന്നും അമേരിക്കയുടെ സൈനികേതര പ്രവർത്തനങ്ങൾക്ക് തദ്ദേശീയരെ റിക്രൂട്ട് ചെയ്യാൻ താൻ സഹായിക്കുന്നുണ്ടെന്നും വാർത്ത പുറത്തു വന്നതിനുശേഷം അഹ്മദ് കർസായി സമ്മതിക്കുകയും ചെയ്തു.

സി.ഐ.എ. ചാർട്ടർ ചെയ്ത എയർ അമേരിക്കൻ വിമാനത്തിൽ കഞ്ചാവ് കടത്തി നാം തെറ്റ് ചെയ്യുകയാണെന്ന് വൈറ്റ് ഹൗസിന്റെ ലഹരിമരുന്ന് കാര്യോപദേഷ്ടാവ് ഡോ. ഡേവിഡ് മസ്റ്റോ പലവട്ടം കുമ്പസാരിച്ചതാണ്. ഭീകരവാദികൾക്ക് ആയുധങ്ങളും പടക്കോപ്പുകളും ലഭിക്കുന്നത് എവിടെനിന്നാണെന്ന് അമേരിക്കയ്ക്ക് അറിയില്ലത്രെ. എന്നാൽ അമേരിക്കൻ അക്കൗണ്ടബിലിറ്റി ജനറലിന് അത് വ്യക്തമായറിയാം. ഇന്ത്യയിലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റ് ജനറലിന് സമാനമായ അമേരിക്കയുടെ അക്കൗണ്ടബിലിറ്റി ഓഫീസ് ഒരു നാടകം നടത്തി റിപ്പോർട്ട് പുറത്തുവിട്ടു. ഒരു വ്യാജക്കമ്പനിയുടെ വക്താക്കൾ ചമഞ്ഞ് ഈ ഉദ്യോഗസ്ഥർ അമേരിക്കയുടെ പ്രതിരോധ ഉദ്യോഗസ്ഥരുമായും പ്രതിരോധ വ്യവസായികളുമായും ചർച്ച നടത്തി ആയുധക്കച്ചവടം ഉറപ്പിച്ചു. ഏതാനും ആയുധങ്ങൾ വാങ്ങുകയും ചെയ്തശേഷം പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നത് ഇതുപോലെ വളരെ സുഗമമായി അമേരിക്കയിൽനിന്നും ആയുധങ്ങൾ ഭീകരവാദികളുടെ കൈകളിൽ എത്തുന്നുണ്ടെന്നാണ്. ആണവായുധ നിർമ്മാണത്തിനും മിസൈലുകൾക്കും പോർവിമാനങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ ഇതുപോലെ കൈമാറാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ട് ആശങ്കപ്പെടുന്നു.

അൽ ഖയ്ദയുടെ കയ്യിൽ ആണവായുധം എത്താൻ സാധ്യതയുണ്ട് എന്ന ആശങ്കയോടെയാണ് 2010-ലെ വാഷിങ്ടൺ ഉച്ചകോടി ഒബാമ അവസാനിപ്പിച്ചത്. ഒരുപക്ഷേ, അടുത്ത ആണവ ഉച്ചകോടി 2013-ൽ ദക്ഷിണ കൊറിയയിൽ ആരംഭിക്കുന്നത് 2010 ആശങ്ക യാഥാർത്ഥ്യമായി എന്ന പ്രമേയത്തോടെയായിരിക്കും.

അമേരിക്ക അഫ്ഗാനിസ്ഥാനിലെ തങ്ങളുടെ ഭടന്മാർക്ക് അയച്ചുകൊടുക്കുന്ന ആയുധങ്ങൾ എത്തുന്നത് താലിബാന്റെ കയ്യിലാണെന്ന് 2009 മെയിൽ ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തിരുന്നു. അഫ്ഗാൻ-പാക്ക് അതിർത്തിയിൽ താലിബാൻ പോരാളികളിൽ നിന്ന് പിടിച്ചെടുത്ത ആയുധങ്ങൾ മുഴുവൻ അമേരിക്കയിൽ നിർമ്മിച്ചവയായിരുന്നു. അഫ്ഗാനിലേക്ക് അയച്ച പതിനായിരത്തിലധികം ആയുധങ്ങൾ കാണാതായിട്ടുണ്ടെന്ന് അമേരിക്കൻയുദ്ധകാര്യ മന്ത്രാലയമായ പെന്റഗണും സ്ഥിരീകരിക്കുന്നു. ആയുധങ്ങൾ എവിടെപ്പോയെന്നത് അവർക്കിപ്പോഴും അജ്ഞാതമാണത്രെ. ലോകത്ത് ഏറ്റവും ലാഭകരമായ വ്യവസായം ആയുധമാണെന്നിരിക്കെ ഏതൊരു നിർമ്മാണ കമ്പനിയെയുംപോലെ തങ്ങളുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ വിറ്റഴിക്കുക എന്നത് ആയുധവ്യവസായികളുടെ മുഖ്യ അജൻഡയാണ്. കേവലം 60 വർഷത്തെ മാത്രം ചരിത്രമുള്ള ഇസ്രായേൽ ലോകരാഷ്ട്രങ്ങൾക്കൊക്കെയും ആയുധവിതരണം നടത്തി ലോകത്തിലെ അഞ്ചാമത്തെ സൈനികശക്തിയായി വളർന്നതിനുപിന്നിൽ ആയുധവ്യാപാരം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

ഇടയ്ക്കിടയ്ക്ക് യുദ്ധമുണ്ടാകേണ്ടത് ആയുധവ്യവസായികളുടെ ആവശ്യമാണ്. യുദ്ധം ആരംഭിച്ചാലും അവസാനിച്ചാലും അവർക്കു നേട്ടമാണ്. യുദ്ധം

ആരംഭിച്ചാൽ വൻകിട ആയുധകമ്പനിയായ ലോക് ഹ്ഡ് മാർട്ടിനിയുടെ ആയുധം വിറ്റ് ഡിക് ചെയ്നിമാർ പണംകൊയ്യുന്നു. ലോകത്തിന്റെ ഏതു കോണിൽ യുദ്ധം നടന്നാലും അതിന്റെ ആദ്യത്തെ ഗുണഭോക്താക്കൾ അമേരിക്കയും ഇസ്രായേലും ആയിരിക്കും. കാർഗിൽ യുദ്ധകാലത്ത് ഒരേസമയം പാക്കിസ്ഥാന് ആയുധവും ഇന്ത്യയ്ക്ക് ശവപ്പെട്ടിയും വിറ്റ് അവർ നേട്ടമുണ്ടാക്കി.

ഒരു വശത്ത് ഭീകരപ്രവർത്തനങ്ങളെ ലോകത്തുനിന്ന് നിഷ്കാസനം ചെയ്ത് -സമാധാനം- സ്ഥാപിക്കാൻ സൈനിക നടപടി സ്വീകരിക്കുമ്പോൾ മറുവശത്ത് ഭീകരപ്രവർത്തനങ്ങൾക്കെതിരെയുള്ള സൈനിക നടപടിക്ക് സാധ്യത വളരെ കുറവാണെന്ന് യു.എസ്. ഗവൺമെന്റിന് യുദ്ധകാര്യങ്ങളിൽ ഉപദേശം നൽകുന്ന റാൻഡ് കോർപ്പറേഷൻ പറയുന്നു. 1968 മുതൽ 2006 വരെ പ്രവർത്തിച്ച 650 ഭീകര സംഘടനകളെക്കുറിച്ച് പഠനം നടത്തിയ റാൻഡ് കോർപ്പറേഷൻ പറയുന്നത് 43 ശതമാനം സംഘടനകളുടെയും പ്രവർത്തനം നിലച്ചത് അവർ സമാധാനത്തിന്റെ പാതയിലേക്കു വന്നതു കൊണ്ടാണെന്നാണ്. നേതാക്കൾ അറസ്റ്റ് ചെയ്യപ്പെടുന്നതു മൂലമാണ് 40 ശതമാനം സംഘടനകളുടെയും പ്രവർത്തനം നിലച്ചത്. സൈനിക നടപടിക്കുള്ള സാധ്യത കേവലം 10 ശതമാനമാണെന്നും റിപ്പോർട്ട് പറയുന്നു.

ഉസാമ ബിൻ ലാദൻ ജീവിച്ചിരിക്കേണ്ടത് മറ്റാരെക്കാളും സാമ്രാജ്യത്വത്തിന്റെ ആവശ്യമാണ്. കാരണം ലോകത്തിന്റെ ഏതു കോണിലും തങ്ങൾക്ക് കടന്നാക്രമണം നടത്താൻ അമേരിക്കയ്ക്ക് ഒരു ആഗോള പൊതുശത്രു നിലനിൽക്കേണ്ടതുണ്ട്. കേവലം ഒരു എൻജിനീയറായിരുന്ന ഉസാമയെ താടിയും തലപ്പാവും ധരിപ്പിച്ച് ഭീകരതയുടെ ആൾരൂപമാക്കി അഫ്ഗാൻ മലമുകളിലേക്ക് അമേരിക്ക പറഞ്ഞയച്ചത് അത്തരത്തിലൊരു സാങ്കൽപ്പിക ശത്രുവിനെ സൃഷ്ടിച്ചെടുക്കാനും ലോകമനസ്സിൽ അതൊരു സത്യമായി നിൽനിർത്താനും വേണ്ടിയാണ്. അതുകൊണ്ടുതന്നെ ഉസാമക്ക് മരണമില്ലാതിരിക്കേണ്ടത് അവരുടെ ആവശ്യമാണ്. അതുകൊണ്ടാണ് ഇടയ്ക്കിടെ ലാദൻ മരണപ്പെട്ടു എന്നു സംശയിക്കുന്നതായി അമേരിക്ക വാർത്ത പുറത്തുവിടുന്നതും രണ്ടു ദിവസത്തിനകം ഇല്ല, മരിച്ചിട്ടില്ല,

**ഏതൊരു തുടക്കത്തിനും ഒടുക്കമുണ്ടെന്നിരിക്കെ ഉസാമയുടെ ഒടുക്കം അനിവാര്യമാണ്. ഒടുങ്ങാതിരിക്കുക എന്നത് അമേരിക്കയുടെ ആഗ്രഹമാണ്. പുതിയ പുതിയ ഉസാമമാരും ഭീകരസംഘടനകളും പിറവിയെടുക്കേണ്ടത് സാമ്രാജ്യത്വത്തിന്റെ ആവശ്യകതയാണ്. അതുകൊണ്ടുതന്നെ ഉസാമമാർ ഇനിയും ലോകത്തു പിറവിയെടുക്കും.**

ജീവിച്ചിരിപ്പുണ്ട് എന്നു സ്ഥിരീകരിക്കുന്നതും. അമേരിക്കയുടെ സുപ്രധാനമായ തെളിവ് ഉസാമയുടെ പേരിലിറങ്ങുന്ന ഓഡിയോ ടേപ്പുകളാണ്. ശാസ്ത്രം വലിയ വളർച്ച കൈവരിച്ച ഈ കാലഘട്ടത്തിൽപോലും എന്തുകൊണ്ട് ഉസാമയുടെ വീഡിയോ ടേപ്പ് ഇറങ്ങുന്നില്ല?

ഉസാമയെ അഫ്ഗാനിലെ മലമുകളിൽ നേരിൽചെന്ന് അഭിമുഖം നടത്തിയ പത്രപ്രവർത്തകനാണ് റോബർട്ട് ഫിസ്ക്. എന്തുകൊണ്ട് ഫിസ്കിന് ഉസാമയുടെ ടേപ്പുകൾ ഇന്നു ലഭിക്കുന്നില്ല? വേൾഡ് ട്രേഡ് സെന്റർ തകർന്നു എന്ന വാർത്ത ഉസാമയ്ക്കു ലഭിക്കണമെങ്കിൽ ചുരുങ്ങിയത് രണ്ടു ദിവസമെങ്കിലും വേണമെന്ന് ഫിസ്ക് പറയുന്നുണ്ട്. അപ്പോഴാണ് ട്രേഡ് സെന്റർ തകർന്ന് മണിക്കൂറുകൾക്കകം തകർച്ചയുടെ ഉത്തരവാദിത്തം അൽ ഖയ്ദയ്ക്കു ചാർത്തിക്കൊടുക്കുന്നതും അൽ ഖയ്ദ അത് ഏറ്റെടുക്കുന്നതിലെ വൈരുധ്യവും മനസ്സിലാകുന്നത്. ഏതൊരു തുടക്കത്തിനും ഒടുക്കമുണ്ടെന്നിരിക്കെ ഉസാമയുടെ ഒടുക്കം അനിവാര്യമാണ്. ഒടുങ്ങാതിരിക്കുക എന്നത് അമേരിക്കയുടെ ആഗ്രഹമാണ്. പുതിയ പുതിയ ഉസാമമാരും ഭീകരസംഘടനകളും പിറവിയെടുക്കേണ്ടത് സാമ്രാജ്യത്വത്തിന്റെ ആവശ്യകതയാണ്. അതുകൊണ്ടുതന്നെ ഉസാമമാർ ഇനിയും ലോകത്തു പിറവിയെടുക്കും. അഥവാ, സാമ്രാജ്യത്വം അവരെ ഉണ്ടാക്കിയെടുക്കും. ൦

# എക്സലന്റ്.......... നോട്ട് ബെറ്റർ ... പിന്നെ........ (@×%&*=+)! വേഴ്സ്റ്റ്


കൂർമ്മബുദ്ധികളും ഉന്നത പഠനനിലവാരം പുലർത്തുന്നവരുമായ ഒരു വിഭാഗം പെൺകുട്ടികളുടെ അഭിപ്രായത്തിൽ ആൺകുട്ടികളെ മൂന്നായി തരംതിരിക്കാം.1. എക്സലന്റ് 2. നോട്ട് ബെറ്റർ 3. വേഴ്സ്റ്റ്. പുസ്തകപ്പുഴു അല്ലാത്ത, നല്ല മാർക്ക് നേടുന്ന, കലാകായികരംഗത്ത് മുന്നിട്ടു നിൽക്കുന്ന, ധാർമ്മികതയുടെ അതിർവരമ്പു ലംഘിക്കാത്ത വിദ്യാർത്ഥി സമൂഹത്തയാണ് എക്കാലത്തും ഐഡിയൽ ആയി പെൺകുട്ടികൾ കണ്ടെത്തുന്നത്. അകലത്തിനനുസരിച്ച് കോളേജിനെക്കുറിച്ചുള്ള മതിപ്പു കൂടുന്നതായി അവർ ചൂണ്ടിക്കാട്ടുന്നു. കോളേജിനടുത്തു താമസിക്കുന്നവരുടെ നിരീക്ഷണം കോളേജ് അത്ര മെച്ചമൊന്നുമല്ലെന്നതാണ്. ദൂരെയുള്ളവരുടെ അഭിപ്രായമാകട്ടെ, ഇതു മികവുറ്റ കോളേജ് എന്നും. ഈ വ്യത്യാസം പെൺകുട്ടികളെ വ്യത്യസ്ത കള്ളികളിൽ വേർതിരക്കുന്നതായി അവർ സ്വയം വിശ്വസിക്കുന്നു. തീവ്രപൗരുഷം അവർ ഇഷ്ടപ്പെടുന്നില്ലെന്നു മാത്രമല്ല, വനിതാപദവി അംഗീകരിക്കുന്ന പുരുഷസമൂഹത്തെയേ അവരും വില മതിക്കുന്നുള്ളൂ. ഫാറൂഖിലെ ആൺകുട്ടികൾ മോഡേൺ ആണെന്നാണ്, വർണശബളമായ ലോകത്തു ജീവിക്കുന്ന പെൺകുട്ടികൾ കരുതുന്നത്. എന്നാൽ പൊതുവായ പ്രതികരണമാകട്ടെ, മാന്യമായ വസ്ത്രം ധരിക്കുന്ന, പഠന, പാഠ്യേതര മേഖലകളിൽ ഉയർന്ന നിലവാരം പുലർത്തുന്ന ആൺകുട്ടികൾക്ക് അനുകൂലവും. ആൺ-പെൺ സൗഹൃദത്തിനു കെട്ടുറപ്പുണ്ടെങ്കിലും മറ്റുള്ളവരുടെ ദൃഷ്ടിയിൽ അതു സൗഹൃദത്തിലുപരി പ്രണയമാണെന്നാണ്, എന്നാൽ ഈ പ്രണയം കെട്ടുറപ്പില്ലാത്തതാണെന്ന് പ്രോഗസീവ് ആയ ഇവർ അഭിപ്രായപ്പെടുന്നു. ലക്ഷ്യബോധം ഉള്ളവരുണ്ടെങ്കിലും കാലത്തിന്റെ ഒഴുക്കിനൊത്ത് അഴുക്കു പേറുന്നവരാണിവരെന്ന് വലിയ വിഭാഗം പെൺകുട്ടികളും കരുതുന്നു. ഇവരുടെ എണ്ണം 30 ശതമാനം വരുമെന്നും ഇക്കൂട്ടർ ചൂണ്ടിക്കാട്ടുന്നു. അലസരായ ഒരു കൂട്ടം ഉണ്ടെങ്കിലും അക്കാഡമിക്കും രാഷ്ട്രീയക്കാരുമായ ചെറുവിഭാഗത്തെയും ഇവർ ക്യാംപസിൽ കണ്ടെത്തുന്നു. എ ഫ്രണ്ട് ഇൻ നീഡ് ഈസ് എ ഫ്രണ്ട് ഇൻഡീഡ് എന്ന പഴമൊഴിക്ക് ഇന്നത്തെ സൗഹൃദത്തിൽ അർത്ഥമില്ല. അതിനാൽത്തന്നെ പ്രണയത്തിനും ആത്മാർത്ഥതയില്ല. പുരുഷത്വത്തെക്കുറിച്ച് ഇവരുടെ സങ്കൽപ്പം ആൺകുട്ടികൾ പഞ്ചാരക്കുഞ്ചു ആവരുതെന്നാണ്. എല്ലാ മേഖലകളിലും മിതത്വം പാലിക്കുന്ന പെൺകുട്ടികളുടെ അഭിപ്രായത്തിൽ ഫാറൂഖിലെ പകുതി ആൺകുട്ടികളും പെൺകോന്തന്മാരാണെന്നാണ്. ലൈബ്രറിയിലും ക്ളാസിലും ഒതുങ്ങുന്നവരല്ല ഐഡിയൽ. മറിച്ച് കലാകായിക മൽസരങ്ങളിൽ പങ്കാളിത്തം അറിയിക്കുകയും ഇടയ്ക്കൊന്ന് കൂൾബാർ കാണുകയും ചെയ്യുന്ന പഠിപ്പിസ്റ്റുകളാണു നല്ലത്. തീവ്രനിലപാടുള്ള പെൺകുട്ടികളാകട്ടെ, ഫാറൂഖിലെ ആൺകുട്ടികളെ നോളകളായാണു കാണുന്നത്. പഞ്ചാരക്കുഞ്ചു അല്ലാത്ത, എല്ലാവർക്കും വേണ്ടപ്പെട്ടവനാവണം അവൻ. ക്യാംപസ് പ്രണയത്തെക്കുറിച്ച് ഇവർക്കു തീരെ മതിപ്പില്ല. പ്രണയമെന്നാൽ എസ്.എം.എസും ചാറ്റിങ്ങും കൂൾബാറിലെ ആഹ്ളാദനിമിഷങ്ങളുമാണെന്നു ധരിക്കുന്നവർ പരിണിതഫലത്തെക്കുറിച്ചു ചിന്തിക്കുന്നവരല്ലെന്ന് വിശ്വാസികളായ പെൺകുട്ടികൾ കരുതുന്നു. മല പോലെ വന്ന് മഞ്ഞു പോലെ അലിയുകയാണ് ക്യാംപസ് പ്രണയം. യഥാർത്ഥ പ്രണയം ജീവിതത്തിനു മുതൽക്കൂട്ടായിരിക്കുമെന്ന കാര്യത്തിൽ ഇവർക്കു സംശയവുമില്ല. ഒരു കുടക്കീഴിൽ നടന്നുപോകുന്നവരല്ല, ഒരേ ഗ്ളാസിൽ രണ്ടു സ്ട്രോ വെച്ച് മൊബൈലിൽ എഫ്.എം. റേഡിയോ കേൾക്കുന്ന കൂണുകളാണ് ഇന്നത്തെ പ്രണയികളെന്ന് മതബോധം ജീവിതനയമാക്കിയ ഇക്കൂട്ടർ ചൂണ്ടിക്കാട്ടുന്നു. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട. പക്ഷേ, നല്ല ചങ്ങാതി വേണ്ടേ എന്നായിരുന്നു സൗഹൃദത്തെക്കുറിച്ചുള്ള ഇവരുടെ മറുചോദ്യം.

**പുത്തൻ തലമുറ ഏറ്റവും കൂടുതൽ തെറ്റിദ്ധരിച്ച പദമാണ് ആധുനികത. അവരുടെ സങ്കൽപത്തിൽ പാശ്ചാത്യരെ ബാഹ്യമായി അനുകരിക്കുന്നതാണത്. പക്ഷേ, അവികസിതരാജ്യത്ത് ജീവിക്കുന്ന സ്ത്രീ സങ്കൽപിക്കുന്നതു പോലെയല്ല, ഒരു പാശ്ചാത്യ സ്ത്രീയുടെ യഥാർത്ഥ ജീവിതം.**

സ്ത്രീത | ചാരു നിവേദിത

അന്യവട്ടം

# ഇല്ല, ഒരു വ്യത്യാസവുമില്ല (നുണയാണു കുട്ടികളേ)



ലുഖ്മാനുൽ

സ്ത്രീക്കും പുരുഷനുമിടയിൽ ഒരു വ്യത്യാസവുമില്ല. പക്ഷേ, അതൊരു ഉട്ടോപ്യൻ കാഴ്ചപ്പാട് മാത്രം. ഇന്ത്യയിൽ സ്ത്രീസമൂഹം ക്രൂരമായി അവഗണിക്കപ്പെടുകയും ജന്മിത്തത്തിന് ഇരയാവുകയും ചെയ്യുന്ന സാമൂഹിക സാംസ്കാരിക സാഹചര്യത്തിൽ ഒരു സ്ത്രീക്കും കേവലം നോക്കുകുത്തി ആയിരിക്കാൻ കഴിയില്ല. അവളുടെ മേലുള്ള അരാജകത്വത്തിനെതിരെ അവൾ സമരം ചെയ്തേ തീരൂ. ഇത് അക്രമത്തിലൂടെ സാധ്യമല്ല. ഈ വിപ്ളവം വിദ്യാഭ്യാസത്തിലൂടെ മാത്രമെ പ്രായോഗികമാവുകയുള്ളൂ. എന്തു വില കൊടുത്തും അവൾ വിദ്യ അഭ്യസിച്ചിരിക്കണം. അതേസമയം, പുരുഷ വർഗത്തെ ചൂഷണം ചെയ്യാതിരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം, ശക്തമായ അധികാര വ്യവസ്ഥിതി കുടുംബത്തിൽ നിലനിൽക്കുന്നു എന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. പുരുഷൻ അതു സാമൂഹിക ഇടപെടലുകളിലൂടെയും സ്ത്രീ അത് കുടുംബത്തിനകത്തുനിന്നും (അടുക്കള) നിയന്ത്രിക്കുന്നു. അധികാരത്തിനു പകരം മനുഷ്യബന്ധങ്ങൾക്കിടയിലുള്ള സ്നേഹമാണ് സ്ത്രീ-പുരുഷ ബന്ധത്തിന് ആധാരമാവേണ്ടത്.

ജീവിക്കുന്ന ചുറ്റുപാട്, ഭാഷ, സംസ്കാരം, മതം എന്നിവയ്ക്കനുസരിച്ച് സ്ത്രീത്വത്തിന്റെ സ്വഭാവം വ്യത്യസ്തത പുലർത്തിയേക്കാം. എന്നാൽ, അടിസ്ഥാനപരമായി ഇന്ത്യ പോലുള്ള മൂന്നാം ലോക രാജ്യത്ത് ഏറ്റവും കൂടുതൽ അടിച്ചമർത്തപ്പെടുന്ന വിഭാഗമാണ് സ്ത്രീകൾ. പുത്തൻ തലമുറ ഏറ്റവും കൂടുതൽ തെറ്റിദ്ധരിച്ച ഒരു പദമാണ് ആധുനികത. അവരുടെ സങ്കൽപ്പത്തിൽ പാശ്ചാത്യരെ ബാഹ്യമായി അനുകരിക്കുന്നതാണത്. പക്ഷേ, അവികസിതരാജ്യത്ത് ജീവിക്കുന്ന സ്ത്രീ സങ്കൽപ്പിക്കുന്നതു പോലെയല്ല, ഒരു പാശ്ചാത്യ സ്ത്രീയുടെ യഥാർത്ഥ ജീവിതം.

# അപവാദമല്ല മാധ്യമരംഗവും

പുരുഷ മേധാവിത്തം ഇന്ത്യയിലെ എല്ലാ മേഖലകളിലും പ്രകടമാണ്. മാധ്യമരംഗവും അപവാദമല്ല. ചെറുത്തുനിൽപ്പ് സാധ്യമാവണമെങ്കിൽ അതിന്റെ പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ ഭാവങ്ങളെയും തിരിച്ചറിയേണ്ടതുണ്ട്. സ്ത്രീകളെ എപ്പോഴും കേവലമായ പദവികളിൽ നിലനിർത്തുക, അവർക്ക് ഉദ്യോഗക്കയറ്റം നിഷേധിക്കുക, ഏറ്റെടുക്കേണ്ടി വരുന്ന ഇരട്ടച്ചുമതലയ്ക്ക് അർഹമായ ആനുകൂല്യം നൽകാതിരിക്കുക മുതലായവ.

പരോക്ഷമായ വഴികൾ പക്ഷേ, ജയിക്കാൻ ഏറെ വിഷമകരമാണ്. സ്ത്രീ-പുരുഷ സമത്വം സംബന്ധിച്ച ബോധം സ്ത്രീ ജീവനക്കാരുടെ മനസ്സിൽ വളർത്തിയെടുക്കുകയും അതേസമയം, അവർക്കർഹമായ ഉദ്യോഗക്കയറ്റങ്ങൾ നിഷേധിക്കുകയും ചെയ്യുക. ഇതിനൊരു കാരണമായി പറയുന്നത് പലപ്പോഴും കാര്യക്ഷമതയില്ലായ്മയാണ്. അല്ലെങ്കിൽ തൊട്ടടുത്ത പുരുഷനോളം കഴിവില്ലെന്ന്. പക്ഷേ, യഥാർത്ഥ കാരണം പുരുഷ മേധാവിത്തത്തിൽ അധിഷ്ഠിതമായ സമീപനം തന്നെയാണ്. മാധ്യമരംഗത്തെ ഉയർന്ന പദവിക്കു വേണ്ടി മൽസരിക്കുന്നതിനെക്കാൾ സ്ത്രീകൾക്കനുയോജ്യമായത് മറ്റേതെങ്കിലും മേഖലയാണ് എന്നു പറയാതെ തന്നെയാണ് ഇതുവഴി ചെയ്യുന്നത്.

ഇന്ന് എല്ലാ മേഖലകളിലും- രാഷ്ട്രീയം മുതൽ കായികരംഗം വരെ- സ്ത്രീ റിപ്പോർട്ടർമാരുണ്ട്. ഇതൊരു വലിയ മാറ്റം തന്നെയാണ്. ഈ രംഗത്തുള്ള ഇത്രയേറെ സ്ത്രീകളുടെ സാന്നിധ്യംതന്നെ തൊഴിൽപരമായി മുന്നേറാനുള്ള സാഹചര്യങ്ങൾ അവർക്ക് ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. 20 വർഷം മുമ്പ് ഇതൊക്കെ വളരെ വിഷമകരമായിരുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ സാമൂഹിക പ്രശ്നങ്ങളാണ്. അവയെക്കുറിച്ച് എഴുതുകയും ഉയർത്തി കാണിക്കുകയും ചെയ്യുകയെന്നതു സ്ത്രീകളുടെ മാത്രം ബാധ്യതയല്ല. നീതിയും സമത്വവുമുള്ള ഒരു സമൂഹമാണ് നമുക്കു വേണ്ടതെന്നു വിശ്വസിക്കുന്ന ഓരോ പത്രപ്രവർത്തകനും- സ്ത്രീയായാലും പുരുഷനായാലും അവരുടെ നലപാടാക്കി മാറ്റേണ്ടതാണ്.

O

*(മാധ്യമപ്രവർത്തക)*

ഒരു സ്ത്രീയെന്ന നിലയ്ക്ക് ജീവിതത്തിലൊരിക്കലും പ്രത്യേകമായ പദവിയോ അല്ലെങ്കിൽ മോശമായ അനുഭവങ്ങളോ അവൾക്കുണ്ടാകുന്നില്ല. പുരുഷനെപ്പോലെ തുല്യസ്വാതന്ത്ര്യം അവളും അനുഭവിക്കുന്നു. അർധരാത്രി സുന്ദരിയായ ഒരു പെൺകുട്ടിക്ക് തനിയെ നടക്കാം. സ്ത്രീയുടെ നിത്യസാന്നിധ്യം എല്ലാ മേഖലകളിലും ദർശിക്കാം.

ലെബനൻ, ഇറാൻ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലെ സ്ത്രീകളുടെ ജീവിതം ഇന്ത്യയെയും ബംഗ്ളദേശിനെയും അപേക്ഷിച്ച് എത്രയോ മെച്ചപ്പെട്ടതാണ്. അവികസിതരാജ്യമായ ഇന്ത്യയിൽ സ്ത്രീകൾ പാശ്ചാത്യ സ്ത്രീകളെ ബാഹ്യമായി അനുകരിക്കുന്നു. ഉദാഹരണത്തിന് ഫാഷനും സ്റ്റൈലും. ഇതു പാശ്ചാത്യ മാധ്യമങ്ങൾ സൃഷ്ടിച്ചെടുത്ത തെറ്റിദ്ധാരണയാണ്. അവർ സ്ത്രീശരീരത്തെ ഉൽപ്പന്നം മാത്രമായാണ് കാണുന്നത്. ഉപയോഗിച്ചു കഴിഞ്ഞാൽ വലിച്ചെറിയാനുള്ള ഒരു വാണിജ്യോൽപ്പന്നം. അവളെ ഒരു മനുഷ്യജീവിയായിപ്പോലും അവർ കാണുന്നില്ല. ഇങ്ങനെ അവളെ അടിച്ചമർത്തുകയും അവളുടെ സർഗാത്മകതയെ കൊല്ലുകയും ചെയ്യുന്നു. ഖേദകരമെന്നു പറയട്ടെ, നമ്മുടെ സ്ത്രീകൾ മാതൃകയാക്കുന്നതാകട്ടെ ഈ ചരക്കുകളെയും.

ആധുനികസ്ത്രീ എന്നാൽ ഒരു തരത്തിലുമുള്ള ചൂഷണങ്ങൾക്കും വിധേയമാകാത്ത സ്ത്രീയാണ്. ലെബനൻ, ഇറാൻ പോലുള്ള രാജ്യങ്ങളിൽ സിനിമാ നിർമ്മാതാക്കളും എഴുത്തുകാരും സ്ത്രീകളാണ്. എന്റെ കാഴ്ചപ്പാടിൽ അവരാണ് യഥാർത്ഥ ആധുനിക സ്ത്രീകൾ. മറിച്ച്, ഒരു ഉൽപ്പന്നമെന്ന നിലയിൽ സ്വന്തം ശരീരത്തെ പ്രദർശനവസ്തുവാക്കുന്നവർ സ്വയം അടിമകളാവുകയാണ്.

ഒരു പുരുഷന് അവന്റെ എഴുത്തിൽ ഒരിക്കലും ഒരു സ്ത്രീയെ അവതരിപ്പിക്കാൻ കഴിയില്ലെങ്കിലും എന്റെ കാഴ്ചപ്പാട് സ്ത്രീപക്ഷമാണ്. ഞാനൊരു പെണ്ണാണ് എന്ന് എനിക്കു തോന്നാറുണ്ട്, ഒരു ഫെമിനിസ്റ്റ് അംഗീകരിച്ചാലും ഇല്ലെങ്കിലും. എന്റെ സീറോ ഡിഗ്രി എന്ന നോവലിൽ അതു നിങ്ങൾക്കു കാണാൻ സാധിക്കും. പല അമേരിക്കൻ വായനക്കാരും അതൊരു പുരുഷന്റെ കൃതിയാണെന്ന് ഇനിയും വിശ്വസിച്ചിട്ടില്ല.







മലയാള സാഹിത്യം സ്ത്രീയെ എങ്ങനെ ചിത്രീകരിക്കുന്നു എന്നതിനെക്കുറിച്ച് വ്യക്തമായി പറയാൻ എനിക്കു കഴിയില്ല. മലയാള സാഹിത്യം ഞാൻ വായിക്കുന്നത് തർജ്ജമകളിലൂടെയാണ്. എങ്കിലും കേരളസമൂഹം പുരുഷ കേന്ദ്രീകൃതമാണ്. സ്ത്രീയോടുള്ള നിലപാട് അക്രമപരവും അടിച്ചമർത്തലുമാണ്. മലയാളം എഴുത്തുകാരികൾ ഈ വെല്ലുവിളി നേരിടേണ്ടതുണ്ട്.

ഒരു പെൺകുട്ടിയും സ്ത്രീയും ഒരിക്കലും ഒന്നല്ല. പലപ്പോഴും പെൺകുട്ടികളാണ് സ്ത്രീയെക്കാൾ അടിച്ചമർത്തപ്പെടുന്നവർ. തൊട്ടിലിൽനിന്ന് തുടങ്ങുന്നു അത്. രക്ഷിതാക്കളോ അധ്യാപകരോ മുതിർന്നവരോ കുടുംബമോ ആരും തന്നെ അവളുടെ സ്വാതന്ത്ര്യത്തിന് ഇടം നൽകുന്നില്ല. അവൾക്ക് സ്വന്തം ഇഷ്ടം പോലെ കളിക്കാനോ ഭാവി തീരുമാനിക്കാനോ കഴിയുന്നില്ല. അവളുടെ താൽപ്പര്യങ്ങളെ കുടുംബം കൊട്ടിയടയ്ക്കുന്നു. അവൾ ജീവിക്കുന്ന ഒരിടത്തും അവൾക്ക് അഭിപ്രായങ്ങളില്ല. പ്രതികരിച്ചാൽ കിട്ടുന്നത് ചീത്തപ്പേരും. ഈ സാഹചര്യം എത്രയോ സങ്കീർണവും ഗുരുതരവുമാണ്. അതിനാൽ, ഒരു പ്രത്യേക ശൈലിയിൽ അവൾ പ്രതികരിക്കേണ്ടതുണ്ട്. വ്യവസ്ഥകൾക്കുള്ളിൽ നിന്ന്, കുടുംബത്തെ മാനിച്ചുകൊണ്ട് അവൾ അതിരുകൾക്കപ്പുറം സഞ്ചരിക്കേണ്ടതുണ്ട്.

സത്യം. കേരളത്തിലെ ക്യാംപസുകളിലെ പെൺകുട്ടുകളെക്കുറിച്ച് എനിക്കറിയില്ല. പക്ഷേ, തമിഴ്നാട്ടിലെ അവസ്ഥ പരിതാപകരമാണ്. മറ്റാരെയും പിന്തുടരാനില്ലാത്തതിനാലാവാം പാശ്ചാത്യ മോഡലുകളെ അവർ ഇത്ര അന്ധമായി അനുകരിക്കുന്നത്. എന്നാൽ, പാശ്ചാത്യ പെൺകുട്ടികളുടെ യഥാർത്ഥ ചിത്രം ഇവിടെ അനുകരിക്കുന്നതല്ല. അവിടെ ക്യാംപസ് പെൺകുട്ടികൾ രാഷ്ട്രീയ പ്രകൃതമുള്ളവരാണ്. അവർ സാമൂഹിക-സാംസ്കാരിക ജീവികളാണ്. എന്നാൽ, ഇന്ത്യൻ ക്യാംപസിലെ പെൺകുട്ടികൾ സാമൂഹിക-രാഷ്ട്രീയ ചുറ്റുപാടിനെക്കുറിച്ച് തീരെ അവബോധരല്ല. അവർ മുഖ്യധാരാ കച്ചവട സിനിമകളിലും ടിവി ചാനലുകളിലും മൊബൈൽ ഫോണിലും അടിച്ചമർത്തപ്പെട്ടിരിക്കുകയാണ്. നൂറോളം എസ്.എം. എസുകൾ ഓരോ ദിവസവും അയയ്ക്കു

ന്ന ഒരുപാട് പെൺകുട്ടികളെ എനിക്കറിയാം. അമിതമായ മൊബൈൽ ഉപയോഗം കാരണം അവരുടെ കൈകൾ പലപ്പോഴും വിറയ്ക്കാറുണ്ട്. ലൈംഗികപീഡനങ്ങൾക്കുവരെ ഇതു കാരണമാകുന്നു.

വളരെ മോശമായ രീതിയിൽ അവൾ സ്വാതന്ത്ര്യത്തെ തെറ്റിദ്ധരിച്ചു. വിജ്ഞാനത്തിലൂടെയും വിവേകത്തിലൂടെയും സ്വാതന്ത്ര്യം നേടുന്നതിനു പകരം കച്ചവട സിനിമകളിലും മൊബൈൽ ഫോണിലും അവർ അടിമപ്പെടുന്നു. അവസാനം, ഒരു വിവാഹത്തിൽ കാര്യങ്ങൾ അവസാനിക്കുക മാത്രമല്ല, കൂടുതൽ പ്രശ്നങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയും ചെയ്യുന്നു. ജീവിതം ദുരിതപൂർണമാവുന്നു. തമിഴ്നാട്ടിലെ പല പെൺകുട്ടികളും ഇന്നു ഭയാനകമായ കുറ്റകൃത്യങ്ങളിൽ പങ്കാളികളാവുകയാണ്. അടുത്തകാലത്ത്, ഒരു പെൺകുട്ടി ഏഴു വയസ്സുള്ള ആൺകുട്ടിയെ കൊല്ലുകയും മൃതദേഹം പെട്ടിയിലാക്കി ബസിൽ കയറ്റി വിടുകയും ചെയ്തു. ഈ പെൺകുട്ടി വിവാഹിതനും പിതാവുമായ ഒരാളുമായി പ്രണയത്തിലാവുകയും പിന്നീട്, തനിക്കു വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നു കണ്ടപ്പോൾ കാമുകന്റെ മകനെ കൊലപ്പെടുത്തുകയുമാണുണ്ടായത്. 60,000 രൂപ മാസവരുമാനം ലഭിക്കുന്ന, വിദ്യാഭ്യാസമുള്ള 22 വയസ്സുള്ള യുവതിയാണവർ. ഇങ്ങനെ, അഭ്യസ്തവിദ്യരായ ഒരുപാട് പെൺകുട്ടികൾ അവരുടെ ജീവിതം ജയിലറകളിൽ കഴിച്ചുകൂട്ടുകയാണ്. ഈ വിഷയമാണ് എന്റെ പുതിയ നോവലായ കാമരൂപ കഥൈകളിലെ പ്രമേയം.

പെൺകുട്ടികളോട് എനിക്കു പറയാനുള്ളത് നിങ്ങൾ മാധ്യമങ്ങളെ ആശ്രയിക്കാതിരിക്കുക എന്നതാണ്. ബദൽ മാധ്യമങ്ങളിലേക്കും ബദൽ സിനിമകളിലേക്കും അവർ തിരിയേണ്ടതുണ്ട്. ഉദാഹരണത്തിന് അമേരിക്കയിൽ പ്രസിദ്ധീകരിക്കുന്ന ഓൺലൈൻ മാഗസിനാണ് അൽ ജദീദ്. ലണ്ടനിൽനിന്നു പ്രസിദ്ധീകരിക്കുന്ന ബനിപാൽ ശ്രദ്ധിക്കുക. സർഗാത്മകതയിലൂടെ പുതുക്കിയെടുക്കാനും കൂടുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ബദൽ സംവിധാനങ്ങൾ ഉൾക്കൊണ്ടേ മതിയാകൂ.

o

# ഇനി മുന്നേറ്റം അനിവാര്യം

വിവാഹത്തിന്റെയും വിവാഹമോചനത്തിന്റെയും ആശയങ്ങൾ ഒരുപോലെ പ്രചാരത്തിൽ വരേണ്ടത് കുടുംബത്തിന്റെ സ്ത്രീസൗഹാർദ്ദപരമായ ഉടച്ചുവാർക്കലിന് അനിവാര്യമാണ്. സ്ത്രീയെ വ്യക്തി എന്ന നിലയിലേക്ക് ഉൾക്കൊള്ളാൻ സാധിക്കുക എന്നത് കേരള സമൂഹത്തിൽ വരേണ്ട കാതലായ ഒരു മാറ്റമാണ്.

വിദ്യാഭ്യാസവും തൊഴിലും നൽകുന്ന സ്ഥാപനങ്ങളും സ്വാതന്ത്ര്യവും സ്ത്രീയെ മുഴുവനായും ശാക്തീകരിക്കുകയോ സ്ത്രീയുടെ വ്യക്തിത്വവും ഉറപ്പു വരുത്തുകയോ ചെയ്യുന്നില്ലെന്നതു കേരളത്തിന്റെ പശ്ചാത്തലത്തിൽ ഉറപ്പിച്ചു പറയാവുന്ന കാര്യമാണ്.

വിവാഹം പോലെ തന്നെ വിവാഹമില്ലായ്മയുടെ ബദൽ ജീവിതരീതികളെ കുറിച്ചും നമ്മുടെ സമൂഹം അറപ്പില്ലാതെയും ഭീതിയില്ലാതെയും സ്വാഭാവികമായി കാണാൻ പരിശീലിക്കേണ്ടിയിരിക്കുന്നു.

ഇതിൽ സ്ത്രീക്കും പുരുഷനും പ്രണയാധിഷ്ഠിതമായ തീരുമാനമെടുപ്പിന്റെ സ്വാതന്ത്ര്യം മാത്രമാണ് പ്രധാനം എന്ന ആശയഗതിക്ക് പ്രചാരം ലഭിക്കേണ്ടിയിരിക്കുന്നു.

കുടുംബത്തിന്റെയും വിവാഹത്തിന്റെയും നിലനിൽപ്പ് മാത്രമല്ല പ്രധാനം, അതിലെ അംഗങ്ങളുടെ മാനസിക-ശാരീരിക-സാമൂഹികാരോഗ്യമാണ് പ്രധാനം എന്ന ചിന്ത വേണം. ആരോഗ്യകരമായ ബന്ധത്തെ നിർണയിക്കുന്നത് അതിന്റെ അവസാനമില്ലാത്ത നിലനിൽപ്പ് മാത്രമല്ല, ആത്മസംതൃപ്തി കൂടിയാണ് എന്ന തലത്തിലേക്കു നാം മാറണം.

മനുഷ്യന്റെ ക്രിയാത്മകതയ്ക്കും സന്തോഷത്തിനും മാനസിക-ശാരീരിക ഉല്ലാസത്തിനും ഉതകാത്ത ഏകതാനമായ സ്ഥാപനവത്കൃത ജീവിതരീതിയെ അഴിച്ചു പണിയുന്നതിൽ സ്ത്രീപക്ഷ തത്വങ്ങളിലൂടെയുള്ള മുന്നേറ്റങ്ങൾ ഇനിയും ശക്തി പ്രാപിക്കേണ്ടിയിരിക്കുന്നു.

○

***(ആക്ടിവിസ്റ്റ്)***

ഡൽഹി യൂണിവേഴ്സിറ്റിക്കു കീഴിലുള്ള ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിലെ സോഷ്യോളജി ഡിപ്പാർട്ട്മെന്റിൽ എം.എ. വിദ്യാർത്ഥി. ഇന്ത്യൻ സാഹചര്യങ്ങളിലെ യഥാർത്ഥ സ്ത്രീയുടെ സമൂഹശാസ്ത്ര രേഖ.

സ്ത്രീത്

കെ.എസ്. ഹക്കീം





# ജാതിപ്പരിഷകൾക്കിടയിൽ ഒരു വടക്കൻ പെൺകുട്ടി

തുഷാര ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽ എം.എ. സോഷ്യോളജി വിദ്യാർത്ഥിനിയാണ്. എന്റെ സഹപാഠി. സോഷ്യോളജി വകുപ്പിലെ സെമിനാർ ഹാളിൽ ദുരഭിമാന ഹത്യ എന്ന വിഷയത്തെക്കുറിച്ച് ചർച്ച നടക്കുകയാണ്. ഉത്തരേന്ത്യയിൽ വ്യാപകമായി ദുരഭിമാനഹത്യ വാർത്തകൾ മാധ്യമങ്ങളിൽ നിറഞ്ഞുനിന്നിരുന്ന ദിനങ്ങളായിരുന്നു അത്. ഞാനും തുഷാരയും അടുത്തടുത്തിരുന്നു. പരിചയപ്പെട്ടു. ഡൽഹിയോടടുത്തു കിടക്കുന്ന ഹരിയാനയിലെ ഒരു കുഗ്രാമത്തിൽനിന്നാണ് തുഷാര വരുന്നത്. രണ്ടര മണിക്കൂറോളം ബസിൽ യാത്ര ചെയ്താണ് കോളേജിലെത്തുന്നത്. ഏറെ മാധ്യമശ്രദ്ധ നേടിയ വിഷയമായതിനാലാകാം സദസ്സ് നിശബ്ദമായിരുന്നു. ഉത്തരേന്ത്യയിൽ ഈ കാട്ടുനീതി കൂടുതലും അരങ്ങേറിയത് ഹരിയാനയിലായിരുന്നു. തന്റെ നാട് നൊട്ടോറിയസാണല്ലോ എന്നു പറഞ്ഞ എനിക്ക് പിന്നാലെ ക്ഷമ ചോദിക്കേണ്ടി വരികയും ചെയ്തു. എന്റെ തമാശയുടെ ചുവ കൊണ്ടായിരുന്നില്ല അവളുടെ കണ്ണു നിറഞ്ഞത്. അതവളുടെ ആത്മാഭിമാനത്തിനേറ്റ ക്ഷതത്തിന്റെ ഓർമ്മപ്പെടുത്തലായിരുന്നു.

അവരുടെ നാട്ടിൽ, അവളെപ്പോലുള്ള പെൺകുട്ടികൾക്ക് നേരിടേണ്ടി വരുന്ന വിചിത്രമായ അനുഭവങ്ങളാണ് അവളുടെ കണ്ണു നനയിച്ചത്. പ്രിയദർശൻ സിനിമകളിൽ നാം കണ്ടതുപോലെ ആൽമരത്തിനു ചുവട്ടിലിരുന്ന് നാട്ടുക്കൂട്ടത്തിന്റെ വിധി പ്രഖ്യാപനം നടത്തുന്നതിന്റെ മറ്റൊരു പതിപ്പ്. ഹരിയാനയിൽ നാട്ടുകൂട്ടമല്ല ജാതിപ്പഞ്ചായത്തുകളാണ് ശിക്ഷ വിധിക്കുക. ജാതിപ്പഞ്ചായത്തുകളും പ്രമാണികളും ചേർന്ന് ഓരു ജാതിയിൽ ജനിച്ചവർ എങ്ങനെ ജീവിക്കണമെന്ന് അനുശാസിക്കുന്നു. ജനാധിപത്യം അവർക്കന്യം. പലപ്പോഴും ജാതിപ്പഞ്ചായത്തുകളുടെ തിട്ടൂരങ്ങളിൽ ബലിയാടാവേണ്ടി വരുന്നത് ആ ജാതിയിലെതന്നെ പെൺകുട്ടികളായിരുന്നു. അന്യജാതിയിൽപ്പെട്ട ആരുമായും, പ്രത്യേകിച്ച് പുരുഷന്മാരുമായി ഇടപെടാൻ ജാതിപ്പഞ്ചായത്ത് അനുവദിക്കാറില്ല. വിവാഹം ജാതിക്കകത്തുനിന്നു മാത്രം. ലംഘിച്ചാൽ മരണശിക്ഷ. പ്രമാണിമാർക്കെല്ലാം ഒന്നിലധികം ഭാര്യമാരാകാം. ജാതിപ്പരിഷകളുടെ നിർബന്ധങ്ങൾക്കും നിബന്ധനകൾക്കും ഇടയിൽ പെടാപ്പാടു പെടുന്ന പെൺകുട്ടികളുടെ പ്രതിനിധിയായിരുന്നു തുഷാര. പിന്നീടു തുഷാര കേരളത്തിലെ പെൺകുട്ടികളുടെ അവസ്ഥയെ കുറിച്ചു ചോദിച്ചപ്പോൾ ഞാൻ സംശയിച്ചു. ശരിയാണ് ഹരിയാനയല്ല കേരളം. കേരളത്തിലും അവനവന്റെ ജാതിയും ജാതിക്കാരനുമാണ് പ്രധാനം. പുറമെ പുരോഗമനവാദിയും സെക്കുലർ ജനാധിപത്യവാദിയും ആയ ശരാശരി മലയാളി കാര്യത്തോടടുക്കുമ്പോൾ ജാതിയിലും മതത്തിലും അഭിരമിക്കുന്നതിൽ ആനന്ദം അനുഭവിക്കുന്നവനാണ്.





സിസ്റ്റർ ജെസ്മി

രൂക്ഷവും കപടവുമായ സഭാനിലപാടുകൾക്കെതിരെ നിശ്ചയദാർഢ്യത്തോടെ നേരിന്റെ വഴിയിലേക്കിറങ്ങിയ ധീരവനിത

കെ.ആർ. ടോണി



# കാത്തുവെക്കേണ്ടത് അത്തർ?

**എം. സുമയ്യ**
(ബി.എ. ഇംഗ്ലീഷ്)

നല്ല പട്ടവും പമ്പരവും സ്വപ്നം കാണുന്ന കുട്ടിക്കാലത്ത് 'നല്ലോം ചോറ് തിന്ന്ട്ട്ല്ലെങ്കി നല്ല പുയ്യ്യാപ്ളേനെ കിട്ടൂല' എന്ന് ഉമ്മാമയും ഉമ്മയും പറഞ്ഞിരുന്നു. ഏതാണ് ഒരു പെൺകുട്ടിക്കു നല്ലത്, ഏതാണ് ഒരു പെൺകുട്ടിക്ക് അനുയോജ്യം എന്ന പരികൽപ്പന വേരോടുന്നതിന്റെ വഴികളിലൊന്ന്. ആദ്യത്തേത് വർത്തമാനകാലത്തിന്റെ ചില്ലുപാളികളിലൂടെ പുറത്തുവരുന്ന പെൺകുട്ടിയെ കുറിച്ചുള്ള ചിത്രം. പെൺകുട്ടിയിൽനിന്ന് സ്ത്രീയിലേക്കുള്ള ദിശാമാർഗങ്ങൾ. സ്ത്രീ എന്ന ആശയത്തെ ആസ്പദമാക്കി ചർച്ചയൊരുക്കപ്പെടുന്നു എന്നറിയിക്കുന്ന പോസ്റ്ററിൽ കണ്ണുടക്കിയപ്പോഴാണ് കല്യാണത്തിലും ജീവിതപങ്കാളിയിലും മാത്രം പൊതിഞ്ഞുവെച്ച ഉത്തര കേരളത്തിലെ ഒരു പെൺകുട്ടിയുടെ ബാല്യ, കൗമാര, യൗവന ഘട്ടങ്ങളെ ഓർത്തുപോയത്. ഉന്നത വിദ്യാഭ്യാസം നേടി ഈ ചട്ടക്കൂട് ഭേദിക്കണമെന്ന്, പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കണമെന്ന് ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുമ്പോഴും നമ്മുടെ നാട്ടിലെ ഒരു പെൺകുട്ടിക്ക് വിവാഹചിന്ത പ്രബലമായി നിലകൊള്ളുന്നു.

നിഷ്കളങ്കതയുടെ കളിചിരികൾക്കിടയിൽ പുയ്യ്യാപ്ളയും കല്യാണവുമൊക്കെ അടുത്ത വീട്ടിലോ ബന്ധുക്കളുടെ വീട്ടിലോ പോയി ബിരിയാണി തട്ടാനുള്ള വമ്പൻ അവസരങ്ങളായിരുന്നു. കല്യാണരാവിലെ മൈലാഞ്ചിയിടലും പുത്തനുടുപ്പിട്ട് കൂട്ടുകാരോടൊത്ത് പന്തലിൽ ഓടിക്കളിക്കലുമായി അന്ന് കല്യാണങ്ങൾ ബഹളമയമായിരുന്നു, ഹരമായിരുന്നു. ആൺപെൺ ഭേദമന്യേ കുട്ടിക്കാലം വിവാഹസൽക്കാരങ്ങളുടെയും അതിലൂടെ ആൺപെൺ ബന്ധങ്ങളെയും ആഘോഷമാക്കി.

ബാല്യവും കൗമാരവും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നില്ല. ക്ഷണിക്കാതെ വന്നെത്തുന്ന വളർച്ചയിൽ ബാല്യത്തിലെ പെൺശരീരം കൈകളിലും കാലുകളിലും മാത്രമായി മൈലാഞ്ചിച്ചുവപ്പിനെ തടഞ്ഞുനിർത്തിയിരുന്നെങ്കിൽ... പക്ഷേ, പെൺകുട്ടി ഋതുമതിയാവുക എന്നത് പ്രകൃതിയിലെ പരമസത്യം. പെൺകുട്ടി ആശിച്ചില്ലെങ്കിലും അനിവാര്യത. ആരും ഈ ശാരീരിക മാറ്റത്തെ തടയുന്നില്ല. എന്നാൽ ഋതുഭേദത്തിന് പല മാനങ്ങളും കൽപ്പിച്ച് നൽകാൻ നാം മടിക്കാറില്ല. പ്രകൃതിയിലെ വിഭവങ്ങളെ വിളവാക്കി മാറ്റാൻ കടന്നുപോകുന്ന ശരത്കാലം കണക്കെ കൗമാരത്തിലെത്തുന്ന പെൺകുട്ടി ലോകത്തിന്റെ കണ്ണിലും കാതിലും വളർച്ച പ്രാപിച്ചവളാണ്. വൈകാരിക പക്വതയിൽ എത്തിയിട്ടില്ലെങ്കിലും അവളതിന് 'ഒന്നിനാത്രം' വളർന്നവളാണ്.



ഹാഫിസ്



പെൺകുട്ടിയുടെ ശരീരം കോളനിയാക്കാൻ പോന്ന പ്രായമായിട്ടാണ് കൗമാരം കാക്കമാർക്കും താത്തമാർക്കും മുന്നിൽ അവതീർണമാവുന്നത്. അതുകൊണ്ടുതന്നെയാണ് ബാല്യത്തിലെ 'വല്യ കുട്ട്യാവ്ണ്'ണ്ടല്ലോ എന്ന സ്ഥിരം കമന്റ്. കെട്ടിക്കാറായി എന്ന അർത്ഥങ്ങളുടെ ഗർഭഭാരം ചുമക്കുന്ന ഒറ്റവാക്കിലേക്ക് കൗമാരം വഴിമാറുന്നത്.

അങ്ങനെയാവുമ്പോൾ, യൗവനത്തിലൂടെയുള്ള കടന്നുപോക്ക് പെൺകുട്ടിക്ക് ഈ സാമൂഹികാവബോധത്തോടുള്ള ഒരുതരം രമ്യപ്പെടലാണ്. ടക്ക് കളിയും ഒളിച്ചുകളിയും എല്ലാം നിർത്തി വീടിന്റെ ഉള്ളറകളിലൊതുങ്ങുന്ന വിനോദങ്ങളിൽ സ്വയം തളച്ചിട്ടും ശബ്ദം താഴ്ത്തി സംസാരിച്ച് ശീലിച്ചും എതിർ ലിംഗത്തോട് താഴ്മ പ്രകടിപ്പിച്ചും പെണ്ണ് എന്ന ശക്തിതലത്തിൽനിന്നും സ്ത്രീ എന്ന അബലതലത്തിലേക്കുള്ള ഊർന്നിറക്കം നടത്തത്തിലും സംസാരത്തിലും പ്രവർത്തനത്തിലും അവർ കൊണ്ടുവരുന്നുണ്ട്. ഇതുപോലൊരു സാഹചര്യമാണ് ക്യാംപസ് ലോകവും അടയാളപ്പെടുത്തുന്നത്. ഒരു അധ്യാപകൻ-അധ്യാപിക നിർദേശിക്കുന്നതനുസരിച്ച് പേരും സ്ഥലവും ജോലിയെക്കുറിച്ചുള്ള സ്വപ്നങ്ങളും പറഞ്ഞിട്ടാണല്ലോ ഉന്നതവിദ്യാഭ്യാസത്തിന്റെ തുടക്കം. നാം പുതിയ കൂട്ടുകാരെ പരിചയപ്പെടുന്നതും സ്വയം പരിചയപ്പെടുന്നതും ഇങ്ങനെ. ക്ലാസിന്റെ ഏറ്റവും മുന്നിൽ ഒത്തനടുവിലായി അന്ന് ടീച്ചറാവണം, ജേണലിസ്റ്റാവണം, ഡയറക്ടറാവണം എന്നു പറഞ്ഞു പരിചയപ്പെടുത്തിയ കൂട്ടുകാരികളിൽ പലരും ഒരു സുപ്രഭാതത്തിൽ അതേസ്ഥലത്തു വന്നുനിന്ന് 'നാളെ എന്റെ കല്യാണമാണ്, വരണം' എന്നു പറയുന്നു.

ജേണലിസ്റ്റ്-അധ്യാപിക ഭാര്യയ്ക്കു മുന്നിൽ വഴിമാറുന്നു. വഴി മാറ്റുന്നു. ഞാനാണ് ഏറ്റവും വലിയ ഭാഗ്യവതി എന്ന വിചാരത്തോടെ മുന്നിൽ നിൽക്കുന്നു. കോളേജിൽ അത്രയും ദിവസം വന്നതിനു ന്യായമുണ്ട്. അന്നത്തെപ്പോലെ തല താഴ്ത്തിയല്ല, ഞെളിഞ്ഞു നിവർന്നുനിന്ന് പറയും- ചെക്കന്റെ പേര്, നാട്, യോഗ്യത. കൂടാതെ എത്ര പവൻ, ഏതു വണ്ടി, ഏതു വസ്ത്രം തുടങ്ങി എല്ലാ എ, ഏ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ. സ്വപ്നങ്ങൾ ആരുമറിയാതെ യാഥാർത്ഥ്യങ്ങൾക്കു വഴി മാറുന്നത് പെൺകുട്ടി പോലും അറിയുന്നില്ല.

അങ്ങനെ, സ്ത്രീ ശാക്തീകരണത്തിന്റെയും സ്ത്രീ സ്വാതന്ത്ര്യത്തിന്റെയും വക്താക്കളാകാൻ ആഗ്രഹിച്ച എന്റെ പെൺസുഹൃത്തുക്കളിൽ പലരും അമ്പരപ്പു സൃഷ്ടിച്ച് വേദിയിൽനിന്ന് പിൻവാങ്ങുന്നു. കാണികൾ കൂടുകയും വേദിയിലുള്ളവർ കുറയുകയും ചെയ്യുമ്പോൾ ആഭരണങ്ങളുടെ വലിപ്പത്തിനുള്ളിൽ വിഷാദിച്ചുനിന്ന അവരുടെ കുട്ടിത്തം അവർപോലുമറിയാതെ ഒഴുകിപ്പോയി. വിവാഹസൽക്കാരങ്ങൾ അപ്പോൾ മൗനം വ്യാകുലതയോടെ ചുറ്റിനിന്ന മേളകളായി. മയക്കത്തിന്റെ സുഖാലസ്യത്തിൽ പുതച്ചു കിടന്നിരുന്ന ഓരോ ഞായറാഴ്ചകളിൽ പരിചയമുള്ളവരും ഇല്ലാത്തവരുമായി സ്വപ്നങ്ങളുടെ പടവുകളിൽനിന്ന് ഇറങ്ങിക്കൊണ്ടിരുന്നു. ഞായറാഴ്ചകൾ ഇപ്പോൾ നഷ്ടപ്പെടലിന്റെ വേദനിക്കുന്ന ഓർമകളാണ്.

മാനസികമായി ഭാര്യയുടെ കുപ്പായത്തിലേക്കു കയറിക്കൂടാൻ ബുദ്ധിമുട്ടിയിട്ടും തട്ടമിട്ട എന്റെ കൂട്ടുകാരികൾ മാര്യേജ് എന്ന സങ്കൽപ്പവുമായിട്ട് പ്രണയത്തിലാവുന്നത് എന്തുകൊണ്ടാണ്? ആൺ-പെൺ ബന്ധങ്ങളെക്കുറിച്ചും നിത്യപ്രണയത്തെക്കുറിച്ചും കാമത്തെക്കുറിച്ചും ഉള്ള ആൽബങ്ങളിലൂടെയും സിനിമകളിലൂടെയും വനിതാ പ്രസിദ്ധീകരണങ്ങളിലൂടെയും വെളിവാക്കപ്പെടുന്ന നിലവിലുള്ള ഫൈവ് സ്റ്റാർ സങ്കൽപ്പങ്ങളായിരിക്കാം അവരെ തളച്ചിടുന്നത്. ഇതുകാണ്ടാവാം ലോകമിത്രയൊക്കെ വളർന്നിട്ടും സ്ത്രീത്വത്തിന്റെ പരമ്പരാഗത സങ്കൽപ്പത്തിൽ അവരും ചെന്നെത്തിപ്പെടുന്നത്.

**ക്ലാസിന്റെ ഏറ്റവും മുന്നിൽ ഒത്തനടുവിലായി അന്ന് ടീച്ചറാവണം, ജേണലിസ്റ്റാവണം, ഡയറക്ടറാവണം എന്നു പറഞ്ഞു പരിചയപ്പെടുത്തിയ കൂട്ടുകാരികളിൽ പലരും ഒരു സുപ്രഭാതത്തിൽ അതേസ്ഥലത്തു വന്നുനിന്ന് 'നാളെ എന്റെ കല്യാണമാണ്, വരണം' എന്നു പറയുന്നു.**

**കഥകളി മുദ്രകളുമായി ശൃംഗാര രസത്തിലിരിക്കുന്നവർ, സംശയിക്കേണ്ട, കോളേജിലെ അത്യാധുനികരെന്നു സ്വയം ധരിക്കുന്ന പരസ്പരം അറിഞ്ഞാലും ഇല്ലെങ്കിലും എനിക്കു പ്രിയപ്പെട്ട എന്റെ പെൺകൂട്ടുകാരാണ്. ഒരുമിച്ചിരുന്ന് ലൈബ്രറിയിൽ പുസ്തകം വായിക്കാനനുവദിക്കാത്ത സഹൃദയന്റെ സഹൃദയത്വം യാഥാർത്ഥ്യമാണ്. ഇതിനു മധുരപ്രതികാരമായി കോളേജ് ഗേറ്റിനു പുറത്ത് ബസിലും കൂൾബാറിലുമായി തട്ടിയും മുട്ടിയും സീറ്റില്ലെങ്കിൽ മടിയിലിരുന്നും സമത്വം കൊണ്ടാടുന്നുണ്ട് ആൺകുട്ടികളും പെൺകുട്ടികളും. മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും ആർക്കാണു കേട്(ചേതം???), എനിക്കില്ല, നിങ്ങൾക്കുണ്ടാവേണ്ടതില്ല എന്നാണു പുത്തനുടുപ്പിട്ട സ്വപ്നങ്ങളുടെ വാദം.**





നമ്മുടെ നാട്ടിലെ ഒരു ശരാശരി പെൺകുട്ടിക്കു ജീവിതം രണ്ടു ഘട്ടങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നു തോന്നാറുണ്ട്. വിവാഹപൂർവ്വ, വിവാഹാനന്തര ഘട്ടങ്ങൾ. ഈ രണ്ടു കാലത്താണ് ശരീരത്തെയും മനസ്സിനെയും കെട്ടിയിടാൻ ശ്രമിക്കുന്നത്. കൂട്ടുകാരികൾ തമ്മിലുള്ള അടക്കംപറച്ചിലുകൾ സ്ത്രീയും സ്ത്രീത്വവും വഴിവിട്ട വിവാഹപൂർവ്വ ബന്ധങ്ങളിൽ ബന്ധനസ്ഥയായ സ്ത്രീയുടെ കഥ പറയുന്ന സീരിയലുകളുടെ എപ്പിസോഡുകളാക്കി പരിമിതപ്പെടുത്തുന്നു. പുരുഷത്വത്തിന്, കല്യാണസൗഗന്ധികത്തിനായി അലഞ്ഞ ഭീമന്റെ ഹൃദയത്തിന്റെ ചുവയാണ്. ഗഹനമായചിന്തകൾ സംഭാഷണങ്ങളുടെ അടിത്തട്ടിൽപോലും ഇല്ലാത്തവണ്ണം പരിമിതദൗത്യങ്ങൾ വഹിക്കുന്നവയായിപ്പോകുന്നു.

ഇതു ക്യാംപസിനുള്ളിലെ പെൺകുട്ടിയാണ്. കലാലയകവാടത്തിന്റെ പിന്നാമ്പുറങ്ങളിലുള്ള പെൺകുട്ടിയും ക്യാംപസിലുള്ള പെൺകുട്ടിയും തെരുവിൽ നിറയുന്ന വർണദൃശ്യങ്ങളൊരുക്കുന്നതിൽ വ്യത്യസ്തരല്ല. പക്ഷേ, തന്റെ സ്വാതന്ത്ര്യത്തിൽ കൈകടത്തലുകൾ ഇല്ലാതിരിക്കുമ്പോൾ കലാലയ കവാടത്തിന് പുറത്തുവരുന്ന പെൺകുട്ടിയിൽ വ്യതിയാനങ്ങൾ ഉണ്ടാവുന്നുണ്ട്.

കാരണം എല്ലാ കലാലയങ്ങളുടെയും നേരെമുന്നിൽ ഒരു തറവാടിരിപ്പുണ്ട്. എത്ര മഹിമയോടെയും കുലീനതയോടെയും കൂടിയാണെന്നോ ചില മൊഞ്ചത്തികൾ ഷേയ്ക്കും സ്നാക്സും ഇവിടെനിന്ന് ആസ്വദിക്കുന്നത്. ഒരു എസ്പിയുടെയോ ഐസ്ക്രീമിന്റെയോ രസത്തിൽ ജീവിതം രുചിച്ചുകൊണ്ടിരിക്കുന്ന ഇവർക്കിടയിൽ കാന്റീനിന്റെ പതിവു വിഭവങ്ങളിൽനിന്നു മാറി വിശപ്പടക്കാനായി മാത്രം എത്തുന്ന ചങ്ങാതിക്കൂട്ടങ്ങളും ഉണ്ട്. ഇരു കൂട്ടരെയും തിരിച്ചറിയാൻ ഒരു വഴിയുണ്ട്.


കഥകളി മുദ്രകളുമായി ശൃംഗാര രസത്തിലിരിക്കുന്നവർ, സംശയിക്കേണ്ട, കോളേജിലെ അത്യാധുനികരെന്നു സ്വയം ധരിക്കുന്ന പരസ്പരം അറിഞ്ഞാലും ഇല്ലെങ്കിലും എനിക്കു പ്രിയപ്പെട്ട എന്റെ പെൺകൂട്ടുകാരാണ്. ഒരുമിച്ചിരുന്ന് ലൈബ്രറിയിൽ പുസ്തകം വായിക്കാനനുവദിക്കാത്ത സഹൃദയന്റെ സഹൃദയത്വം യാഥാർത്ഥ്യമാണ്. ഇതിനു മധുരപ്രതികാരമായി കോളേജ് ഗേറ്റിനു പുറത്ത് ബസിലും കൂൾബാറിലുമായി തട്ടിയും മുട്ടിയും സീറ്റില്ലെങ്കിൽ മടിയിലിരുന്നും സമത്വം കൊണ്ടാടുന്നുണ്ട് ആൺകുട്ടികളും പെൺകുട്ടികളും. മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും ആർക്കാണു കേട്(ചേതം???), എനിക്കില്ല, നിങ്ങൾക്കുണ്ടാവേണ്ടതില്ല എന്നാണു പുത്തനുടുപ്പിട്ട സ്വപ്നങ്ങളുടെ വാദം.

വ്യക്തിപരം- മലപ്പുറം ജില്ലയിലെ പിന്നോട്ടു വലിഞ്ഞു കിടക്കുന്ന ഒരു ദേശത്തുനിന്ന് മുന്നോട്ടുപോകാൻ തയ്യാറായിരിക്കുന്ന ഞാനെന്തായി മാറിയാലും പറയട്ടെ- തട്ടമിട്ടു ഞാൻ കാത്തുവെച്ചത് അത്തറല്ല. എന്തായിരിക്കണമെന്നത് ദൃഢനിശ്ചയങ്ങളുടെ അഗ്നിച്ചിറകുകളിൽ ഉണ്ട്. മോഹങ്ങളുടെ പറക്കുന്ന പട്ടങ്ങളിലും കറങ്ങുന്ന പമ്പരങ്ങളിലുമുണ്ട്.

o

# ക്ഷേമസമൂഹത്തിനായുള്ള സ്ത്രീ സമൂഹം

ടി.പി. മൗറീൻ
(എം.സി.ജെ.)




ഇല്ലാതാകുമ്പോഴാണല്ലോ നാം അതിനെക്കുറിച്ച് ചിന്തിക്കുക. അന്ധനെ കാണുമ്പോൾ കാഴ്ചയെക്കുറിച്ചും മുടന്തനെ കാണുമ്പോൾ കാലുകളെക്കുറിച്ചും വർഗീയത വളരുമ്പോൾ മതേതരത്വത്തെക്കുറിച്ചും ചിന്തിക്കുകയാണു നമ്മുടെ രീതി. അങ്ങനെ മുലയൂട്ടൽവാരവും സഹകരണവാരവും ആചരിക്കുന്നു. അന്താരാഷ്ട്രതലത്തിൽ വനിതാദിനം ആചരിക്കുന്നതിന്റെ പിന്നിലും സ്ത്രീക്ക് എന്തോ നഷ്ടപ്പെടുന്നു എന്ന ചേതോവികാരം തന്നെയാണ്. ഒരു ഭാഗത്ത് ലിംഗസമത്വത്തിനായി വാചാടോപം നടത്തുന്ന സ്ത്രീ പക്ഷപാതികളും സ്ത്രീ വിമോചനക്കാരും. മറുഭാഗത്ത് സ്ത്രീ അബലയാണ്, അവൾ പുരുഷന്റെ തണലിൽ വളരേണ്ടവളാണ് എന്ന വാദക്കാർ. സ്ത്രീത്വത്തെ അന്വേഷിക്കാനും നിർവ്വചിക്കാനും ഈ രണ്ടു രീതികളും അപര്യാപ്തമാണ് എന്നതാണു സത്യം.

ഭൂമിയുടെ പര്യായമാണ് സ്ത്രീ എന്നു പറയാറുണ്ട്. മാനവികതയുടെ സൃഷ്ടിയിലും വളർച്ചയിലും സ്ത്രീ അനുഷ്ഠിക്കുന്ന ധർമ്മം പുരുഷനെക്കാൾ മഹത്തരമാണ്. അതിനായി അവൾ അനുഷ്ഠിക്കുന്ന ത്യാഗം, സഹനം, ഔദാര്യം, ജാഗ്രത, മോഹഭംഗം, വേദന എന്നിവ സമാനതയില്ലാത്തവയാണ്. അതുകൊണ്ടാവണം സ്ത്രീയുടെ മനോവൈകാരികമണ്ഡലം പുരുഷനെ അപേക്ഷിച്ച് വിപുലവും സങ്കീർണവും ദുരൂഹവുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. കുടുംബവും സമൂഹവും സൃഷ്ടിക്കാൻ സ്ത്രീയെ സഹായിക്കുക എന്നതാണു പുരുഷന്റെ കർത്തവ്യം. അതിനാവശ്യമുള്ള സംരക്ഷണവും സഹായവും നൽകിക്കൊണ്ടാണ് പുരുഷൻ ഒപ്പം നിൽക്കുന്നത്. സ്ത്രീയുടെ കൈകളാൽ പുരുഷൻ സംസ്കരിക്കപ്പെടുക എന്നതാണ് മാനവികതയുടെ രത്നച്ചുരുക്കം എന്ന എസ്. രാധാകൃഷ്ണന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. ബലക്ഷമതയിൽ മുന്നിലും അതിവേഗത്തിൽ പ്രലോഭിതനും പ്രകോപിതനും ആകുന്ന പുരുഷനെ സംസ്കൃതചിത്തനാക്കുകയും വിവേകത്തിന്റെയും സാമാന്യബോധത്തിന്റെയും സാമൂഹികബോധത്തിന്റെയും തിരി കൊളുത്തിവെക്കുന്നതും സ്ത്രീയത്രെ. പുതുതലമുറയിൽ മൂല്യങ്ങളുടെ വിഭവനിക്ഷേപം നടത്തുന്നതും അവരെ സാമൂഹിക സുസ്ഥിതിക്ക് അനുഗുണമാക്കി ഒരുക്കിയെടുക്കുന്നതിലും സ്ത്രീയുടെ ധർമ്മം മികച്ചതാണ്.

ഇന്നത്തെ സമൂഹത്തിൽ താനാരാണെന്ന് സ്വയം മനസ്സിലാക്കാൻ സാധിക്കാതെ പോകുന്നതാണ് സ്ത്രീ സമൂഹം അനുഭവിക്കുന്ന ദുരന്തം. കീഴടക്കലിന്റെ പ്രത്യയശാസ്ത്രത്തിൽ പുരുഷസമൂഹം മുന്നേറുമ്പോൾ സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ചുള്ള ചർച്ചകൾ അസംബന്ധങ്ങളാകുന്നു. ഉപഭോഗവൽക്കരണവും അതിഭൗതികതയും കമ്പോളാധിഷ്ഠിത സാമ്പത്തികവ്യവസ്ഥിതിയും പിടിമുറുക്കിയ ഒരു സമൂഹത്തിൽ സ്ത്രീ വിറ്റഴിയുന്ന വിൽപ്പനച്ചരക്കായി മാറുന്നു. പുരുഷാധിപത്യം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ദൃശ്യമാധ്യമങ്ങൾ തത്ത്വദീക്ഷയില്ലാതെ, വിലക്ഷണമായ കാഴ്ചാസംസ്കാരം വിപണനം ചെയ്യുമ്പോൾ തകർന്നു വീഴുന്നത് സ്ത്രീയുടെ മാത്രം അന്തസ്സല്ല. മറിച്ച് സമൂഹത്തിന്റെ കെട്ടുറപ്പ് കൂടിയാണ്. വ്യക്തിയുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും മാനസികാരോഗ്യം വിലക്ഷണമാകുന്നതിനെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.



കൂട്ടുകുടുംബങ്ങൾ ശിഥിലമാവുകയും അണുകുടുംബങ്ങൾ പടരുകയും ചെയ്യുമ്പോൾ ദുർബലരെയും വയോജനങ്ങളെയും പാർശ്വങ്ങളിലേക്ക് വലിച്ചെറിയപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നു. സ്ത്രീ ഉറങ്ങുകയും ജാഗരൂകയാവാൻ വൈകുകയും ചെയ്ത സമൂഹങ്ങളിൽ യുവത്വം മരവിച്ചു പോയതായി ചരിത്രത്തിൽ കണ്ടെത്താം. അന്തർദേശീയ വനിതാദിനം നൂറാം വാർഷികം ആഘോഷിക്കുന്ന വേളയിൽ, സ്ത്രീയുടെ ഔന്നത്യം ഉറപ്പാക്കേണ്ടത് നിയമപരിരക്ഷകളിലൂടെ മാത്രമല്ല, ആഴത്തിലുള്ള സാമൂഹിക ഇടപെടലുകൾ വഴിയാണ്.

ഫാറൂഖ് കോളേജ് സ്റ്റാഫ് ക്ലബ്ബിന് ആദ്യമായി ലഭിച്ച വനിതാ സെക്രട്ടറിയാണ് ശുഭ. ക്യാപസിനെക്കുറിച്ചും സ്ത്രീത്വത്തെ കുറിച്ചും സ്ത്രീ പ്രശ്നങ്ങളെ കുറിച്ചും സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചും അവർ സംസാരിക്കുന്നു.

സ്ത്രീത | ഡോ. പി.എ. ശുഭ

അധ്യാപകവട്ടം

# മത്സരമില്ല, ഇതു സഹവർത്തിത്വം



നിഹാല



സ്റ്റാഫ് ക്ലബ്ബ് അധ്യാപകരുടെയും അധ്യാപികമാരുടെയും ഒരു കൂട്ടായ്മയാണ്. കലാലയങ്ങളിൽ വനിതാ പ്രാതിനിധ്യം ഏറിവരുന്ന സാഹചര്യത്തിൽ ഈ വർഷം സെക്രട്ടറി ഒരു വനിതയായി എന്നതിൽ അസ്വാഭാവികത കാണേണ്ടതില്ല. വനിതാ സെക്രട്ടറി ആയല്ല, സെക്രട്ടറി എന്ന നിലയിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു. അധ്യാപകർക്ക് അവരുടെ കർമ്മമണ്ഡലങ്ങൾക്കപ്പുറം ഒരു സാമൂഹികജീവി എന്ന നിലയിൽ ചുറ്റുപാടുമായി കൊടുക്കൽ വാങ്ങൽ ആവശ്യം തന്നെയാണ്. മൗലികമായ ചിന്ത കൊണ്ടും സൃഷ്ടിപരമായ ഭാവന കൊണ്ടും സമ്പന്നമായ ഒരു അധ്യാപക-അധ്യാപിക സമൂഹം നമ്മുടെ കലാലയത്തിലുണ്ട്. ഈ സമ്പന്നതയെ തൊട്ടുണർത്താൻ ഉതകുന്ന തരത്തിൽ ഇഴയടുപ്പിക്കുന്ന ഇടപെടലുകളിലൂടെ ചുമതലകൾ നിർവഹിക്കണമെന്ന് ആഗ്രഹിക്കുന്നു.

ഭൂരിപക്ഷ പുരുഷ സഹപ്രവർത്തകർ അവരുടെ പ്രതിനിധിയായി കാണുന്നത് ആശ്വാസകരമാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ സഹപ്രവർത്തകർ ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. തുടർന്നും അങ്ങനെത്തന്നെയാകുമെന്നാണ് പ്രതീക്ഷ.



**കെ. അജിത**

**ഒട്ടും വർഗീയതയില്ലാത്ത, സമൂഹത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച, പ്രതിസന്ധിയിൽപ്പെടാത്ത കമ്യൂണിസ്റ്റുകാരി**

ഡോ. കെ.പി. ഹാഷിം



> **സ്ത്രീകളിൽ ചുമതലകൾ വന്നെത്തുമ്പോൾ കഴിയുന്നതും ഭംഗിയായി അതു നിർവഹിക്കാൻ തയ്യാറാവുക എന്നതാണ് സ്വാഭാവിക രീതി.**


ഒരുകാലത്ത് പുരുഷന്മാർ കയ്യടക്കിവെച്ചിരുന്ന പദവികൾ സ്ത്രീകൾ സ്വീകരിക്കുന്നതിന്റെ പിന്നിൽ പിടിച്ചടക്കൽ സ്വഭാവമില്ല. സ്ത്രീ-പുരുഷ ദ്വന്ദ്വങ്ങൾ പരസ്പരം മൽസരിക്കേണ്ടവരാണെന്ന ധ്വനി തന്നെ ശരിയല്ല. പുരുഷമേധാവിത്തത്തിന് ഇടമില്ലാത്ത ഒരു രംഗമാണ് കലാലയം. സ്ത്രീകളിൽ ചുമതലകൾ വന്നെത്തുമ്പോൾ കഴിയുന്നതും ഭംഗിയായി അതു നിർവഹിക്കാൻ തയ്യാറാവുക എന്നതാണ് സ്വാഭാവിക രീതി. പാർലമെന്റിൽ നടപ്പാക്കാൻ പോകുന്ന മൂന്നിലൊന്നു വനിതാ പ്രാതിനിധ്യത്തെ വേണ്ടെന്നു വെക്കാൻ ഉന്നത വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന നമ്മൾ തയ്യാറാവില്ലല്ലോ.

അധ്യാപിക-ഭാര്യ-അമ്മ എന്നീ നിലകളിലുള്ള ധർമ്മങ്ങൾ ജീവമണ്ഡലത്തിന്റെ ഭാഗമാണ്. അധ്യാപനം എന്നത് കർമ്മമണ്ഡലമാണ്. രണ്ടാമത്തേതിൽ സ്ത്രീ എന്ന നിലയിൽ പ്രത്യേകത ഒന്നുമില്ല. ക്ലാസിൽ ഇരിക്കുന്ന ആൺകുട്ടിയും പെൺകുട്ടിയും ഒരുപോലെ തന്നെ. ആദ്യത്തേതിൽ ഭർത്താവുമായി പരസ്പര പൂരകമായും മക്കളുമായി സ്നേഹത്തോടെ വർത്തിക്കുക എന്നതും സ്ത്രീസഹജമായ സാധ്യതയാണ്. സ്ത്രീയുടെ ഈ ഭാവങ്ങൾക്ക് കാലാതീതമായ പ്രസക്തിയുണ്ട്.

മുന്നിലിരിക്കുന്ന കുട്ടികളെ ആൺ-പെൺ വേർതിരിവോടെ കാണാനാവില്ല. എങ്കിലും കഴിഞ്ഞ 22 വർഷത്തെ അധ്യാപന പരിചയം പെൺകുട്ടികളുടെ ഇന്നത്തെ അവസ്ഥ ഉത്കണ്ഠ ഉളവാക്കുന്നുണ്ട്. ഡിഗ്രി ഒന്നാം വർഷം തിളങ്ങുന്ന കണ്ണുകളും പ്രസന്നമായ മുഖവുമായി രാജാ ഗേറ്റ് കടന്നു വരുന്ന പെൺകുട്ടി ഒരുപാട് പ്രതീക്ഷകളുമായാണ് ക്യാംപസിൽ എത്തുന്നത്. രക്ഷിതാക്കൾ തങ്ങളുടെ കടമകൾ നിർവഹിച്ച് സ്വസ്ഥരാവാനുള്ള വ്യഗ്രതയ്ക്കിടയിൽ പലപ്പോഴും പെൺകുട്ടിയുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കാറില്ല. വിവാഹമെന്നത് പെൺകുട്ടിയുടെ അന്തിമലക്ഷ്യമായി കാലം ചെല്ലുന്തോറും അടിവരയിട്ടു കൊണ്ടിരിക്കുന്നു. തുടർപഠനം പലപ്പോഴും ഭർതൃവീട്ടുകാരുടെ ഔദാര്യം മാത്രമായിരിക്കും. വിവാഹശേഷം വീട്ടുടമയുടെയും വിദ്യാർത്ഥിനിയുടെയും കടമകൾ നിർവഹിച്ച് എങ്ങനെയൊക്കെയോ കോളേജിൽ എത്തുന്ന വിദ്യാർത്ഥിനികളെ കാണുമ്പോൾ പലപ്പോഴും ഏറെ സങ്കടം തോന്നാറുണ്ട്. വിവാഹജീവിതത്തിൽ എന്തെങ്കിലും ചെറിയ പ്രശ്നമുണ്ടായാൽ സമൂഹം പറയും 'ഓളു കല്യാണം കഴിഞ്ഞ് കോളേജിലേക്കല്ലേ പോയത്. പുയ്യാപ്ലനെ പിടിക്കുന്നുണ്ടാവില്ല.'

ഇരുപതു വയസ്സിനു മുമ്പേ ബാധ്യതകളുടെ ലോകത്തേക്ക് പറഞ്ഞയക്കപ്പെടുന്ന പെൺകുട്ടിയുടെ ഭാവിയെക്കുറിച്ച് അധികമാരും ചിന്തിക്കാറില്ലെന്നതാണ് വാസ്തവം. എത്രയും നേരത്തെ കരഗതമാകേണ്ട കുടുംബജീവിതമാണ് ആത്യന്തികലക്ഷ്യമെന്നും അതിനു മുമ്പു വരെയുള്ള ഒരിടത്താവളം മാത്രമാണ് കലാലയ വിദ്യാഭ്യാസമെന്നുമുള്ള ധാരണ നമ്മുടെ പെൺമനസ്സുകളിൽ പകരുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണ്? കടമകൾ വേഗത്തിൽ നിറവേറ്റാൻ വ്യഗ്രത കാണിക്കുന്ന മാതാപിതാക്കൾക്കോ വദ്യാഭ്യാസത്തിന് സ്ത്രീകൾക്കു പരിധികൾ നിശ്ചയിക്കുന്ന സമൂഹമനസ്സാക്ഷിക്കോ?

പരക്കെ ഇരുട്ടിൽ ഒരു നുറുങ്ങുവെട്ടം പോലെ ഭർത്താവിന്റെയും വീട്ടുകാരുടെയും സഹകരണത്തോടെ ഉന്നതമായ നേട്ടങ്ങൾ കൊയ്ത ഒറ്റപ്പെട്ട വിദ്യാർത്ഥിനികൾ ഉണ്ടെന്നതും കാണാതിരിക്കുന്നില്ല. വ്യക്തി എന്ന നിലയിൽ സ്വയം തിരിച്ചറിയാനും പഠിക്കാനും വളരാനുമുള്ള അവകാശവും അവസരവും പെൺകുട്ടിയും അർഹിക്കുന്നില്ലേ? ഏറെക്കാലത്തെ ശിശിരത്തിനൊടുവിൽ വസന്തം വരാതിരിക്കില്ലല്ലോ. ○







**കമല സുരയ്യ**

**ഏതൊരു കാര്യത്തെയും വിശിഷ്ടമായ രീതിയിൽ കാണുകയും ആവിഷ്കരിക്കുകയും ചെയ്ത എഴുത്തുകാരി**

**അൻവർ കള്ളിയത്ത്**

ഒന്നാം സമ്മാനം



ഹാഫിസ്

# നിരോധനവും മറ്റെല്ലാ കാര്യങ്ങളും... പത്തു വർഷം കഴിയട്ടെ

**എൻ. ഷമീം അബ്ദുൽ ഖാദർ**


സുല്ലമിസ്സലാം സയൻസ് കോളേജ്
അരീക്കോട്, മലപ്പുറം

മനസ്സിനിണങ്ങിയ മൊബൈൽ ഫോൺ തേടി വിപണിയിൽ എത്തിയാൽ കുഴഞ്ഞതുതന്നെ. ആഗ്രഹം തന്നെയൊരു വിസ്മയപ്രപഞ്ചത്തിലേക്കാണല്ലോ എത്തിച്ചത് എന്നറിഞ്ഞ് തലയിൽ കൈവെച്ചുപോകും. ഒരു ഉൽപ്പന്നത്തിന്റെ വൈവിധ്യം സാമൂഹികമണ്ഡലത്തിൽ അതിനുള്ള സ്ഥാനം വിളിച്ചുപറയുന്നു. സാങ്കേതികവിദ്യ അതിന്റെ ലക്ഷ്യം കൈവരിക്കുന്നത് ഉൽപ്പന്നം ഏറ്റവും ജനപ്രിയം ആകുമ്പോഴാണ്. സമൂഹത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഒരു ഉപകരണത്തിനെ കണ്ടില്ലെന്നു നടിക്കാനോ മാറ്റി നിർത്താനോ ക്യാംപസിനാവില്ല. പ്രത്യേകിച്ചും, സാങ്കേതികവിദ്യയുടെ ഉപയോക്താക്കൾ യുവതലമുറ ആകുമ്പോൾ. ഉത്തരവാദിത്തമുള്ള പൗരന്മാരെ സൃഷ്ടിക്കുന്ന ഫാക്ടറികൾ എന്ന നിലയിലും നാളെയുടെ പൂമൊട്ടുകൾ വിരിയുന്ന പൂങ്കാവനങ്ങൾ എന്ന നിലയിലും ക്യാംപസുകളിൽ മൊബൈൽ ഫോൺ അത്യധികസ്വാധീനം ചെലുത്തുന്നുണ്ട്.

ഇന്നത്തെ ക്യാംപസുകളിലെ മൊബൈൽ ഫോണിന്റെ ഉപയോഗം ഗൗരവതരമായ ചർച്ചയ്ക്കു വിധേയമാക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാർത്ഥികൾ മൊബൈൽ ഫോൺ കൈകാര്യം ചെയ്യുന്ന രീതി ആരെയും ലജ്ജിപ്പിക്കുന്നതാണ്. ക്യാംപസിൽ മൊബൈൽ ഫോൺ നിരോധിക്കണമെങ്കിൽ വിദ്യാർത്ഥികൾക്കിടയിൽ അതിനുള്ള ദുഃസ്വാധീനം വ്യക്തം. ക്യാംപസുകളെ അപസംസ്കാരമൂല്യത്തിൽനിന്നു വിടുതൽ ചെയ്യാനുള്ള മാനേജ്മെന്റു ശ്രമത്തിനു ഏറ്റവും കനത്ത വെല്ലുവിളി ഉയർത്തുന്നത് മൊബൈൽ ഫോണുകളാണ്. ഈ മേഖലയിൽ അനുദിനം വളരുന്ന സാങ്കേതികവിദ്യയും അതു കുറഞ്ഞ ചെലവിൽ ഉപഭോക്താക്കളിൽ എത്തിക്കാനുള്ള വിപണിയുടെ മൽസരവും കണക്കിലെടുക്കാതിരിക്കാനാവില്ല.



ഇൻഫീരിയോരിറ്റി കോംപ്ളക്സ് എന്ന സംജ്ഞയും അതിന്റെ ശാസ്ത്രീയ വിശകലനവും ആധുനികലോകത്തിനു സമ്മാനിച്ച പ്രശസ്ത മനഃശാസ്ത്രജ്ഞൻ ആൽഫ്രഡ് ആഡ്ലർ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലെ മാനസിക പരിണാമങ്ങളെ സസൂക്ഷ്മം പഠനവിധേയമാക്കിയ പ്രതിഭാശാലിയാണ്. ബാല്യത്തിൽനിന്ന് കൗമാരത്തിലേക്കുള്ള ഘട്ടത്തിലാണ് മാനസികവികാസം ഏറ്റവും സങ്കീർണവും സൂക്ഷ്മതലത്തിൽ പ്രാധാന്യവുമുള്ളതാകുന്നത്. വികാരങ്ങളുടെയും ചിന്തകളുടെയും കൊടുങ്കാറ്റു തന്നെ സൃഷ്ടിക്കപ്പെടുന്ന ഈ ഘട്ടത്തിൽ ഒരു വ്യക്തി ഞാൻ എന്ന പദത്തിനും അതുമായി ബന്ധപ്പെട്ട അർത്ഥതലങ്ങൾക്കും അതിശയകരമായ പ്രാധാന്യം കൊടുക്കുന്നതു കാണാം. അനാരോഗ്യകരമായ താരതമ്യം ഇതിന്റെ ഉപഫലമാണ്.




സമൂഹത്തിലെ ഇതരവ്യക്തികളുമായും വ്യത്യസ്ത സാഹചര്യങ്ങളുമായുമുള്ള ഈ താരതമ്യം ഒരു വ്യക്തിയുടെ സമൂലപരിവർത്തനത്തിനു കാരണമാകും. കുറച്ചുകാലം മുമ്പുവരെ സാമൂഹികശാസ്ത്രവുമായി ബന്ധപ്പെടുത്തിയുള്ള ഈ താരതമ്യ വിശകലനമാണ് മനഃശാസ്ത്രം സ്വീകരിച്ചിരുന്നത്. എന്നാൽ, ആഗോളവൽക്കരണ കാലഘട്ടത്തിൽ സാങ്കേതിക, വൈജ്ഞാനിക മുന്നേറ്റങ്ങൾ ജീവിതത്തിന്റെ സമസ്ത മേഖലകളെയും അടിമുടി മാറ്റത്തിനു വിധേയമാക്കി.

ഓരോ നിമിഷവും വ്യത്യസ്തത തേടുന്ന യുവത്വമാണ് ഇന്നത്തെ ക്യാംപസുകളുടെ മുഖമുദ്ര. മാറ്റമില്ലാത്തത് മാറ്റത്തിനു മാത്രമെന്ന വസ്തുത സാങ്കേതികതയുടെ കാര്യത്തിൽ എത്ര ശരി. സ്വാഭാവികമായും സാങ്കേതികതയിൽ മുങ്ങിനിൽക്കുന്നു ഇന്നത്തെ യുവത്വം. സാങ്കേതികതയും സർഗാത്മകതയും ഒരുപോലെ സമ്മേളിക്കുകയും മുന്നേറുകയും ചെയ്യുന്ന മൊബൈൽ ഫോണുകളുടെ കാര്യത്തിൽ നിരോധനം അപ്രായോഗികമാണെന്ന് ആർക്കും വ്യക്തമാകും. തിരക്കിട്ടെടുത്തതും നടപ്പുരീതികളിലുള്ള അജ്ഞാനവും ഈ തീരുമാനത്തിനു പിന്നിൽ കാണാൻ കഴിയും. ക്യാംപസ് അന്തരീക്ഷത്തെപ്പറ്റിയും ക്യാംപസിൽ മൊബൈൽ ഫോണിന്റെ ശക്തമായ വേരോട്ടത്തെപ്പറ്റിയും ആഴത്തിൽ ചിന്തിക്കാതെ, എന്നാൽ നിരോധിച്ചേക്കാം എന്ന മട്ടിലെടുത്ത തീരുമാനത്തിനു പിന്നിലെ ദൗർബ്ബല്യങ്ങളെ കാണാതിരിക്കാനാവില്ല.

തീർച്ചയായും മുൻവിധി തന്നെയാണ് ഇവിടെ വില്ലൻ. എന്നാൽ, കുഴപ്പമില്ലാത്ത ഒന്നായി ഈ മുൻവിധിയെ തള്ളിക്കളയാനും പറ്റില്ല. രാഷ്ട്രനിർമ്മാണത്തിലും സാമൂഹിക വികസനത്തിലും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടവർ എന്ന സമൂഹത്തിന്റെ മുൻവിധിയോട് ഇന്നത്തെ യുവാക്കൾ അനുകൂലമായി പ്രതികരിക്കുന്നുണ്ടോ എന്നു പരിശോധിച്ചാൽ മതി ഈ വസ്തുതയുടെ പൊരുളറിയാൻ.

### *എന്താണ് ക്യാംപസിന് മൊബൈൽ ഫോൺ?*


ആശയവിനിമയത്തിനുള്ള ഒരുപാധി എന്നതിനപ്പുറമാണ് മൊബൈൽ ഫോണിന് ക്യാംപസിലുള്ള സ്വീകാര്യത. മൊബൈൽ അടുപ്പം എന്ന വ്യാജേന കരുത്താർജിക്കുന്ന സുഹൃദ്ബന്ധങ്ങളാണ് ക്യാംപസിലുള്ളതെന്ന പുറത്തുള്ളവരുടെ കണ്ടെത്തൽ കൃത്രിമമാണ്. അപ്പോൾ, മൊബൈൽ ഫോണുകളുടെ വരവിനു മുമ്പ് സൗഹൃദം എന്ന സങ്കൽപ്പം ഇവിടെയില്ലായിരുന്നോ എന്ന ചോദ്യം ഉന്നയിക്കപ്പെടാം. എങ്കിലും ക്യാംപസ് സൗഹൃദത്തെ ഒരു രേഖയാൽ വേർതിരിക്കാൻ കഴിയുമെങ്കിൽ ആ രേഖ മൊബൈൽ ഫോൺ ആണ്. മൊബൈൽ ഫോണിനു മുമ്പും ശേഷവുമുള്ള ക്യാംപസ് സൗഹൃദങ്ങൾ. വെറുമൊരു സാങ്കേതികവിദ്യ കൊണ്ട് മനുഷ്യബന്ധങ്ങളിലുള്ള വർധന നൂറു ശതമാനം സത്യസന്ധമാണെന്നു വിശ്വസിക്കാൻ കഴിയില്ല. അങ്ങനെയാണെങ്കിൽ, മൊബൈൽ ഫോൺ എന്ന സാങ്കേതികോപാധി എങ്ങനെയാണ് ക്യാംപസ് സൗഹൃദങ്ങളുടെ എണ്ണത്തിൽ വർധന വരുത്തിയത്? സാങ്കേതികതയുടെ പ്രഭാവം കൊണ്ട് കൃത്രിമത്വം കൂടിയ ഒരു സമൂഹചിത്രം തന്നെയാണ് ഇതിനുള്ള ഉത്തരം.



വർണങ്ങളും ട്രെൻഡുകളും വളരെയധികം സ്വാധീനം ചെലുത്തുന്ന ഒരു പ്രായത്തിൽ അതെല്ലാം ഉപേക്ഷിച്ച് ഇന്നത്തെ യുവത്വം നവഗാന്ധിയന്മാരായി മാറണമെന്നു ശഠിക്കുന്നതിൽ കാര്യമില്ല. സ്വന്തമായി മൊബൈൽ ഫോണില്ല എന്നത് ഒരു കോളേജ് വിദ്യാർഥിക്ക് അവന്റെ സമൂഹത്തിൽ അസ്വീകാര്യത കൂട്ടുകയാണു ചെയ്യുന്നത്. മൊബൈൽ ഫോൺ ക്യാംപസിന് വെറുമൊരു ആശയവിനിമയോപാധി മാത്രമല്ലെന്നു ചുരുക്കം. ഒരു പ്രമുഖ പ്രസിദ്ധീകരണം ഈയിടെ കേരളത്തിലെ പത്തോളം ക്യാംപസുകളിൽ നടത്തിയ സർവ്വെയുടെ ഭാഗമായി നൽകിയ ചോദ്യാവലിയിൽ മൈ ബെസ്റ്റ് ഫ്രണ്ട് എന്ന കോളത്തിനുനേരെ ഒരു വിദ്യാർത്ഥി മൈ നോക്കിയ സെറ്റ് എന്നെഴുതിയത് ഇതോടൊപ്പം വായിക്കാം.

### *ക്യാംപസിലെ മൊബൈൽ ഫോൺ സംസ്കാരം*

ഇന്നത്തെ ക്യാംപസുകളിൽ മൊബൈൽ ഫോൺ എന്നത് സംസ്കാരത്തിന്റെ കൂടി അടയാളമാണ്. ഈ രംഗത്തെ അതികായന്മാരായ ഒരു ആഗോള കമ്പനി ഈയിടെ ക്യാംപസ് മോഡലുകൾ തന്നെ പുറത്തിയറക്കിയതു ശ്രദ്ധിക്കുക. കാലഘട്ടത്തിന്റെ മാറ്റങ്ങളും അഭിരുചികളും മനസ്സിലാക്കുക എന്നത് ഏതൊരു കച്ചവടത്തിന്റെയും അടിസ്ഥാനമാണല്ലോ. ലോകം മുഴുവൻ മൊബൈൽ ഫോൺ സെറ്റുകൾ ഇറക്കുന്ന



ഒരു കമ്പനി ഇന്ത്യയിലെ ക്യാംപസുകൾക്കായി പ്രത്യേക മോഡലുകൾ ഇറക്കണമെങ്കിൽ അതു കച്ചവട വിജയത്തിനല്ലാതെ മറ്റെന്തിനാണ്?

പ്രണയിനിയുമായി സല്ലപിക്കാൻ അവൾക്കു സ്വന്തമായി ഫോണും ഫോൺ കണക്ഷനും വാങ്ങി നൽകുന്നവരാണ് ഇന്നത്തെ കാമുകന്മാർ. ഈ രീതിയിലുള്ള ഉപയോഗ സംസ്കാരം മൊട്ടിടുന്നത് ക്യാംപസിൽവെച്ചാണെന്നതാണു പ്രശ്നം ഗുരുതരമാക്കുന്നത്. ഉത്തരവാദിത്തവും പൗരബോധവുമുള്ള ഒരു സമൂഹത്തിന് ഒഴിവാക്കാനാവാത്ത പ്രശ്നങ്ങളായിരിക്കും പിന്നീട് ഇതു സമ്മാനിക്കുക.

### *ക്യാംപസും മൊബൈൽ ഫോൺ നിരോധനവും*

യുവാക്കളോടുള്ള സമൂഹത്തിന്റെ സമീപനം തന്നെയാണ് ഇതിനു പിന്നിലെ അടിസ്ഥാനചോദന. ക്യാംപസുകളിലെ മൊബൈൽ ഫോൺ നിരോധനം സമയം, സ്ഥലം എന്നീ സങ്കൽപ്പങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നിശ്ചിത സമയത്തേക്ക്, ഒരു പ്രത്യേക സ്ഥലത്തുനിന്നുള്ള ഉപയോഗമാണ് ഈ നിരോധനത്തിന്റെ പരിധിയിൽവരുന്നത്. പൊതുവിൽ ഈ രണ്ടു സങ്കൽപ്പങ്ങളും ആപേക്ഷികമാണ്. ഇതിൽ ഏതെങ്കിലും ഒരു സങ്കൽപ്പത്തിന് വ്യാപ്തിയോ അർത്ഥമോ കുറവു വന്നാൽ ഈ ആപേക്ഷികതയ്ക്കു പ്രസക്തിയില്ലാതാകും. ഈ സങ്കൽപ്പങ്ങൾക്കിടയിൽ ആപേക്ഷികത കൈവരാൻ അവ നിശ്ചിത അനുപാതം പുലർത്തണം. സമയവും സ്ഥലവും ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത് നിർവചനീയമല്ലാത്ത തലങ്ങളിലാണെന്നത് ഈ പ്രശ്നത്തിന്റെ ആശയതലത്തെ കൂടുതൽ സങ്കീർണമാക്കുന്നു.

എങ്കിലും നിത്യജീവിതത്തിലെ മറ്റു സംഭവങ്ങളെപ്പോലെ ഇതും ലളിതരൂപത്തിൽതന്നെയാണ് പ്രായോഗികമായി അനുഭവപ്പെടുക. സ്വഭാവികമായും ഇതിലെ താളപ്പിഴ സമ്മിശ്രപ്രതികരണം സൃഷ്ടിക്കും. പരിമിതമായ ഒരു സ്ഥലത്ത്, ചെറിയ സമയത്തേക്ക് നടപ്പാക്കുന്ന നിയന്ത്രണങ്ങൾ നിലനിൽക്കാൻ പ്രയാസമാണ്. അധികൃതരുടെ നടപടി എത്ര യുക്തിയുള്ളതായാലും യൗവ്വനമാനസികാവസ്ഥ അതുൾക്കൊള്ളണമെന്നില്ല. ശാസ്ത്രീയമായ നിർദേശങ്ങളെയും കണ്ടെത്തലുകളെയും പഠനവിധേയമാക്കി മാത്രമെ ക്യാംപസുകളിൽ മൊബൈൽ ഫോൺ നിരോധിക്കുന്നതിലെ പ്രായോഗികത പരിശോധിക്കാനാകൂ.

### *ക്യാംപസും മൊബൈൽ ഫോൺ സാങ്കേതികതയും*

സാങ്കേതികതയോടുള്ള ക്യാംപസിന്റെ ഭ്രമം ഇന്നു മൊബൈൽ ഫോണിനു പിന്നാലെയാണ്. അതിന് അവർക്ക് കരുത്തേകാൻ അനന്തതയും വൈവിധ്യവും ഇഴ ചേർന്ന ഉൽപ്പന്നങ്ങളുടെ അദ്ഭുതപ്രപഞ്ചമുണ്ട്. ഏതാനും വർഷങ്ങൾകൊണ്ട് ക്യാംപസ് മനസ്സുകളിൽ ഉടലെടുത്ത ഈ അഭിരുചി വരുംകാലത്തെ ക്യാംപസിന്റെ നിറവും മണവും എന്താണെന്നതിന്റെ ദിശാസൂചികകളാണ്. സാങ്കേതികവിദ്യയുടെ അതിവേഗത്തോട് പെട്ടെന്നുതന്നെ ഓടിയടുക്കാനുള്ള യുവത്വത്തിന്റെ പ്രവണത നിർണായകമായിരിക്കും. ഈ മാറ്റങ്ങളിലേക്കു നയിച്ച മാനസികപരിണാമങ്ങൾ ചർച്ച ചെയ്യപ്പെടണം.



ആശയവിനിമയമാണ് മൊബൈൽ ഫോണിന്റെ ധർമ്മം എന്നു കരുതപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് മൊബൈൽ ഫോണിൽ ലഭ്യമാവുന്ന സങ്കേതങ്ങളുടെ ആധിക്യം അന്നത്തെ ചിന്ത എത്രമാത്രം അപക്വമായിരുന്നുവെന്നു വ്യക്തമാക്കും. സാങ്കേതികതയുടെ ഈ വേഗമാണ് മൊബൈൽ സ്വാധീനത്തിന്റെയും അടിത്തറ. സാങ്കേതികവിദ്യകളുടെ സാങ്കേതികത എന്ന തലത്തിലേക്കാണ് ഈ മേഖലയിലെ വളർച്ച. ഇന്റർനെറ്റിന്റെ വ്യാപനത്തോടെ അറിവിനും അടുപ്പത്തിനും മൊബൈൽ ഫോൺ ഉണ്ടായേ മതിയാകൂ എന്ന അവസ്ഥയുമായി.

### *മൊബൈൽ ക്യാംപസുകളുടെ പോക്കെങ്ങോട്ട്?*

മൊബൈൽ ഫോണുകളുമായി ബന്ധപ്പെട്ട് എന്തായിരിക്കും നാളത്തെ ക്യാംപസുകളുടെ സ്ഥിതി? പത്തു വർഷം കൊണ്ട് ഈ ഉപകരണത്തിൽ ഇത്രയേറെ മാറ്റങ്ങൾ വരുമെങ്കിൽ അടുത്ത പത്തു വർഷംകൊണ്ട് എന്തൊക്കെ സംഭവിക്കും? വിനോദത്തിന്റെ പുത്തൻ മേഖലകളിൽ കുടുങ്ങിക്കിടക്കാനാവുമോ മൂന്നാം ലോകത്തെ യുവതയുടെ വിധി? ഇന്നത്തെ തരംഗം നാളെ അതിന്റെ അലയൊലികൾ തീർക്കുമ്പോൾ അതിലൊഴുകി പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ○

ഒന്നാം സമ്മാനം



# ഒരു മൊബൈൽ ഡയറിക്കുറിപ്പ് (ജാഗ്രത)

ജോഷ്ന സി.ടി.
(ബി.എ. ഇംഗ്ലീഷ്)
ആർ.ശങ്കർ മെമ്മോറിയൽ കോളേജ്, കൊയിലാണ്ടി





സ്വപ്നം കാണുകയാണ് എന്റെ പ്രധാന ഹോബി. സ്വപ്ന സാക്ഷാത്കാരങ്ങളും നഷ്ടസ്വപ്നങ്ങളും ഡയറിയിൽ കുറിച്ചുവെക്കുന്ന പതിവുമുണ്ടായിരുന്നു. പ്ളസ് ടു കഴിഞ്ഞ് ടി.ടി.സിക്കു പഠിക്കുന്ന സമയം. അധികഭാരവും സങ്കടങ്ങളും നിറയുമ്പോൾ ഡയറിയിൽ അതു കുറിച്ചുവെക്കുന്നതു പതിവായി. ടി.ടി.സി. കഴിഞ്ഞ് ഡിഗ്രിക്കു പഠിക്കുമ്പോൾ പഴയ ഡയറിയെക്കുറിച്ചോർത്തു. ഇതിനിടയിലെവിടെയോ ഡയറി എഴുതുന്ന ശീലം നിലച്ചു പോയിരുന്നു. ആ ഡയറി താളുകളിലൂടെ

പ്രിയപ്പെട്ട ചക്കൂ.... ദിവസങ്ങളായി ഞാനൊരു സ്വപ്നം കാണുകയാണ്. വർക്കൊന്നും കാര്യമായി നടക്കുന്നില്ല. ഭയങ്കര തിരക്കിലാണ്. സൗമ്യ ചേച്ചിയും മാമിയും സുമിത്തും വന്നിട്ടുണ്ട്. ആഘോഷങ്ങളുടെ നിറവിലാണ് ഈ ദിവസങ്ങൾ. ദരിദ്രനു ലോട്ടറി അടിച്ചപോലെ എന്നുവേണം പറയാൻ.

പിറ്റേന്നത്തെ കുറിപ്പ്

വർണാഭയാർന്ന ഒരു ദിവസത്തിന്റെ ഓർമ്മകളെ തലോടുമ്പോൾ മനസ്സിൽ ഉടക്കിയത് ഒന്നു മാത്രമാണു മോളേ.. സുമിത്തിന്റെ കുഞ്ഞു മൊബൈൽ ഫോൺ. പാട്ടു പാടുന്ന, ഫോട്ടോ എടുക്കാവുന്ന, സന്ദേശങ്ങൾ അയക്കാൻ കഴിയുന്ന, കൈക്കുള്ളിൽ

ഒതുങ്ങുന്ന ഒരു കുഞ്ഞു ചതുരപ്പെട്ടി. അതെ, ചക്കൂ... സംശയിക്കണ്ട. എന്റെ മനസ്സിൽ കുറെ നാളായി വിടർന്നു വന്ന ആഗ്രഹത്തിന്റെ യഥാർത്ഥ രൂപം. ...... അമ്പിളി അമ്മാവനെ കൈയിൽ കിട്ടാൻ കൊതിക്കുന്ന വെറും കുട്ടിയല്ല ഞാൻ, പൊട്ടക്കുട്ടി.

തുടർന്നുള്ള പേജുകളിൽ കുറെ കുത്തുകൾ. ഒറ്റനോട്ടത്തിൽ മഴ വരച്ചുവെച്ച പോലെ. ആ ദിവസങ്ങളിൽ മനസ്സ് ശൂന്യമായിരിക്കണം. ഒരാഴ്ചയ്ക്കു ശേഷം ഡയറിയിൽ വീണ്ടും അക്ഷരപ്പെയ്ത്ത്.

ചക്കുമോളേ... ഇന്നു രണ്ടു ദൈവദൂതന്മാർ വീട്ടിൽവന്ന് എനിക്ക് ആയിരം രൂപ തന്നു. ഞാനത് അമ്മയെ ഏൽപ്പിച്ചു. കൂടെ ഒരു കുറിപ്പും. ഈ പൈസയ്ക്ക് എനിക്കൊരു മൊബൈൽ ഫോൺ വാങ്ങിത്തന്നാൽ മതി.

അമ്മ മൗനസമ്മതം തന്നു. രണ്ടു ദിവസത്തെ ഡയറിയിൽ സന്തോഷത്തിന്റെ തിരയിളക്കം കാണാം. ഫോൺ കിട്ടുമെന്ന പ്രതീക്ഷ കൊണ്ടാവാം. കാത്തിരിപ്പിന്റെ സംഭ്രമം പ്രകടം. പതിനഞ്ചു ദിവസങ്ങൾക്കു ശേഷമുള്ള മറ്റൊരു പേജ്.

ചക്കൂ... എത്ര ദിവസമായി നിന്നോടു സംസാരിച്ചിട്ട്. സോറി വാവേ.. ഐ ആം റിയലി സോറി. ഞാൻ നിന്നെ മറക്കോ മോളേ.. നിന്നോടു ചില പ്രധാനപ്പെട്ട കാര്യങ്ങൾ പറയാനുണ്ട്. എനിക്കു സൂര്യയെ ഫ്രണ്ടായി കിട്ടി.

നേരിൽ കാണാത്ത സൗഹൃദം.ഇതൊക്കെ പറഞ്ഞപ്പോൾ നിനക്കു മനസ്സിലായിക്കാണുമല്ലോ. എനിക്കു മൊബൈൽ ഫോൺ കിട്ടി. അതിൽ പുതിയൊരു ഫ്രണ്ടിനെയും കിട്ടി. നേരിൽ

തുടർന്നുള്ള ദിവസങ്ങളിൽ ഡയറിയിലെ പേജുകൾ നിറയെ സൂര്യയെ കുറിച്ചായിരുന്നു. അവന്റെ വിശേഷങ്ങളും മെസേജുകളും.

ചക്കൂ.. നഷ് ടപ്പെട്ടതിനോടുള്ള സ്നേഹമാണ് ദുഃഖം. ലഭിച്ചതിനോടുള്ള സ്നേഹമാണ് സന്തോഷം. നീയിതു കേട്ടിട്ടുണ്ടോ. എനിക്കും ഇതറിയില്ലായിരുന്നു. സൂര്യയാ പറഞ്ഞു തന്നത്. നിനക്കറിയോ... എന്നോടവനു ഭയങ്കര സ്നേഹമാ. എന്റച്ഛനെ കുറിച്ചു കേട്ടപ്പോൾ അവനു സങ്കടമായി. എന്തൊരു നല്ല ആളാ. ഈ മൊബൈൽ ഫോൺ നല്ല ഉപകരണമാണ് അല്ലേ ചക്കൂ. എനിക്കു നല്ലൊരാളെത്തന്നെ കിട്ടിയില്ലേ.

അടുത്ത ദിവസത്തെ ഡയറിയിൽ.

ചക്കൂ.. സൂര്യയെ പിരിയാൻ എനിക്കാവില്ല. അവൻ എപ്പോഴും എന്നെ വിളിക്കും. പണത്തേക്കാൾ വലുതാണ് അവനു ഞാൻ. എൻന്റെ മാത്രം... എന്റെ സ്വന്തം... സ്നേഹം നിറഞ്ഞ... അവന്റെ വാക്കുകളിൽ ഞാൻ മയങ്ങുകയാണു ചക്കൂ. അവന് എന്നെക്കാൾ വലുതായി ഒന്നുമില്ല. എന്നോടു പറഞ്ഞിട്ടേ എന്തും ചെയ്യൂ.

തുടർന്ന്.

അതിനിടയ്ക്കാണ് ഒരു അനോണിമസ് കോൾ വന്നത്. ഞങ്ങൾ 22 എന്നാണു വിളിച്ചിരുന്നത്. സൂര്യയ്ക്ക് ആ കോളിനെക്കുറിച്ചു പറയുന്നത് ആദ്യം ഇഷ്ടമേ അല്ലായിരുന്നു. പിന്നീട് വന്നു തുടങ്ങിയപ്പോൾ അതിനെക്കുറിച്ച് എപ്പോഴും അന്വേഷിക്കും. അവന് എന്റെ കാര്യത്തിൽ എന്തൊരു ശ്രദ്ധയാ അല്ലേ ചക്കൂ... എന്നെ അത്രയ്ക്ക് ഇഷ്ടമായതു കൊണ്ടല്ലേ.

പിന്നീടുള്ള ദിവസങ്ങൾ.


ചക്കൂ. മെസേജുകൾകൊണ്ട് രക്ഷയില്ല. മണിക്കൂറിൽ 12 എണ്ണം വീതം വരുന്നുണ്ട്. ഞാൻ വീഴില്ല. കാരണം ഫ്രീ മെസേജ് ഏതു പട്ടിക്കും അയയ്ക്കാം എന്ന് സൂര്യ പറഞ്ഞിട്ടുണ്ട്. എന്റെ വിശകലന ക്ളാസ് അടുത്തയാഴ്ചയാണ്. എനിക്കതിൽ വലിയ താൽപ്പര്യമൊന്നും തോന്നുന്നില്ല. ...... പതിവായി മെസേജ് വരാൻ തുടങ്ങിയപ്പോൾ ഞാൻ റിപ്ളെ അയച്ചു. അങ്ങനെ ഞങ്ങൾ പരിചയപ്പെട്ടു. ... വിഷ്ണു.



ദിവസങ്ങൾക്കകം വിഷ്ണുവും നല്ല സുഹൃത്തായി. രാത്രിയിൽ ഫോണിൽ ബാലൻസില്ലാത്തതിനാൽ ആരെയും വിളിക്കാൻ കഴിയാത്തതിന്റെ സങ്കടം. രാവിലെയായി കിട്ടാനുള്ള പ്രയത്നത്തിൽ കക്കാടിന്റെ വരികൾ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇരുളിൻ രഥചക്രമിനിയെത്രയുരുളണം<br>
പകലിൻ പടിവാതുക്കലെത്തുവാൻ.

ഇതിനിടയിൽ ടി.ടി.സി. ഒന്നാം വർഷ പരീക്ഷ കടന്നുപോയി. രാത്രികളിൽ പുസ്തകം മലർത്തിവെച്ച് അതിനിടയിൽ മൊബൈൽ ഫോൺ ഒളിപ്പിച്ച് എസ്.എം.എസ്. അയച്ചു രസിച്ചു. അതിന്റെ ഫലം റിസൽട്ടിലും പ്രതിഫലിച്ചു. എ പ്ളസ് കിട്ടേണ്ടിടത്ത് ബി. എനിക്കതിൽ ഒരു സങ്കടവും തോന്നിയില്ല. സൂര്യയുടെയും വിഷ്ണു




വിന്റെയും ഫോൺകോളുകൾക്കായി ഞാൻ കാത്തിരിക്കുകയായിരുന്നുവെന്നതിനു ഡയറി സാക്ഷി.

മോളേ... എനിക്കു നിർത്താൻ കഴിയുന്നില്ല. എന്തോ ഒരാവേശം കയറിയതുപോലെ. എന്റെ മനസ്സ് നിലാവത്തലയുന്ന കോഴിയായി മാറുന്നുണ്ടോ എന്നു സംശയം. മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ, വസന്തം കാത്തുകിടക്കുന്ന മരങ്ങളെപ്പോലെ ഞാനും കാത്തിരിക്കുകയാണ്. സൂര്യയെയും വിഷ്ണുവിനെയും നേരിൽ കാണുന്ന ദിവസം. ഇന്നു സൂര്യ അയച്ച മെസേജ് നീ കണ്ടോ.

പലപ്പോഴും പരിസരബോധമില്ലാതെ ഫോൺ കാതിൽവെച്ച് കിന്നാരം പറയുന്നുണ്ടോ എന്നു ഞാൻ ശങ്കിച്ചു. രാത്രി 12 മണിക്കും രണ്ടു മണിക്കും ഫോൺ ബിസിയായിരുന്നു. ഒരു ദിവസം രാത്രി 1.45നു ഞാൻ ഫോണിൽ സംസാരിക്കുന്നത് അമ്മ കണ്ടു. ഞാൻ ഞെട്ടിപ്പോയി. ഫോൺ കൈയിൽനിന്നു താഴെ വീണു. ആ സമയത്ത് അമ്മ ഒന്നും പറഞ്ഞില്ല. പിറ്റേന്ന് ഇങ്ങനെ പറഞ്ഞു. നിന്റെ ഫ്രണ്ടാണ് വിളിച്ചതെന്ന് എനിക്കറിയാം. പക്ഷെ, രാത്രി വൈകി വരുന്ന കോളുകൾ എടുക്കണ്ട. ഇനി ഇതാവർത്തിക്കരുത്. ഞാൻ പ്രതീക്ഷിച്ചതിലും എത്രയോ ചെറിയ ഉപദേശം. അത് ഇടത്തെ ചെവിയിലൂടെ കയറി വലത്തെ ചെവിയിലൂടെ ഒഴുകിപ്പോയി. പിറ്റേന്നത്തെ ഡയറി.

ഇന്ന് സൂര്യയ്ക്ക് ഒരു ഫംക് ഷൻ ഉണ്ട്. രാത്രി പന്ത്രണ്ടരയ്ക്കു വിളിക്കും. അതുവരെ പഠിക്കാം. എന്നിട്ടു ഫോൺ ചെയ്തു കഴിഞ്ഞാൽ ഉറങ്ങാം.

സൂര്യയ്ക്കു ഞാൻ വിഷ്ണുവിനോടു സംസാരിക്കുന്നതിൽ പ്രശ്നമൊന്നുമില്ലെന്നു തുടർന്നുള്ള ഡയറികളിൽനിന്നു വ്യക്തം. എങ്കിലും സൂര്യ എനിക്ക് എല്ലാമായിരുന്നു. സൂര്യയെക്കുറിച്ചു വർണിക്കാത്ത ദിവസങ്ങൾ ഡയറിയിൽ ഇല്ല. കാണുന്ന പ്രണയഗാനങ്ങളിൽ നായകൻ അവനും നായിക ഞാനുമാണ്. ഡയറിയിലെ അവസാന പേജുകളിലെത്തി.



ചക്കൂ... നിന്റെ പഴയ ജോ ആണിത്. നീയും എന്നെ മറന്നു തുടങ്ങിയോ. ഇന്നെനിക്കു വല്ലാത്ത കുറ്റബോധവും സങ്കടവും തോന്നുന്നു. എന്റെ പാവം അമ്മയെയും ചേച്ചിയെയും പറ്റിച്ചതിന് എനിക്കു കിട്ടിയ ശിക്ഷയായി ഞാനീ സങ്കടങ്ങൾ അനുഭവിച്ചോളാം. നിന്നോടെങ്കിലും പറയാതെ വയ്യ. സൂര്യ ശരിക്കും എന്നെ പറ്റിക്കുകയായിരുന്നു. അവനെ ഞാൻ കണ്ടു. എന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും ഒരു നിമിഷംകൊണ്ട് തല കീഴ് മറിഞ്ഞു. അതു സഹിക്കാം. ഓരോരുത്തരുടെയും സൗന്ദര്യം അവരുടെ മനസ്സും പ്രവൃത്തിയുമാണല്ലോ. ആ വിഷ്ണുവും അവനും അടുത്ത സുഹൃത്തുക്കളാണ്. അവർ രണ്ടു പേരും ചേർന്ന് എന്നെ പറ്റിക്കുകയായിരുന്നു. കഥയറിയായെ ഞാൻ കോമാളിയായി ആടി. അതും തന്റേടിയും ആരുടെ മുമ്പിലും തോൽക്കാൻ മനസ്സും കാണിക്കാത്ത ഞാൻ... ഇല്ല, ചക്കൂ... ഞാൻ തളരില്ല. ഇനി മുതൽ ഇങ്ങോട്ടു വരുന്ന അനോണിമസ് കോളുകൾ എടുക്കുന്ന പ്രശ്നമേയില്ല. ഇനി അതിലൊന്നും ഞാൻ വീഴില്ല.

പെൺകുട്ടികളെ വീഴ്ത്താൻ പാകത്തിലുള്ള സംസാരരീതി ഈ ആൺകുട്ടികൾ എങ്ങനെയാണാവോ പഠിച്ചെടുക്കുന്നത്. അതിനുള്ള വല്ല ഹോർമോണും അവന്മാർ കുത്തിവയ്ക്കുന്നുണ്ടോ, ചക്കൂ...

ഠ

ന്യൂഡൽഹിയിലെ പ്രശസ്തമായ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ സോഷ്യോളജി വിഭാഗത്തിൽ എം.ഫിൽ വിദ്യാർത്ഥി.
ഇന്ത്യയുടെ അന്തർദേശീയ സർവകലാശാലയിലെ പാതിയെ തിരയുന്നു.

ജാഫർ ഷെറീഫ്

സ്ത്രീത

പുറംവട്ടം

# പൊതുബോധത്തിന്റെ അപനിർമ്മാണം

ഉച്ചത്തിൽ സംസാരിക്കുകയും ഉറക്കെ ചിരിക്കുകയും സിഗററ്റ് വലിക്കുകയും ചെയ്യുന്ന പെൺകുട്ടികളെ ആദ്യമായി കാണുകയായിരുന്നു. ഞാനിപ്പോഴും ഓർക്കുന്നു, രണ്ടു വർഷം മുമ്പ്, ഫാറൂഖിലെ പഠനത്തിനുശേഷം ജെ.എൻ.യുവിലെ എന്റെ ആദ്യദിനങ്ങൾ. ഒരുപാട് ഞെട്ടലുകളും അസ്വസ്ഥതകളും സൃഷ്ടിച്ച രാപകലുകൾ. അധികൃതരുടെ ഏകപക്ഷീയവും വിദ്യാർത്ഥി വിരുദ്ധവുമായ നിലപാടുകൾക്കെതിരെ രാഷ്ട്രീയ കാഴ്ചപ്പാടുകൾ മറന്ന്, വിദ്യാർത്ഥി കൂട്ടായ്മ ഉണ്ടാക്കാനും മുദ്രാവാക്യം മുഴക്കാനും ഉൽസാഹിക്കുന്ന പെൺകുട്ടികൾ.

കേരളത്തിലെ പൊതുബോധവും പൊതുമണ്ഡലങ്ങളിൽ സ്ത്രീ പ്രത്യക്ഷപ്പെടുന്ന രീതിയും ആയിരുന്നു എന്താണ് സ്ത്രീ, എന്തായിക്കൂടാ സ്ത്രീ എന്നുമുള്ള എന്റെ ധാരണകളെ നിർമ്മിച്ചിരുന്നത്. വികലമായ പൊതുബോധത്തിന്റെ അപനിർമ്മാണമായിരുന്നു ജെ.എൻ.യുവിലെ ആദ്യദിനങ്ങൾ. പിന്നീട് എന്റെ സഹമുറിയൻ അവന്റെ പെൺസുഹൃത്തുമായി ചെലവഴിക്കാൻ എന്നോട് സ്വകാര്യത ആവശ്യപ്പെട്ടപ്പോൾ എനിക്ക് ഒരസ്വസ്ഥതയും തോന്നിയില്ല.

സ്ത്രീയും പുരുഷനും പ്രകൃതിയുടെ യാഥാർത്ഥ്യങ്ങളാണെന്നും അവർക്കിടയിൽ ശ്രേണീബന്ധമായ ഉയർച്ചതാഴ്ച്ചയില്ലെന്നും വൈവിധ്യവും വ്യത്യസ്തതയും ആവശ്യമാണെന്നും ഞാനിന്നു വിശ്വസിക്കുന്നു. പക്ഷേ, എന്താണ് സ്ത്രീത്വം? എന്താണ് പുരുഷത്വം? എന്ന് സമൂഹം, വ്യക്തി, സ്ഥാപനം എന്നിവ നിർവചിക്കുന്നത് ചരിത്രപരമായും സാംസ്കാരികവുമായ മൂല്യങ്ങളെ പിന്തുടർന്നാണ്. ആധുനികത തുറന്നുവിട്ട വിമോചന മൂല്യങ്ങൾ സ്ഥാപനവൽക്കരിക്കുകയും വ്യക്തികളെ അതിന്റെ മൂല്യങ്ങളിലേക്ക് ഉടച്ചുവാർക്കുകയും ചെയ്യുന്ന സാംസ്കാരിക ഉപകരണങ്ങളാണ് സ്കൂൾ, കോളേജ്, ജയിൽ, ആശുപത്രി, അണു കുടുംബങ്ങൾ എന്നിവ. ഇതിൽ കലാലയത്തിന് സുപ്രധാന സ്ഥാനമുണ്ട്. ആരോഗ്യകരമായ നിലനിൽപ്പിനാവശ്യമായ പൊതുബോധം നിർമ്മിക്കുക എന്ന ധർമ്മം. ജെ.എൻ.യുവിലെ അളവുകോൽ ഉപയോഗിച്ച് ഫാറൂഖിലെ സ്ത്രീയെ വിലയിരുത്തുന്നത് ഉചിതമല്ല. ജെ.എൻ.യുവിൽ തനതായ ക്യാംപസ് അന്തരീക്ഷമാണ്. അതിന്റെ സാമൂഹികഘടന, ക്രിയാത്മക രാഷ്ട്രീയബോധം, വ്യക്തി സ്വാതന്ത്ര്യം എന്നിവ വേറിട്ടു നിൽക്കുന്നു. ഓരോ വ്യക്തിയും താൻ എന്താവണമെന്നു സ്വയം തീരുമാനിക്കുന്നു. അധികൃതർ ഒന്നിലും ഇടപെടാതെ എല്ലാറ്റിലും ഇടപെടുന്നു. സ്കാർഫ് ധരിക്കുന്ന പെൺകുട്ടികളും സ്കെർട്ട് ധരിക്കുന്ന പെൺകുട്ടികളും ഇവിടെയുണ്ട്. രണ്ടിനുമുള്ള സ്വാതന്ത്ര്യം ലഭ്യം.








**കമല സുരയ്യ**

**സാഹിത്യത്തിൽ സ്ത്രീപക്ഷ സമീപനം സ്വായത്തമാക്കി കൊടുത്ത, വില പിടിപ്പുള്ള സന്ദേശങ്ങൾ കൈമാറിയ അപൂർവ്വ വ്യക്തി**

വി.എം. കുട്ടി




രചനാവട്ടം

# പ്രണയത്തിന്റെ രസതന്ത്രം

**വി.പി. നുജാം അലി**
(ബി.എ. അറബിക് & ഇസ്‌ലാമിക് ഹിസ്റ്ററി)

ഹൃദയഭാഷയ്ക്ക് വൃത്തവും വ്യാകരണവുമില്ലെന്നു പറയാറുണ്ട്. അതുകൊണ്ടാകാം പ്രണയത്തിൽനിന്നുള്ള വേദന കൊടുംവേനലിൽ പെയ്യുന്ന ആദ്യമഴ പോലെയാണെന്ന് എഴുതപ്പെട്ടത്. *നിതാന്തമായ വേദനയുടെ പ്രയാണമാണ് പ്രണയം. പ്രണയം ദേഹത്തിനുള്ളതല്ല. അതു ദേഹിയുടെതാണ്. അനശ്വര പ്രകാശത്തെ തേടിപ്പറന്ന് അതിൽ വിലയിതമായി ഇല്ലാതാവുന്ന ഇയ്യാംപാറ്റയാണ് യഥാർത്ഥ അനുരാഗി.* വിനീതനായ ഒരു എഴുത്തുകാരന്റെ വാക്കുകളിലെ നിഴൽസ്പർശമാണിത്. ജീവിതഋതുവിലെ വർണവസന്തങ്ങളിൽ അവളോടൊന്നിച്ച് മധു നുകർന്ന പൂക്കളും രഹസ്യങ്ങൾ പങ്കുവച്ചിരുന്ന ഇലഞ്ഞിമരച്ചില്ലകളും ശിശിരത്തിൽ കൊഴിഞ്ഞുപോയിത്തുടങ്ങി. അവളുടെ കൈ പിടിച്ചു ചേർന്നു നടന്നിരുന്ന നീളൻ വരാന്തകൾ നിശബ്ദരായി മറ്റെന്തിനോ വേണ്ടി കാത്തിരിക്കുന്നു. പ്രണയമാലാഖ എനിക്കു സമ്മാനിച്ച എന്റെ പ്രണയിനി. ആ ഇലഞ്ഞിപ്പൂക്കൾ എത്ര പെട്ടെന്നാണു പൂത്തത്. അതിന്റെ സൗരഭ്യം ഞങ്ങളുടെ പ്രണയത്തിലും പ്രകടമായിരുന്നു.

പ്രണയത്തിന്റെ ആത്മത്വര ചക്രവാളത്തിലും അവസാനിക്കുന്നില്ല. അതു മറ്റേതോ പ്രപഞ്ചത്തെ തേടിപ്പറക്കുകയാണ്. അവളുടെ അധരങ്ങളിൽനിന്നുറ്റി വീഴുന്നീ മധു നുകരാനായി എന്റെ ചുണ്ടുകളും അനുഭൂതി നിറഞ്ഞ പുഞ്ചിരി കാണാനായി എന്റെ കണ്ണുകളും തിടുക്കം കൂട്ടിയിരുന്നു. രാത്രിയുടെ ഹൃദയത്തിൽ പ്രണയം പൂക്കുന്നത് നിലാവ് ആശ്ലേഷിക്കുമ്പോഴാണ്. പൂർണേന്ദു പൂനിലാവാൽ ഞങ്ങൾക്കു മംഗളം നേർന്നു. നക്ഷത്രങ്ങൾ പുഞ്ചിരി തൂകി ആശീർവദിച്ചു. പ്രണയത്തിന്റെ അഗാധമായ രസതന്ത്രങ്ങൾ ഞങ്ങളിലും പ്രകടമായി തുടങ്ങി. ഞാനെന്റെ പ്രണയഗർത്തങ്ങളിലേക്കുള്ള പ്രയാണത്തിന് ആക്കം കൂട്ടി. അടുക്കുന്തോറും വേദനയുടെ ആഴം കൂടിക്കൊണ്ടേയിരുന്നു.



പ്രണയത്തിന്റെ വേദനയെക്കാൾ ആനന്ദകരമായ മറ്റെന്താണുള്ളതെന്ന് ജലാലുദ്ദീൻ റൂമി ആരായുന്നു. ശരിയാണ്. അടുപ്പത്തിന്റെ ആർദ്രത വേദനയുടെ തീവ്രത വർധിപ്പിച്ചു. അടുത്ത്, അടുത്ത്... അതിന്റെ ഉച്ചിയിൽ അടുക്കാനൊന്നുമില്ലാതാകുന്നതായി ബോധ്യമായി. ഇലഞ്ഞിപ്പൂക്കൾ കൊഴിഞ്ഞു വീഴാൻ തുടങ്ങുകയായിരുന്നു. വേദനയുടെ താപമാണ് അനുഭവങ്ങളിലൂടെ ഉരുക്കി ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നത്. വിരഹം പ്രണയത്തിന്റെ മറ്റൊരു രൂപമായി മാറാൻ തുടങ്ങി. മനുഷ്യൻ എക്കാലവും വേദനയുടെ ഉപാസകനാണെന്നു പറയാറുണ്ട്. പ്രണനിയിയുടെ വിവാഹപ്പന്തലിൽ കാഴ്ചക്കാരനായി നിൽക്കുമ്പോൾ അനുഭൂതിയാർന്ന ആ വേദന എന്റെ കരളിനെ കൊത്തിപ്പറിക്കുന്നുണ്ട്. പ്രതിശ്രുത വരനെ ഞാൻ മൊബൈൽ ക്യാമറയിൽ ഒപ്പിയെടുക്കുമ്പോഴും പലരുടെയും കണ്ണുകൾ എന്നിൽ ഫോക്കസ് ചെയ്യുന്നു. അവരെന്താണ് തമ്മിൽ പറയുന്നതെന്നും അറിയാം. പക്ഷേ, എന്റെ വിരഹം കൂടുതൽ പ്രണയത്തിനായുള്ള ഒരുപാധി മാത്രമാണെന്ന് എനിക്കറിയാം, അവൾക്കറിയാം.

*പ്രണയം എന്നത് ഒരു മലകയറ്റം പോലെയാണ്. ഏറ്റവും മുകളിലെത്തിയാൽ പിന്നെ ഒന്നും ചെയ്യാനില്ല. ഇറങ്ങുകതന്നെ.*

o

സിസ്റ്റർ ജെസ്മി

പ്രതിരോധവട്ടം

# പ്രതിരോധിക്കാനും ശബ്ദിക്കാനും സ്ത്രീ

ഇക്കാലത്ത് പെണ്ണിനെ എങ്ങനെ സ്വതന്ത്രയാക്കാം എന്ന ചിന്തയാണ് ഉണ്ടാവേണ്ടത്. മനുഷ്യൻ എന്ന ഗണത്തിൽ, സ്ത്രീയെ വേറിട്ടുനിർത്തി സമൂഹം നിയമങ്ങളും അതിരുകളും കൽപ്പിക്കുന്നു. സ്ത്രീ എന്നതിന്റെ മറുപുറത്തുള്ള പുരുഷൻ, അല്ലെങ്കിൽ പൊതുസമൂഹം സ്ത്രീക്ക് ചിന്തിക്കാനുള്ള സ്വാതന്ത്ര്യം മുതലായ പരിഗണനകൾ നൽകണം. ഇന്നും ഒരു പൂമൊട്ടായി മാത്രം നിൽക്കുന്ന സ്ത്രീ ശരിക്കും വിരിഞ്ഞു വരിക എന്നതാണ് യാഥാർത്ഥ്യമാകേണ്ടത്. സർവ്വോപരി മനുഷ്യനായി മാറുക എന്നതിലേക്കു വളരുക. അപ്പോഴാണ് സ്ത്രീ, ശാക്തീകരണത്തിലേക്ക് വഴിമാറുക. വിദ്യാഭ്യാസം നൽകുക എന്ന ഒറ്റ മാനദണ്ഡം കൊണ്ട് സ്ത്രീശാക്തീകരണം സംഭവിക്കുമെന്നു കരുതാനാവില്ല. ഇന്ന് മതസംഘടനകൾതന്നെ ധാരാളം സ്കൂളുകളും കോളേജുകളും നടത്തുന്നു. മാന്യരായി വളരുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക പാഠം. മതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ പാഠം തന്നെ നൽകുന്നു. അടിമകൾക്ക് അടിമകളെ സൃഷ്ടിക്കാനേ കഴിയൂ. കുട്ടികളെ എങ്ങനെ അടിമകളായി വളർത്താം എന്നിടത്താണ് എല്ലാ ശ്രദ്ധയും. അടങ്ങിയൊതുങ്ങുക എന്ന സങ്കൽപ്പത്തിന് വിപരീതം കാണിച്ചാൽ പെണ്ണിനു ചീത്ത സർട്ടിഫിക്കറ്റ് ഉറപ്പ്. എന്തു പറഞ്ഞാലും യെസ് എന്നു ചൊല്ലി പഠിക്കുക. നോ എന്നു പറയാൻ അനുവാദമില്ല. ഇത്തരത്തിലുള്ള വിദ്യാഭ്യാസത്തിന് എങ്ങനെ സ്ത്രീകളെ പരിഗണിക്കാനാവും. അതിനാൽ വിദ്യാഭ്യാസ ക്രമം മാറ്റിപ്പണിയാനുള്ള തയ്യാറെടുപ്പാണ് വേണ്ടത്.

സ്ത്രീകൾക്കു കായികമായി ശക്തി പ്രാപിക്കാൻകഴിയുന്ന വിദ്യാഭ്യാസ ക്രമം വേണം. സർവകലാശാലാ തലത്തിൽ ചർച്ചകൾ കുറച്ചുകൂടി സജീവമാകണം. പ്രതികരിക്കാനും ശബ്ദിക്കാനും പെണ്ണിനെ പ്രോൽസാഹിപ്പിക്കുന്ന സ്വാതന്ത്ര്യം ഉണ്ടാവണം. അങ്ങനെയവൾ നോ എന്നു പറയാൻ ശീലിക്കണം. യെസ് പറയാൻ എളുപ്പമാണ്. ഈ ബോധത്തിൽനിന്നാണ് അന്ധവിശ്വാസം ഉടലെടുക്കുന്നത്. സ്ത്രീ മാറിചിന്തിച്ചാൽ അതു പാപമായി ചിത്രീകരിച്ച് അവളെ അന്ധവിശ്വാസങ്ങളുടെ ഉപകരണമാക്കുകയാണ്. ○

*(ആക്ടിവിസ്റ്റ്)*

# പുരുഷ സഹായം അനിവാര്യം

സ്ത്രീ അബലയോ ദുർബലയോ അല്ല. നല്ല വിജ്ഞാനവും നല്ല സ്വഭാവവും സ്ത്രീയെ സ്വയം പര്യാപ്തയാക്കും. ഇങ്ങനെ ആവാതിരിക്കുന്നതാണ് സ്ത്രീകളുടെ ദുർബലതയ്ക്കു കാരണം. സ്ത്രീ വിദ്യാസമ്പന്നയാവുകയും ധാർമ്മികബോധം ഉൾക്കൊള്ളുകയും ചെയ്യുന്നതിനോടൊപ്പം സാമൂഹിക-സാംസ്കാരിക വളർച്ചക്കുള്ള പരിജ്ഞാനം നേടണം. നാടിന്റെയും സമൂഹത്തിന്റെയും ചലനങ്ങളെക്കുറിച്ച് ബോധവതിയാകണം. സാമൂഹിക പ്രശ്നങ്ങളിൽ പ്രതികരിക്കാൻ സ്ത്രീകൾക്ക് കഴിയണം. ഇങ്ങനെയാവുമ്പോഴേ സ്ത്രീശാക്തീകരണം അർത്ഥവത്താവൂ.

പുരുഷനെ ധിക്കരിക്കുക, കുടുംബഛിദ്രതയുണ്ടാവുന്ന തരത്തിൽ സ്ത്രീ-പുരുഷ വേർതിരിവ് സൃഷ്ടിക്കുക എന്നത് തികച്ചും അസംബന്ധവും അംഗീകരിക്കാൻ കഴിയാത്തതുമാണ്. പുരുഷനു ശരിയായ പരിഗണനയും അവകാശവും വകവച്ചു കൊടുക്കാൻ കഴിയണം. ടി.വി. ചാനലുകൾ പാശ്ചാത്യ സംസ്കാരത്തെ പാലൂട്ടി വളർത്താൻ ശ്രമിക്കുന്നു. ഇതു സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ അപ്പടി പിന്തുടരുന്നു. ഈ നിലപാട് കുടുംബ തകർച്ചയ്ക്കു കളമൊരുക്കുന്നു. എല്ലാ മതങ്ങളും മാന്യമായ കുടുംബജീവിതം അംഗീകരിക്കുന്നു. മതപശ്ചാത്തലമുള്ള കുടുംബങ്ങൾ സുഭദ്രവും കൂടുതൽ സന്തുഷ്ടവുമായി കാണുന്നു. എന്നാൽ ഈ വസ്തുത അവഗണിക്കാനാണ് പല ഫെമിനിസ്റ്റ് ഗ്രൂപ്പുകളും ശ്രമിച്ചു കാണുന്നത്. ഇത് ആശാസ്യമായി തോന്നുന്നില്ല.

ഫെമിനിസ്റ്റ് ഗ്രൂപ്പുകളെ അടക്കി ആക്ഷേപിക്കാൻ കഴിയില്ല. സമൂഹത്തിന്റെ താഴെക്കിടയിലേക്കിറങ്ങിച്ചെന്ന് പ്രവർത്തിക്കുന്ന ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ പബ്ളിസിറ്റിയോ മറ്റു താൽപ്പര്യങ്ങളോ ഇല്ലാതെ സ്ത്രീ വിമോചനം മാത്രം ലക്ഷ്യം വയ്ക്കുന്നു. മുതലാളിത്ത ജീവിതരീതികളെയും അരാജകത്വ പ്രവണതകളെയും എതിർക്കുന്നതോടൊപ്പം സുശക്തമായ സ്ത്രീ കൂട്ടായ്മയും സ്ത്രീ ശാക്തീകരണവും ഇവ ലക്ഷ്യമിടുന്നതായി കാണാം. മുസ്‌ലിം സ്ത്രീകൾക്കിടയിലും ക്രിസ്ത്യൻ മിഷണറികൾക്കു കീഴിലും ഇത്തരം കൂട്ടായ്മകൾ ഉണ്ട്.

*(രാഷ്ട്രീയ പ്രവർത്തക)*

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അമ്പതു ശതമാനം സ്ത്രീ സംവരണവും പാർലമെന്റിൽ നടപ്പാക്കാൻ പോകുന്ന മൂന്നിലൊന്ന് സ്ത്രീ സംവരണവും മാറുന്ന കാലത്തിന്റെ ദിശാസൂചികകളാണ്. കേരളത്തിലെ വനിതാ നേതാക്കളുടെ വീക്ഷണങ്ങളിലേക്ക്.**


അഡ്വ. ആർ.കെ. ആശ



സംവരണവട്ടം

# സംവരണം: സാധ്യതകളും വെല്ലുവിളികളും





ഇന്ത്യയിലുടനീളം തദ്ദേശ ഭരണ സംവിധാനത്തിൽ സ്ത്രീ പ്രാതിനിധ്യവും പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യവും ഭരണഘടന ഉറപ്പു വരുത്തിയിട്ടുണ്ട്. അതുവഴി സ്ത്രീ സംവരണം മൊത്തം സീറ്റുകളിൽ മൂന്നിലൊന്ന് എന്നതിൽ ഉറപ്പിച്ചു. ആദ്യമായി സ്ത്രീ സംവരണ സീറ്റുകൾ സാധ്യമാക്കിയതിലുള്ള ഭരണ സംവിധാനത്തിൽ സ്ത്രീകളുടെ എണ്ണം ഗണ്യമായി വർധിച്ചു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 13,263 ഗ്രാമ പഞ്ചായത്ത് വാർഡുകളിൽനിന്നും 1642 ബ്ളോക്ക് പഞ്ചായത്ത് വാർഡുകളിൽനിന്നും 307 ജില്ലാ പഞ്ചായത്ത് വാർഡുകളിൽനിന്നും 1568 മുനിസിപ്പൽ വാർഡുകളിൽനിന്നും 298 കോർപ്പേറേഷൻ വാർഡുകളിൽനിന്നുമായി മൊത്തം 17078 ജനപ്രതിനിധികളാണ് ഉണ്ടാകേണ്ടിയിരുന്നത്. ഇതിൽ 33.3 ശതമാനം മാത്രമാണ് സ്ത്രീ സംവരണം. എന്നിരുന്നാലും കഴിഞ്ഞ തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ 38 ശതമാനം സീറ്റുകളിൽ വനിതകൾ വിജയിച്ചതായി കാണാൻ കഴിയും. ഏകദേശം എഴുന്നൂറിലധികം ജനറൽ വാർഡുകളിൽനിന്ന് സംവരണമില്ലാതെതന്നെ സ്ത്രീകൾ മൽസരിച്ചു ജയിച്ചു. ഇതുവളരെ ശുഭോദർക്കമായ കാര്യമാണ്.

ആർട്ടിക്കിൾ 243 ഡിയുടെ ഭേദഗതിയിലൂടെ ഇപ്പോൾ സാധ്യമായിരിക്കുന്ന അമ്പതു ശതമാനം സ്ത്രീ സംവരണം പൊതുരംഗത്തെ സ്ത്രീ സാന്നിധ്യം കൂടുതൽ






**ആര്യ പള്ളം**

**നമ്പൂതിരി സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച അപൂർവ്വ വ്യക്തിത്വം**

**കെ.എം. ശ്രീജിത്ത്**





വർധിപ്പിക്കുകയും ഉറപ്പാക്കുകയും ചെയ്യുന്നു. അമ്പതു ശതമാനം സ്ത്രീ സംവരണം തദ്ദേശ ഭരണ സംവിധാനത്തിൽ നടപ്പാക്കിയ ലോകത്തെ ആദ്യ രാജ്യമായിരിക്കണം ഇന്ത്യ. ഇന്ത്യയിലെ 2,52,000 പഞ്ചായത്ത് സീറ്റുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ 36.87 ശതമാനം മാത്രമാണ് സ്ത്രീ സാന്നിധ്യം സാധ്യമായത്. ഏതാണ്ട് 28.18 ലക്ഷം. ഹിമാചൽ പ്രദേശ്, ബിഹാർ, ഉത്തർഖണ്ഡ്, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ മുമ്പേതന്നെ സ്ത്രീ സംവരണത്തിൽ തുല്യത നടപ്പാക്കിയ സംസ്ഥാനങ്ങളാണ്. പക്ഷേ, ഇന്ത്യൻ പാർലമെന്റിലെ സ്ത്രീ സാന്നിധ്യം കേവലം 10 ശതമാനം മാത്രമാണ്. ദക്ഷിണ ഏഷ്യൻ രാജ്യങ്ങൾ ഇക്കാര്യത്തിൽ ഇന്ത്യയെക്കാൾ മുന്നിലാണ്. പാക്കിസ്ഥാൻ 20 ശതമാനം, ബംഗ്ളാദേശ് 20 ശതമാനം, ശ്രീലങ്ക 22 ശതമാനം.

ഭരണ സംവിധാനത്തിലെ അടിസ്ഥാന തലത്തിൽ നടന്നിരിക്കുന്ന ഈ സംവരണം തീർച്ചയായും ഇന്ത്യൻ പാർലമെന്റിൽ കെട്ടിക്കിടക്കുന്ന 33 ശതമാനം സ്ത്രീ സംവരണ ബില്ലിനു മേൽ സമ്മർദ്ദം ചെലുത്തുമെന്നാണ് പ്രതീക്ഷ. തദ്ദേശ സ്ഥാപനങ്ങളിൽ സ്ത്രീ സംവരണം നടത്തിയതിന്റെ അനുഭവം പാർലമെന്ററി തലത്തിൽ ഇത്തരം ശ്രമങ്ങളെ കാര്യമായി മുന്നോട്ടു കൊണ്ടുപോയി എന്നാണു വിലയിരുത്തപ്പെടുന്നത്. സ്ത്രീ പ്രതിനിധികളുടെ പ്രവർത്തനത്തിലെ ഉണർവ്വും മുന്നേറ്റവും ഇതു സാക്ഷ്യപ്പെടുത്തുന്നു. പ്രാദേശികതലത്തിൽ സ്ത്രീ സാന്നിധ്യം കൂടുതൽ സജീവവും മാറ്റത്തിന്റെ ദൃശ്യവുമായിരിക്കുന്നു. കേവലം വനിതാ നേതാക്കളിൽനിന്ന് പൊതുജന പ്രതിനിധികൾ, നേതാക്കൾ എന്ന നിലയിൽ അവർ കരുത്താർജിച്ചിട്ടുണ്ട്. രാഷ്ട്രീയകക്ഷികളുടെ മാനിഫെസ്റ്റോയിൽപോലും വിഭാവനം ചെയ്യാത്ത അധികാരങ്ങളാണ്

പി.ടി. ഉഷ

കേരളത്തെ ആഗോളപ്രശസ്തിയിലേക്കുയർത്തിയ, തലമുറകൾക്കു മാതൃകയായ പ്രചോദനം

രമേശ് കുറുപ്പ്




ഇന്ന് ജനപ്രതിനിധികളിൽ നിക്ഷിപ്തമായിരിക്കുന്നത്.

സാധാരണ രീതിയിലുള്ള പഞ്ചായത്ത് ഭരണകാര്യങ്ങളെ കുറിച്ചു മാത്രമല്ല, സംസ്ഥാന പദ്ധതികളിൽ 35 മുതൽ 40 ശതമാനം വരെ വരുന്ന അടങ്കലിനെ കുറിച്ച് തീരുമാനിക്കുന്നതിലും അതു നടപ്പാക്കുന്നതിനു നേതൃത്വം കൊടുക്കുന്നതിലും ചുമതലപ്പെട്ടവരാണിവർ. ഭൂരിപക്ഷം സ്ത്രീകളും ഈ രംഗത്ത് തുടക്കക്കാരാണ്. ഇവരിൽനിന്ന് 85 ശതമാനം പേരും തിരഞ്ഞെടുപ്പു വേളയിലാണ് ആദ്യമായി പൊതുരംഗത്ത് പ്രവേശിച്ചത്. വലിയൊരു ശതമാനം യാദൃച്ഛികമായാണ് പൊതുരംഗത്ത് എത്തിയത്. കേരളം വികസന മാതൃകയിൽ എന്നതുപോലെ സ്ത്രീ പ്രതിനിധികളുടെ പ്രവർത്തന തലത്തിലും മുന്നിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ആയിരം പുരുഷന്മാർക്ക് 1058 സ്ത്രീകൾ എന്ന ജനസംഖ്യാനുപാതമുള്ള കേരളത്തിൽ 2010 ഒക്ടോബറിൽ നടക്കുന്ന തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ 50 ശതമാനം സ്ത്രീ സംവരണം നടപ്പാക്കാനുള്ള നിയമനിർമ്മാണം പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിലെ സ്ത്രീകൾക്കിടയിലെ ഉയർന്ന സാക്ഷരത, കൂടിയ ആയുർദൈർഘ്യം, ഗർഭിണികളുടെയും അമ്മമാരുടെയും മരണനിരക്കിലെ കുറവ്, പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണക്കൂടുതൽ എന്നിവയാണ് എല്ലാവരും എടുത്തുപറയുന്ന കേരള മോഡൽ വികസന ലക്ഷണങ്ങൾ. എന്നാൽ വികസന പ്രക്രിയയിൽ സ്ത്രീകളുടെ കാര്യക്ഷമതയോടെയുള്ള പങ്കാളിത്തം എന്നും കുറവാണ്. പലപ്പോഴും ഹാജർ പുസ്തകത്തിലും രേഖകളിലും ഒപ്പുവെക്കുന്നതിൽ സ്ത്രീ പങ്കാളിത്തം പരിമിതപ്പെടുന്നു.

○







## കെ.ആർ. ഗൗരിയമ്മ

### ഒരു സമൂഹത്തെ ആകെത്തന്നെ മാറ്റിമറിച്ച സാമൂഹികചലനങ്ങൾക്കു നേതൃത്വം നൽകിയ ഒരേ ഒരു വനിത

കെ.വി. അനൂപ്

സി.കെ. ജാനു

സംവരണവട്ടം

# സംവരണം സാരമായ മാറ്റമുണ്ടാക്കില്ല

വനിതകൾക്ക് അമ്പതു ശതനമാനം സംവരണം നടപ്പാക്കുന്നത് സ്വാഗതാർഹമാണ്. പക്ഷേ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളായി രംഗത്തുള്ള സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ കിട്ടും എന്നല്ലാതെ താഴെ തട്ടിലുള്ള, ഇതുവരെ പൊതുരംഗത്തേക്കു വരാത്ത സ്ത്രീകൾക്ക് ഇതുകൊണ്ട് ഗുണമുണ്ടാകാൻ സാധ്യത വളരെ കുറവാണ്. ഏറ്റവും പിന്നാക്കമായ ആദിവാസി-ദലിത്-മുസ് ലിം വിഭാഗങ്ങളിലെ സ്ത്രീകൾ പരിഗണിക്കപ്പെടാൻ ഇടയില്ല. പിന്നാക്കം നിൽക്കുന്നവർക്ക് വീണ്ടുമൊരു സംവരണം കൂടി ഏർപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നാണ് നിലപാട്. സ്ത്രീസംവരണത്തിനകത്തൊരു പിന്നാക്ക സംവരണം. എങ്കിൽ മാത്രമെ ഈ വിഭാഗങ്ങൾകൂടി സംവരണത്തിന്റെ ഗുണഫലം അനുഭവിക്കൂ. അല്ലെങ്കിൽ മുഖ്യധാരാ രാഷ്ട്രീയത്തിന്റെ ഭാഗമായി നിൽക്കുന്ന സ്ത്രീകൾ മാത്രം ഇതിന്റെ ഫലം അനുഭവിക്കുന്ന സ്ഥിതി ഉണ്ടാകും.

ആദിവാസി മേഖലയിൽ സംവരണം വരുന്നതുകൊണ്ട് പ്രത്യേകിച്ചൊരു മാറ്റമുണ്ടാകാൻ സാധ്യതയില്ല. നിലവിലുള്ള സംവിധാനത്തിന്റെ തുടർച്ച മാത്രമെ ആവുകയുള്ളൂ. ഇപ്പോൾ സംവരണം ഉണ്ടായാലും അതേതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ നിയന്ത്രണത്തിലായിരിക്കും. തനിയെ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള സംവിധാനത്തിലല്ലല്ലോ. അങ്ങനെയാവുമ്പോൾ ഇന്നത്തെ സ്ഥിതിയിൽനിന്ന് വലിയൊരു മാറ്റം ഉണ്ടാകില്ല. ആദിവാസി സ്ത്രീകളെ രാഷ്ട്രീയക്കാരുടെ ചട്ടുകങ്ങളായി മാത്രം ഉപയോഗിക്കുന്ന രീതിയാണുള്ളത്. ഇതിനകത്ത് വലിയൊരു അപകടം കൂടിയുള്ളത് സ്ത്രീകൾക്കിനി അമ്പതു ശതമാനത്തിനപ്പുറത്തേക്ക് പോകാൻ കഴിയില്ലെന്നതാണ്. സംവരണത്തിന്റെ ചങ്ങല കൊണ്ട് സ്ത്രീകളെ തളച്ചിടുകയാണ്. സംവരണം ചെയ്തിട്ടില്ലാത്ത ഒരു വാർഡിൽ ഒരു സ്ത്രീയെ മൽസരിപ്പിക്കാനും അവർക്കു വോട്ട് ചെയ്യാനും പ്രാദേശികമായി വോട്ടർമാർ തീരുമാനിച്ചാൽപോലും രാഷ്ട്രീയ പാർട്ടികൾ അതിന് അനുവദിക്കില്ല. രാഷ്ട്രീയക്കാരുടെ ബിനാമികളായി സ്ത്രീകൾ മാറും.

*(ആക്ടിവിസ്റ്റ്)*

അന്യവട്ടം

# സ്ത്രീ എഴുതിയാൽ പെണ്ണെഴുത്തോ

വർത്തമാനകാല മലയാള സാഹിത്യത്തിൽ സ്ത്രീരചനകളെ പറ്റി പ്രതിപാദിക്കുമ്പോൾ ഭൂരിഭാഗം കഥകളുടെയും പ്രമേയം- കുടുംബം, ദാമ്പത്യം, അവയിലെ അന്തഃഛിദ്രങ്ങൾ എന്നിവയാണെന്നു കാണാൻ കഴിയും. ദാമ്പത്യത്തിന്റെ ചട്ടക്കൂടിനുള്ളിൽ വീർപ്പുമുട്ടുന്ന സ്ത്രീകളുടെ അസംതൃപ്തി, ഇതിനു ബദലെന്നോണം ആവിഷ്കരിക്കപ്പെടുന്ന വിമത ലൈംഗികത ഇവ പുതിയ സ്ത്രീരചനകളിടെ സജീവ വിഷയങ്ങളാണ്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ലൈംഗികതയെ പറ്റിയുള്ള ധീരമായ തുറന്നു പറച്ചിലുകൾ എന്ന പരസ്യവാചകത്തോടെ മിക്ക കഥകളും അവതരിപ്പിക്കപ്പെടുന്നു. അതോടൊപ്പം സ്ത്രീകളായ എഴുത്തുകാർക്ക് വിഷയസ്വീകരണത്തിൽ വൈവിധ്യമില്ല എന്ന അഭിപ്രായം പല കോണുകളിൽനിന്നു ഉയർന്നു വന്നു തുടങ്ങി.

സമൂഹം കൽപ്പിച്ചു നൽകുന്ന അച്ചടക്കവും ഒതുക്കവുമുള്ള നല്ല സ്ത്രീയുടെ പ്രതിച്ഛായയ്ക്ക് ഭംഗം വരുത്താതെ ജീവിക്കാനുള്ള സമ്മർദ്ദം ഓരോ സ്ത്രീയും അനുഭവിക്കുന്നുണ്ട്. ഏതു തരത്തിലുള്ള സ്ത്രീ-പുരുഷ ബന്ധവും സൗഹൃദവും സംശയദൃഷ്ടിയോടെ കാണുന്ന സങ്കീർണമായ ഒരു സാമൂഹിക അന്തരീക്ഷമാണ് നാം അഭിമുഖീകരിക്കുന്നത്. രാഷ്ട്രീയ പ്രവർത്തനത്തിനായാലും സിനിമാ തിരക്കഥാ രചനയായാലും വീടു മാറി താമസിക്കേണ്ടി വരും. കഴിവും പ്രതിഭയുണ്ടായാലും സ്ത്രീകളിൽ എത്ര പേർക്ക് അതിനുള്ള ഭൗതിക സാഹചര്യങ്ങളുണ്ട്? ഒറ്റയ്ക്കു ദീർഘയാത്ര ചെയ്യാനും തനിച്ചുതാമസിക്കാനുമുള്ള സ്ത്രീയുടെ അധൈര്യത്തെ പരിഹസിക്കുന്നവർ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളത്തിനു പ്രഥമസ്ഥാനമെന്ന വസ്തുത സൗകര്യപൂർവ്വം മറക്കുന്നു. പുരുഷന്മാരുടെ ലോകം യാത്രകളും സുഹൃദ് സദസ്സുകളും സാഹിത്യ ചർച്ചകളും ഒക്കെയായി സർഗാത്മകതയുടെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടി വികസിക്കുമ്പോൾ സ്ത്രീജീവിതത്തിലെ ബാധ്യതകളും കടമകളുമൊഴിഞ്ഞവളായാലും ഒരേ ദിനചര്യയുടെ പരിമിതവൃത്തത്തിൽ മുരടിച്ചുപോകുന്നു.

*(എഴുത്തുകാരി)*

സ്ത്രീത | കെ.ആർ. ഗൗരിയമ്മ

പ്രതിരോധവട്ടം

# സ്ത്രീ ഇന്നും വിൽപനച്ചരക്ക്

"പട്ടിക്കുട്ടികളെ വിൽക്കുന്നതുപോലെയാണ് സ്ത്രീകളെയും വിൽക്കുന്നത്. വലിയ തുക സ്ത്രീധനം കൊടുത്താണ് ഈ കച്ചവടം നടത്തുന്നത്. അവരുടെ മേലുള്ള പരാക്രമവും അതിക്രമവും വർധിച്ചു വരികയാണ്. പുരുഷന്മാരുടെ തുല്യത സ്ത്രീകൾക്കില്ല. ആണും പെണ്ണും ജോലി ചെയ്യുന്നിടത്താണെങ്കിലും സ്ത്രീകൾ ജോലി കഴിഞ്ഞുവന്ന് വീട്ടിലെ പണിയെല്ലാം ഏറ്റെടുക്കണം. പുരുഷൻ ജോലി കഴിഞ്ഞ്, കറക്കവും കഴിഞ്ഞ് മദ്യവും സേവിച്ച് വീട്ടിൽ വരുമ്പോൾ അവന്റെ ചെരുപ്പു പോലും ഊരിക്കൊടുക്കണം എന്നതാണവസ്ഥ. സാമർത്ഥ്യം കാട്ടി പുരുഷന്മാരെ ഭരിക്കുന്ന സ്ത്രീകളുമുണ്ട്. പക്ഷേ, സ്ത്രീ ഇന്ന് അരക്ഷിതാവസ്ഥയിലാണ്. അവൾക്ക് ഒരിടത്തും സുരക്ഷിതത്വമില്ല. പുറത്ത് വിദ്യാഭ്യാസവും ജോലിയുമൊക്കെ ഉണ്ടെങ്കിലും വീട്ടിൽപോലും സ്ത്രീകൾ വിൽപ്പനച്ചരക്കാണ്. വലിയ രാഷ്ട്രീയക്കാർപോലും പെൺമക്കളെ കെട്ടിച്ചുവിടുന്നത് മേലു നിറയെ ആഭരണങ്ങളിട്ട് കഥകളി വേഷക്കാരെ പോലെയാക്കിയിട്ടാണ്. ഇന്നു കടബാധ്യതയുള്ളവരിൽ വലിയൊരു ശതമാനം പെൺമക്കളെ കെട്ടിച്ചയച്ചതിലൂടെ ബാധ്യതക്കാരായവരാണ്. എന്നിട്ടൊരു പാർട്ടിവച്ച് ആളെ വിളിക്കും. നാട്ടുകാർ വേണം ഇതിനൊക്കെ പണം മുടക്കാൻ എന്നതാണവസ്ഥ. സ്വത്തവകാശംപോലും സ്ത്രീകൾക്ക് ശരിയായി കിട്ടുന്നില്ല. മുമ്പ് മലബാർ ഭാഗങ്ങളിൽ മരുമക്കത്തായം നിലനിന്നിരുന്നപ്പോൾ കുറച്ചെങ്കിലും ഭേദമായിരുന്നു. എന്നിട്ടും സ്ത്രീശാക്തീകരണം നടക്കുന്നുവെന്ന് പറയുന്നത് എത്ര മൗഢ്യമാണ്. പുരുഷന്മാർ കുടിക്കുന്നു, ലഹരിമരുന്ന് ഉപയോഗിക്കുന്നു, തല്ലാൻ പോകുന്നു. ഇതെല്ലാം സഹിക്കുന്നത് സ്ത്രീകളാണ്. സ്ത്രീകളെ കാഴ്ചവസ്തുവാക്കി വിൽക്കുകയാണ്.

*മുൻ മന്ത്രി*



ബ്രിട്ടനിലെ ബെഡ്ഫോർഡ് യൂണിവേഴ്സിറ്റി
വിദ്യാർത്ഥി. വിദേശ ക്യാംപസിൽനിന്ന്
ഒരു പൂർവ്വ വിദ്യാർത്ഥി അവിടത്തെ
പെൺകുട്ടികളുടെ ചിത്രം
വരയ്ക്കുന്നു.

സ്ത്രീത

എം.ടി. ഹർഷദ്

പുറംവട്ടം

# സ്ത്രീ സങ്കൽപ്പം രണ്ട് ധ്രുവങ്ങളിൽ

അകറ്റി നിർത്തേണ്ടവയും ഇടപഴകുമ്പോൾ ഭയപ്പെടേണ്ടതുമായ ഒരുതരം കൗതുകവസ്തുക്കളായിരുന്നു ഫാറൂഖ് കോളേജിലെ പെൺകുട്ടികൾ. അവരോട് സംസാരിക്കാനും ചേർന്നിരിക്കാനും ഒപ്പം നടക്കാനും ലഭിക്കുന്ന സന്ദർഭങ്ങൾ അത്യപൂർവ്വമായി മാത്രം ലഭിക്കുന്ന മോഷണവസ്തുക്കളായിരുന്നു. കോളേജിലെ സെക്യൂരിറ്റിക്കാരുടെ കണ്ണിൽപ്പെടാതെ ചില്ലറ മോഷണങ്ങൾ ഞാനും നടത്തിയിരുന്നു.

ആൺകുട്ടിക്കും പെൺകുട്ടിക്കും തിരിച്ചറിയാൻ കഴിയാത്ത വിധം മതിലുകൾ പരസ്പരം അകറ്റിയിരുന്നു. ഓരോ ആൺകുട്ടിക്കും ക്യാംപസ് ഓരോ കണ്ണടയും ഫിറ്റ് ചെയ്തു കൊടുത്തു. ആ കണ്ണടയിലൂടെ മാത്രമെ അവന് സഹപാഠികളായ പെൺകുട്ടികളെ നോക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ഫാറൂഖിയൻ കുപ്പായമണിയുക എന്നതായിരുന്നു എളുപ്പം. വളർന്നുവന്ന സാഹചര്യവും മതപാഠങ്ങൾ തീർത്ത സങ്കൽപ്പവും ഈ കുപ്പായമണിയാൻ എന്നെ പ്രേരിപ്പിച്ചു.

രണ്ടാമത്തെ മാർഗം അൽപം ദുഷ്കരമായിരുന്നു. ചാവേറാവുക എന്നതായിരുന്നു അത്. നിയന്ത്രണങ്ങളെ പരസ്യമായി ലംഘിക്കുക. എണ്ണം നന്നേ കുറവായിരുന്നെങ്കിലും ഇവരെ ധീരരക്തസാക്ഷികൾ എന്നു വിളിക്കാം. കപട സദാചാരത്തെയും പ്രഹസനങ്ങളെയും പരസ്യമായി എതിർക്കാൻ ചങ്കൂറ്റം കാണിച്ചു എന്നതുകൊണ്ട്.

ഫാറൂഖ് കോളേജിലേതുപോലെ നിർദേശങ്ങളും അറിയിപ്പുകളും വിലക്കുകളും ഈ പുതിയ ക്യാംപസിലുമുണ്ട്. പക്ഷേ, ഞാൻ കണ്ട വ്യത്യാസം ഫാറൂഖിൽ അവ അനുസരിക്കാനുള്ള സംയമനത്തെക്കാൾ ലംഘിക്കാനുള്ള വെമ്പലായിരുന്നു.

യൂണിവേഴ്സിറ്റിയുടെ ഗ്രൗണ്ട് ഫ്ളോറിലുള്ള കഫ്തീരിയയിൽ ഒരു ദിവസം ഒരു നോട്ടീസ് കാണാനിടയായി. യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റിന്റെ ഔദ്യോഗിക അറിയിപ്പായിരുന്നു അത്. വിദ്യാർത്ഥികളുടെ ഹെൽത്തി റിലേഷൻ വളരെ പ്രധാനപ്പെട്ടതാണ്. അതിനാൽ സ്റ്റുഡന്റ്സ് യൂണിയൻ ഓഫിസിൽനിന്ന് സൗജന്യമായി വിതരണം ചെയ്യുന്ന കോണ്ടം ആവശ്യക്കാർ ഉടൻ കൈപ്പറ്റേണ്ടതാണ്.- ഞാൻ ഫാറൂഖ് കോളേജ് യൂണിയൻ ചെയർമാനായിരുന്നു. അവിടെ ഇങ്ങനെയൊരു നോട്ടീസ് പരസ്യപ്പെടുത്തിയാൽ....?



ഫാറൂഖിൽവെച്ച് മനസ്സിൽ ഉറച്ചുപോയ ചില ഇമേജുകളുണ്ട്. തട്ടമിട്ട സുന്ദരികൾ. സ്ത്രീ സൗന്ദര്യം തട്ടമിട്ടാലല്ലാതെ പൂർത്തീകരിക്കാനാവില്ല എന്ന ഇമേജ്. ഇവിടെ ഹിജാബണിഞ്ഞ പാക്കിസ്ഥാനികളെയും നൈജീരിയക്കാരെയും കാണുമ്പോൾ ഫാറൂഖിയൻ പെൺചിത്രം തെളിഞ്ഞുവരും. ○



കമല സുരയ്യ

വിവാദങ്ങൾക്കൊപ്പം നടന്ന് വിവാദങ്ങളില്ലാത്ത സ്നേഹം
പകർന്ന അപൂർവ എഴുത്തുകാരി

ഉമ്മർ പാണ്ടികശാല



**അവഗണനയ്ക്കും നീതിനിഷേധത്തിനും നേരെ സ്ത്രീ സമൂഹം പ്രതികരിക്കാനും അതിന്റെ അലകൾ സമൂഹത്തിൽ ആഞ്ഞടിക്കാനും തുടങ്ങിയപ്പോഴാണ് ഈ വിഷയം പ്രധാന പഠന, ഗവേഷണ വിഷയമായി മാറിയത്.**

***ക്രൈസ്തവലോകം സ്ത്രീത്വത്തെ അടയാളപ്പെടുത്തുന്നത്.***

സ്ത്രീത

സ്ജി മത്തായി കാതേട്ട്


മതവട്ടം

# സ്ത്രീയെ മാറ്റിനിർത്തിയാൽ കുടുംബമില്ല, സമൂഹമില്ല



ലുക്മാനുൽ

സ്ത്രീയും സ്ത്രീസംബന്ധിയായ ഏതു കാര്യവും ബിസിനസ് ചെയ്യപ്പെടുന്ന ഇക്കാലത്ത് സ്ത്രീ മഹത്വത്തെ ചർച്ച ചെയ്യപ്പെടുമ്പോൾ സ്ത്രീയും മതവും ഒഴിച്ചുകൂടാനാവാത്ത വിഷയമാകുന്നു. ആധുനിക കാലഘട്ടത്തിൽ കൂടുതൽ ചർച്ച ചെയ്യപ്പെടുന്നതും പഠന, ഗവേഷണ വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രധാന വിഷയങ്ങളിൽ ഒന്നാണ് സ്ത്രീ-പുരുഷ വ്യത്യാസവും സമൂഹ നിർമ്മിതിയിലും നിലനിൽപ്പിലും അവരുടെ പങ്കും പദവിയും. അടിച്ചമർത്തലിനും അവഗണനയ്ക്കും നീതിനിഷേധത്തിനും നേരെ സ്ത്രീ സമൂഹം പ്രതികരിക്കാനും അതിന്റെ അലകൾ സമൂഹത്തിൽ ആഞ്ഞടിക്കാനും തുടങ്ങിയപ്പോഴാണ് ഈ വിഷയം പ്രധാന പഠന, ഗവേഷണ വിഷയമായി മാറിയത്.



എന്തായാലും സ്ത്രീകൾക്ക് ക്രൈസ്തവസഭയും സമൂഹവും ഉയർന്ന പദവി(മാന്യത)യാണ് നൽകുന്നത്. മനുഷ്യോൽപ്പത്തി മുതൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ചില വസ്തുതകൾ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവം സൃഷ്ടിച്ച ആദ്യ മനുഷ്യൻ ആണായിരുന്നോ? പെണ്ണായിരുന്നോ?



**കെ.എസ്. ചിത്ര**

**പിന്നണിഗാനരംഗത്ത് കേരളത്തിന്റെ വാനമ്പാടിയായി ഉയർന്നുപൊങ്ങിയ സംഗീതപ്രതിഭ**

**വി. ഡിജു**



ആണ് അല്ലെങ്കിൽ പെണ്ണ് എന്ന സ്വഭാവിക ഉത്തരമല്ലാതെ ആണും പെണ്ണുമായിരുന്നു എന്ന ഉത്തരമാണ് ബൈബിളിലെ പഴയ നിയമത്തിൽ ഉൽപ്പത്തി ഒന്നാം അധ്യായത്തിൽ 27, 28 വാക്യങ്ങളിൽ പറയുന്നത്.

ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. സൃഷടിച്ച നാളിൽ അവരെ അനുഗ്രഹിക്കുകയും അവർക്ക് ആദാം എന്നു പേരിടുകയും ചെയ്തു.(ഉൽപ്പത്തി 5-2) 'ഇത് ഇപ്പോൾ എന്റെ അസ്ഥിയിൽനിന്ന് അസ്ഥിയും, എന്റെ മാംസത്തിൽനിന്ന് മാംസവും ആകുന്നു.' ഇവളെ നരനിൽനിന്ന് എടുത്തിരിക്കുകയാൽ ഇവൾക്കു നാരി എന്നു പേരാകും എന്ന് ഉൽപ്പത്തി 2-23ൽ കാണുന്നു. വേർപ്പെടുത്തി എടുക്കുന്നതിനു മുൻപ് നരനിൽ തന്നെയായിരുന്നു നാരി.

ആരു വലുത്, ആർക്കു മുൻഗണന, ആർക്ക് പ്രാധാന്യം എന്നിങ്ങനെയുള്ള തർക്കങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ല. കാരണം താരതമ്യം ചെയ്യുന്നതിനപ്പുറമായി സ്ത്രീയും പുരുഷനും വ്യത്യസ്തരാണ് എന്ന വസ്തുതയാണ്. സൃഷ്ടിയിൽപോലും രണ്ടു പേരും വ്യത്യസ്തരാണ്. ഒരാൾ മണ്ണിൽനിന്നും മറ്റൊരാൾ എല്ലിൽനിന്നുമാണ് സൃഷ്ടിക്കപ്പെട്ടത്. രണ്ടു പേരുടെയും കടമകളും ഉത്തരവാദിത്തങ്ങളും വ്യത്യസ്തങ്ങളാണ്.

പുരുഷന് സ്ത്രീ ആകാനും സ്ത്രീക്ക് പുരുഷനാകാനും കഴിയില്ല. സ്ത്രീ സ്ത്രീയും പുരുഷൻ പുരുഷനുമാണ്. എന്നാൽ അവർ പരസ്പര പൂരകങ്ങളാണ്. ഒരാൾക്കു വേണ്ടത് മറ്റൊരാളുടെ പക്കലേൽപ്പിച്ച് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ആ നിലയിൽ ജീവിച്ച് ദൈവോദ്ദേശ്യം നിറവേറ്റുന്നതിനാണ്. അപ്പോൾ ആരു വലുത്, ആരു പ്രധാനി എന്ന ചോദ്യങ്ങൾക്കു പ്രസക്തി ഇല്ലാതാകുന്നു. സ്ത്രീയെ അബലയും അപ്രധാനിയും ആയാണ് ദൈവം കാണുന്നതെന്ന് ചിന്തിക്കുന്നത് വേണ്ടതുപോലെ കാര്യങ്ങൾ ഗ്രഹിക്കാത്തതുകൊണ്ടാണ്. യേശു ക്രിസ്തു സ്ത്രീയെയും പുരുഷനെയും ഒരുപോലെയാണ് കണ്ടിരുന്നതെന്ന് വസ്തുതകളുടെ അടിസ്ഥാനത്തിൽ ആധികാരികമായി രേഖപ്പെടുത്താനാവും.

**ആരു വലുത്, ആരു പ്രധാനി എന്ന ചോദ്യങ്ങൾക്കു പ്രസക്തി ഇല്ലാതാകുന്നു. സ്ത്രീയെ അബലയും അപ്രധാനിയും ആയാണ് ദൈവം കാണുന്നതെന്ന് ചിന്തിക്കുന്നത് വേണ്ടതുപോലെ കാര്യങ്ങൾ ഗ്രഹിക്കാത്തതുകൊണ്ടാണ്.**

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിലും പ്രവർത്തികളിലും സ്ത്രീകൾക്ക് പുരുഷനെക്കാൾ ഉയർന്ന സ്ഥാനമോ പുരുഷനെക്കാൾ താഴ്ന്ന സ്ഥാനമോ കൊടുത്തിരുന്നില്ല. സ്ത്രീയും പുരുഷനും ദൈവസൃഷ്ടിയിൽ തുല്യരാണെന്ന കാഴ്ചപ്പാടാണ് യേശുദേവൻ നൽകിയിരുന്നത്. യേശുക്രിസ്തു ജീവിച്ചിരുന്ന കാലഘട്ടത്തിൽ യഹൂദന്മാർ മോശയുടെ ന്യായപ്രമാണമായിരുന്നു സിവിൽ കോഡായി ഉപയോഗിച്ചിരുന്നത്. ന്യായപ്രമാണം അനുസരിച്ച് യഹൂദന്മാർ സ്ത്രീയെ വെറും രണ്ടാം കിട പൗരന്മാരായാണ് കണക്കാക്കിയിരുന്നത്. ഒരു യഹൂദൻ പ്രാർത്ഥിക്കുമ്പോൾ, ദൈവമേ, എന്നെ താഴ്ന്ന ജാതിക്കാരനായും നായയായും സ്ത്രീയായും ജനിപ്പിക്കാതിരുന്നതിനു നന്ദി എന്ന വാചകം ഉരുവിടുമായിരുന്നു. സ്ത്രീകൾക്ക് താഴ്ന്ന പദവിയാണ് യേശുക്രിസ്തുവിന്റെ കാലത്ത് യഹൂദന്മാർ നൽകിയിരുന്നത്. എന്നാൽ ഇതിനെതിരെ യേശുക്രിസ്തു പല രീതിയിലും പ്രതികരിച്ചിരുന്നു എന്നു മനസ്സിലാക്കാം.

യേശുക്രിസ്തുവിനു ശേഷമുള്ള പുതിയ നിയമ കാലഘട്ടത്തിന്റെ തുടക്കംതന്നെ സ്ത്രീയുടെ മഹത്വകരണത്തിൽനിന്നാണ് ആരംഭിക്കുന്നത്. സ്ത്രീയെ ആരും പരിഗണിക്കാത്ത അക്കാലത്താണ് സ്വർഗീയ ദൂതന്മാർ കന്യാമറിയത്തിനു പ്രത്യക്ഷപ്പെട്ട് 'കൃപ ലഭിച്ചവളെ നിനക്കു വന്ദനം' എന്നു പറയുന്നത്.







**കമല സുരയ്യ**

**സ്ത്രീമനസ്സിനെ, വേദനകളെ, ആഹ്ലാദങ്ങളെ, ബന്ധങ്ങളെ, പ്രശ്നങ്ങളെ, സന്തോഷങ്ങളെ, സങ്കടങ്ങളെ സർഗാത്മകമായി മാറ്റിമറിച്ചു**

ഡോ. എം. ഗംഗാധരൻ



ഹാഫിസ്

# സ്ത്രീയെന്നാൽ വെറുമൊരു ഉപകരണം




ഹിൻഷ ബഷീർ
(ബി.എസ്സി. കെമിസ്ട്രി)




ഒരു ശിശു ഭൂമിയിൽ ജന്മം കൊണ്ടാൽ ഏവരും ആദ്യം ചോദിക്കുന്നത് കുട്ടി ആണാണോ പെണ്ണാണോ എന്നാണ്. ആൺകുഞ്ഞിനെയും പെൺകുഞ്ഞിനെയും വളർത്തുന്ന രീതിയിലോ പരിപാലിക്കുന്ന രീതിയിലോ പത്തു വയസ്സു വരെയെങ്കിലും പ്രകടമായ വ്യത്യാസവും കാണുന്നില്ല. പിന്നീടങ്ങോട്ട് നിബന്ധനകളുടെ പടിക്കെട്ടുകളാണ്. പെൺകുട്ടി വളരുന്തോറും അരുതുകളുടെ പട്ടിക നീണ്ടുനീണ്ടുവരുന്നു. വളർച്ചയുടെ ഒരു ഘട്ടത്തിലും ആൺകുട്ടിക്ക് നിബന്ധനകൾ ബാധകമല്ല. പൂർണ സ്വതന്ത്രൻ. എന്നാൽ പെൺകുട്ടികൾക്ക് കർശന നിബന്ധനകളുടെ വിസ്താരം കൂടുകയും പട്ടികയിൽ ഉപവിഭാഗങ്ങളുണ്ടാവുകയും അതിനുള്ളിൽ അവളുടെ ജീവിതം തളയ്ക്കപ്പെടുകയും ചെയ്യുന്നു.

വർണശബളമായ കുട്ടിക്കാലത്ത് സമൂഹം അവളോടു പറയുന്നു. ഇനി നീ കളിക്കണ്ട. കൂട്ടുകാർ വേണ്ട. സംസാരമരുത്. പട്ടിക തുടങ്ങുകയായി. മുത്തശ്ശിമാർ പറയുന്നതുപോലെ പെങ്കുട്ട്യോള് നടക്കുമ്പോ ഭൂമി അറിയാൻ പാടില്ല. അതായത് ആൺകുട്ടിക്ക് ഇഷ്ടപ്രകാരം എവിടെ വേണേലും എങ്ങനെയും സഞ്ചരിക്കാം. എന്നാൽ ഏഴു മണി കഴിഞ്ഞാൽ ഒറ്റയ്ക്ക് ഒരു പെൺകുട്ടി പൊതുസ്ഥലത്തു നിൽക്കാൻ പാടില്ല. സ്വന്തമായ താൽപ്പര്യത്തിനു സ്വസ്ഥജീവിതം നയിക്കാൻ പെൺകുട്ടിക്കു കഴിയുന്നില്ല. തൊഴിൽ മേഖലയിലും വിലക്കുകളുടെ നീണ്ട നിര കാണാം. അവൾക്കു ചെയ്യാൻ പറ്റാത്ത ജോലികളുടെ പട്ടിക നീണ്ടതാണ്. ഏതു കരിയർ ഗൈഡൻസ് ക്ലാസിൽ പോയാലും ആ ജോലി പറ്റില്ല, ഈ ജോലി പറ്റില്ല അതു സുരക്ഷിതമല്ല.... അവസാനം അധ്യാപിക എന്ന ജോലി. അതു കുഴപ്പമില്ലെന്ന് ഏകാഭിപ്രായം.

സമകാലികവസ്ഥയിൽ നമ്മുടെ പഠനനിലവാരത്തിൽ പെൺകുട്ടികൾ ഏറെ മുന്നിലാണ്. പക്ഷേ, എത്രപേർ അവരുടെ താൽപ്പര്യങ്ങളനുസരിച്ച് ഉദ്യോഗങ്ങളിൽ എത്തുന്നു? നല്ല രീതിയിൽ പഠിച്ചുവന്ന ഒരുപാട് പെൺകുട്ടികൾ പിന്നീട് അടുക്കളയുടെ ചുമരുകൾക്കുള്ളിൽ കൊട്ടിയടക്കപ്പെടുന്നു. അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്, ഇന്ദിര ഗാന്ധി, കൽപ്പന ചൗള പ്രതിഭ പാട്ടീൽ... പ്രതിഭകളുടെ നാടാണിത്. പക്ഷേ, സാധാരണക്കാരിയുടെ സ്ഥിതി ഇപ്പോഴും നാലു ചുമരുകൾക്കുള്ളിലാണ്. അന്ന് കരിപുരണ്ട അടുക്കളയായിരുന്നെങ്കിൽ ഇന്ന് ടൈൽസ് വിരിച്ച, സ്വീകരണമുറിയേക്കാൾ മനോഹരമായ ആധുനികതയാണു ചുറ്റും. ടിവിയിൽ കാണുന്ന അവതാരകയുടെ ഭാവത്തോടെ കപ്പയ്ക്കു പകരം ചിക്കൻ ഫ്രൈഡ് റൈസ്

ഓവ്നിൽ വേവിക്കുന്ന ആധുനിക സ്ത്രീ. വിവേചനബുദ്ധിക്കോ കാഴ്ചപ്പാടിനോ ഇന്നും മാറ്റമില്ല. സ്വർണവും സാരിയുംതന്നെ ഇക്കാലത്തും ചർച്ചാവിഷയം. സീരിയലുകൾക്കു മുന്നിൽ വിസ്മൃതിയടയുന്നവർ. അല്ലെങ്കിൽ പരസ്യ മോഡലിനെ പോലെ, ഐശ്വര്യ റായിയെ പോലെ ശരീരവടിവ് കാണിക്കാൻ എന്തു ചെയ്യണമെന്ന് തല പുകഞ്ഞാലോചിക്കുന്നു. അയലത്തെ വീട്ടിലെ കല്യാണത്തിന് അയൽവാസി വാങ്ങിയതിന്റെ ഇരട്ടി വിലയുള്ള സാരി എങ്ങനെ സ്വന്തമാക്കാം എന്നു ചിന്തിക്കുന്നു.

ഏറ്റവും മികച്ച രീതിയിൽ പഠനം മുന്നോട്ടു കൊണ്ടുപോകുന്ന പെൺകുട്ടിയും വിവാഹമെന്ന വലിയ കടമ്പയ്ക്കു മുന്നിൽ പകച്ചുപോകുന്നു. ജീവിതത്തിലെ പരമപ്രാധാന്യമുള്ള ലക്ഷ്യം വിവാഹമായി മാറുന്നു. പ്രായമായ പെൺകുട്ടികൾ എന്നും മാതാപിതാക്കളുടെ നെഞ്ചിലെ തീയാണ്. സ്വർണത്തിനു വില കുത്തനെ ഉയരുമ്പോൾ സ്വർണം ഉരുകുന്നതിനേക്കാൾ വേഗത്തിൽ മാതാപിതാക്കളുടെ മനസ്സുരുകുന്നു. കടം വാങ്ങിയും വീടു പണയപ്പെടുത്തിയും മകളെ കച്ചവടം ചെയ്ത് മനസ്സമാധാനമായി കിടന്നുറുങ്ങുന്നു. ധാരാളം സ്വർണം വാരിപ്പൂശിയാൽ തിളങ്ങുന്നതാണോ പെൺകുട്ടിയുടെ ജീവിതം? അലങ്കാരത്തിനും ആഡംബരത്തിനും പിന്നിൽ മിക്കവാറും ഒരു കുടുംബത്തിന്റെ സാമ്പത്തികത്തകർച്ച ഒളിച്ചിരിക്കുന്നുണ്ടാകും.


സ്ത്രീകൾക്ക് അധികം ലോകവിവരമോ വിജ്ഞാനമോ ആവശ്യമില്ലെന്ന, പുരുഷ മനസ്സുകളിൽ ഉറങ്ങിക്കിടക്കുന്ന അധീശത്വത്തിന്റെയും അടിച്ചമർത്തലിന്റെ മുഖം തെളിഞ്ഞുവരും. എതിർപ്പിന്റെ സ്വരമുയർത്തിയാൽ അവളുടനെ -ഫെമിനിസ്റ്റ്- ആകും. സമൂഹത്തിന്റെ ചട്ടക്കൂടിനു പുറത്തു കടക്കാൻ ശ്രമിച്ചാൽ ഭ്രഷ്ട് ഉറപ്പ്.

സ്ത്രീധനത്തിനു പകരം യഥാർത്ഥത്തിൽ പുരുഷധനമാണു വേണ്ടത്. ഒരു പെൺകുട്ടി വിവാഹിതയായാൽ അവൾ പിന്നീട് ജീവിക്കുന്നത് ഭർത്താവിനും ഭർതൃവീട്ടുകാർക്കും വേണ്ടിയാണ്. രാപ്പകൽ എല്ലു മുറിയെ ജോലിയെടുക്കേണ്ടിവരുന്നത് ഭർത്താവിന്റെ വീട്ടിലാണ്. പെൺകുട്ടിയുടെ വിവാഹത്തിന് ഇത്ര കൊടുത്തു എന്നഭിമാനത്തോടെ പറയുന്ന പിതാവ് പിറ്റേന്ന് കടക്കാരുടെ മുന്നിൽ തല കുനിക്കുന്നു.

**സ്ത്രീകളെ വീട്ടിനുള്ളിൽ തളച്ചിട്ട്, ഭക്ഷണം പാകം ചെയ്യാനും ലൈംഗികസുഖത്തിനും കുട്ടികളെ പ്രസവിച്ച് പരിപാലിക്കുന്ന ഉപകരണമായും മാത്രമാണ് ഇന്നു സ്ത്രീകളെ പൊതുസമൂഹം വീക്ഷിക്കുന്നത്.**

സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്ക് പുരുഷ മേധാവിത്ത ലോകത്തിനൊപ്പം തന്നെ പങ്കാളിയാണ് സ്ത്രീയും. നമ്മുടെ സമൂഹത്തിൽ സ്ത്രീ ജോലിക്കു പോകുന്നത് ഇഷ്ടപ്പെടാത്തവരാണ് ഏറിയ പുരുഷന്മാരും. സ്ത്രീകൾ തങ്ങളേക്കാൾ ഉയർന്നാൽ, പുരുഷ മേൽക്കോയ്മയ്ക്ക് ഇടിവു സംഭവിക്കുമെന്നതിനാൽ സമൂഹം അവർക്കെതിരെ തിരിയുന്നു. ഉന്നത വിദ്യാഭ്യാസം നേടിയ, ഉന്നത ഉദ്യോഗം നേടിയവരും അവരുടെ ഭാര്യമാർ ജോലിക്കു പോകുന്നത് ഇഷ്ടപ്പെടാത്തവരാണ്. സ്ത്രീകളെ വീട്ടിനുള്ളിൽ തളച്ചിട്ട്, ഭക്ഷണം പാകം ചെയ്യാനും ലൈംഗികസുഖത്തിനും കുട്ടികളെ പ്രസവിച്ച് പരിപാലിക്കുന്ന ഉപകരണമായും മാത്രമാണ് ഇന്നു സ്ത്രീകളെ പൊതുസമൂഹം വീക്ഷിക്കുന്നത്.

സ്ത്രീകളുടെ വേഷവിധാനവും പുരുഷന്മാർ നയനസുഖത്തിനായി ഡിസൈൻ ചെയ്തതാണ്. സാരി സ്ത്രീശരീരത്തെ ഏറെക്കുറെ കൂടുതൽ വടിവോടെ ദൃശ്യമാക്കുന്നു. അഞ്ചു മീറ്റർകൊണ്ടുപോലും നഗ്നത മറക്കാൻ പറ്റാത്ത വസ്ത്രം. ശരീരത്തെ വരിഞ്ഞു മുറുക്കി പിൻ ചെയ്തുവയ്ക്കുന്നതോടൊപ്പം നടക്കാൻ പോലും നന്നേ ബുദ്ധിമുട്ടും. പുരുഷനെ ആകർഷിക്കാനായി, അവന്റെ പ്രീതിക്കായി, അവരുടെ നയനസുഖത്തിനായി അവൾ അണിഞ്ഞൊരുങ്ങുന്നു. പെൺകുട്ടി നാണംകുണുങ്ങിയാവണമെന്നാണ് സമൂഹം നിഷ്കർഷിക്കുന്നത്. പെൺകുട്ടികൾ പ്രണയിക്കുന്നത് തെറ്റാണ്. ആൺകുട്ടികൾ പ്രണയിച്ചിട്ടില്ലെങ്കിൽ അതു തെറ്റാണ്. അവൻ ആൺകുട്ടിയല്ല. ഇതാണ് വിവേചനം. ○



**മലയാളി സമൂഹം സ്ത്രീയോടാവശ്യപ്പെടുന്നതും സ്ത്രീയിൽനിന്നും പ്രതീക്ഷിക്കുന്നതും ഒരു നല്ല കുടുംബിനിയുടെ റോളാണ്. ഫാറൂഖിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഷിലുജാസ് മാധ്യമരംഗത്തെ അനുഭവങ്ങളുടെ ചിത്രം രേഖപ്പെടുത്തുന്നു.**

**സ്ത്രീത** | **എം. ഷിലുജാസ്**

മാധ്യമവട്ടം

# തളർന്നു പിൻമാറുന്നവർ, ഇതു കേരളീയ ശാപം



കേരളത്തിലെ വനിതാ മാധ്യമപ്രവർത്തകർ എന്തുകൊണ്ട് പിൻവലിയുന്നു എന്ന ചോദ്യത്തിന് ഉത്തരം തേടിപ്പോകുമ്പോൾ അന്വേഷണം അവസാനിക്കുന്നത് കുടുംബ വ്യവസ്ഥയുമായി ബന്ധപ്പെട്ട് മലയാളി ഇന്നും വച്ചുപുലർത്തുന്ന ചില കടുംപിടുത്തങ്ങളിലാണ്. കൂടുതൽ ഇച്ഛാശക്തിയും മനോധൈര്യവും ആവശ്യമുള്ളതും ഒട്ടും സമയബന്ധിതവുമല്ലാത്തതുമായ ഒരു ജോലിയാണ് മാധ്യമപ്രവർത്തനം. സമർപ്പണബോധം ഏറെ വേണ്ടതും എന്തും ഏതും എപ്പോഴും തേടിപ്പിടിച്ച് അവതരിപ്പിക്കാനുള്ള ചുറുചുറുക്ക് സദാ ആവശ്യപ്പെടുന്നതുമായ ഒരു തൊഴിൽ.



എന്നാൽ കേരളത്തിലെ എത്ര വനിതാ മാധ്യമപ്രവർത്തകർക്ക് ഇതിനെല്ലാമുള്ള അവസരം ലഭിക്കുന്നുണ്ട്? തൊഴിലിനൊപ്പംതന്നെ വീടും കുട്ടികളും ഭർത്താവും അടങ്ങുന്ന കുടുംബകാര്യങ്ങൾ യഥാവിധി നിർവ്വഹിക്കാൻ പാടുപെടുന്നവളാണ് കേരളത്തിലെ ഓരോ സ്ത്രീയും. മലയാളി സമൂഹം ഇന്നും സ്ത്രീയോടാവശ്യപ്പെടുന്നതും സ്ത്രീയിൽ നിന്നും പ്രതീക്ഷിക്കുന്നതും ഒരു നല്ല കുടുംബിനിയുടെ റോളാണ്. അവളുടെ തൊഴിലിന് എന്നും സമൂഹവും കുടുംബവും രണ്ടാം സ്ഥാനം മാത്രമേ കൽപ്പിക്കുന്നുള്ളൂ.



**കമല സുരയ്യ**

**ആകാശത്തെ മിന്നുന്ന നക്ഷത്രങ്ങളെ വാക്കിലേക്ക് ചേർത്തുകെട്ടിയ മാന്ത്രികത**

**രോഷ്നി സ്വപ്ന**




ഒരു നല്ല കുടുംബിനിയാകാൻ നിർബന്ധിതയാകുമ്പോൾ സമയനിഷ്ഠ മാധ്യമപ്രവർത്തനത്തിലേക്ക് ചുരുങ്ങാൻ ഓരോ വനിതാ ജേർണലിസ്റ്റും തയ്യാറാകുന്നു. വൈകിയെത്തുക, നേരത്തേ പോവുക എന്നീ അവകാശവാദങ്ങളിലേക്ക് സ്ത്രീകളെ എത്തിക്കുന്നതും കുടുംബവ്യവസ്ഥിതിയിൽ അവൾക്കു നൽകപ്പെട്ട അമിതപ്രാധാന്യം തന്നെയാണ്. ഇക്കാര്യത്തിൽ പുരുഷപങ്കാളിയിൽനിന്നോ സ്ത്രീകളായ കുടുംബാംഗങ്ങളിൽനിന്നോ അവൾക്ക് യാതൊരുവിധ പിന്തുണയും ലഭിക്കുന്നില്ല. പലപ്പോഴും പുരുഷന്റെ ഭാവം, താൻ ജോലിക്കു പോകുന്നവനാണെന്നും അതിനാൽ വീടുനടത്തിപ്പിന്റെ അധികഭാരം തന്റെ തലയിലേറ്ററുത് എന്ന മട്ടിലായിരിക്കും. എന്നാൽ അവൾ വീടുനടത്തിപ്പ് ഭംഗിയായി നിർവ്വഹിച്ച ശേഷം വേണമെങ്കിൽ ജോലിക്കു പോകട്ടെയെന്നും അവൾക്കു ലഭിക്കുന്ന സാമ്പത്തിക പ്രതിഫലം തനിക്ക് ആശ്വാസം ആകുമെന്ന ഭാവവും പുരുഷൻ പുലർത്തുന്നു. അൽപ്പമൊന്നു വൈകിയാൽ മുഖം കറുപ്പിക്കുന്ന ഭർത്താവും രക്ഷിതാക്കളും ഡേ കെയർ സെന്ററിൽ കാത്തിരിക്കുന്ന പിഞ്ചുകുഞ്ഞുമെല്ലാം തന്നെയാണ് ഇന്നും അവളെ ഏറെ അലട്ടുന്നത്. കാരണം വിദ്യാസമ്പന്നരെങ്കിലും സംസ്കാരസമ്പന്നരെങ്കിലും മലയാളിയുടെ കുടുംബ സങ്കൽപ്പത്തിൽ നാളിതുവരെ കാര്യമായ മാറ്റം ഉണ്ടായിട്ടില്ലെന്നതുതന്നെ. ഇത്തരം മാനസിക പിരിമുറുക്കങ്ങൾ മാധ്യമപ്രവർത്തന രംഗത്തെ തെല്ലൊന്നുമല്ല ബാധിക്കുക. അങ്ങനെ സ്വയം പിൻസീറ്റിൽ ഇരിക്കാൻ സമൂഹവും കുടുംബവും അവളെ നിർബന്ധിച്ചുകൊണ്ടേയിരിക്കുന്നു. നിരവധി എക്സ്ക്ലൂസീവ് സ്റ്റോറികളും പ്രധാന വാർത്തകളും അവൾക്കു നഷ്ടപ്പെടുത്തുന്നത് കുടുംബകേന്ദ്രീകൃത സമയനിഷ്ഠ പത്രപ്രവർത്തനമാണ്.

മലയാള പത്ര-ദൃശ്യ മാധ്യമങ്ങളിൽനിന്നു രാജിവച്ചുപോയ സ്ത്രീകളുടെ നീണ്ട പട്ടിക പരിശോധിക്കുമ്പോൾ മനസ്സിലാകും അവരിൽ ഭൂരിഭാഗവും വിവാഹത്തിനോ പ്രസവത്തിനോ ശേഷം വേദി വിട്ടവരായിരിക്കും. ഈ മേഖലയിൽ പുരുഷനുണ്ടാക്കിയെടുത്ത മേൽക്കോയ്മ സമൂഹം അനുവദിച്ചുതന്നിട്ടുള്ള ചില സ്വാതന്ത്ര്യങ്ങളുടെയും അവകാശങ്ങളുടെയും പുറത്തു മാത്രമാണ്. സന്ധ്യ മയങ്ങിയാൽ സ്ത്രീ കൂടണയണമെന്ന് ശഠിക്കുന്ന കേരള സമൂഹത്തിന്റെ കുടുംബ സങ്കൽപ്പത്തിൽ, രാത്രികാലങ്ങളിൽ പേടിയില്ലാതെ ഇറങ്ങി നടക്കുന്ന സ്ത്രീയെയും അതാവശ്യമാകുന്ന തൊഴിലുകളെയും ഇപ്പോഴും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. പാതിരാ വരെ നീളുന്ന റിപ്പോർട്ടിങ് പണിയുമായി ഇരിക്കാൻ, അസമയത്തു കിട്ടുന്ന ഒരു പ്രധാന വാർത്തയുടെ ഉറവിടം തേടിപ്പോകാൻ, ഫോളോ അപ്പുകളുടെ പിറകെ അലഞ്ഞുനടക്കാൻ മനസ്വസ്ഥതയോടെ എത്ര വനിതാ ജേർണലിസ്റ്റുകൾക്കു സാധിക്കാറുണ്ട്. പലപ്പോഴും ദൂരയാത്രകളും രാത്രികാല റിപ്പോർട്ടിങ്ങും നൈറ്റ് ഷിഫ്റ്റുമെല്ലാം വേണ്ടെന്നുവയ്ക്കേണ്ടി വരുന്നത് കുടുംബമെന്ന വ്യവസ്ഥയിലേക്ക് അവൾക്ക് ഒതുങ്ങേണ്ടി വരുമ്പോഴാണ്.

**അവൾ വീടുനടത്തിപ്പ് ഭംഗിയായി നിർവ്വഹിച്ച ശേഷം വേണമെങ്കിൽ ജോലിക്കു പോകട്ടെയെന്നും അവൾക്കു ലഭിക്കുന്ന സാമ്പത്തിക പ്രതിഫലം തനിക്ക് ആശ്വാസം ആകുമെന്ന ഭാവവും പുരുഷൻ പുലർത്തുന്നു.**

ഓരോ രംഗത്തുനിന്നും പിൻവാങ്ങുമ്പോൾ ഒരു മാധ്യമപ്രവർത്തക എന്ന നിലയിൽ ഓരോ സ്ത്രീക്കും തന്റെ കഴിവ് തെളിയിക്കാൻ പറ്റാതെ വരുന്നു. സ്വന്തം പങ്കാളി പോലും ഈ കാര്യത്തിൽ പലപ്പോഴും അവളുടെ തുണയ്ക്കെത്തുന്നില്ല. വീടും കുട്ടികളും എപ്പോഴും അവളുടെ തലയിൽതന്നെ വന്നാലെ കാര്യങ്ങൾ ശരിയാകൂ എന്നു ശഠിക്കുന്ന പുരുഷമേധാവിത്തവും പുരുഷമന







**പി.ടി. ഉഷ**

**പയ്യോളി കടപ്പുറത്തെ പൊരിമണലിൽനിന്ന് ലോക ഒളിംപിക്സ് കായികവേദിയിൽ എത്തിയ കൊടുങ്കാറ്റ്**

മദനൻ

> **ആരോടായാലും പെണ്ണു പറഞ്ഞാൽ**
> **അതിനൊരു വെലയുണ്ട്. ആരും**
> **അവളോടൊരക്ഷരം മറുത്തു പറേത്തില്ല.**
> **കൊടുക്കാനും വാങ്ങിക്കാനുമൊക്കെ**
> **നല്ല തദൃശം. വീട്ടിൽ കെട്ടിക്കൊണ്ടുവന്ന**
> **പെണ്ണുങ്ങളിൽ അവളെ ജയിക്കാനാരുമില്ല.**
> **അള മുട്ടിയാൽ ചേരയ്ക്കും വരും**
> **ശൗര്യം. അവൾ പറഞ്ഞതെത്ര നേര്.**
> **ഇങ്ങനെ പോയാൽ വാർധക്യകാലത്ത്**
> **അവൾക്കിത്തിരി അനത്ത വെള്ളം**
> **കൊടുക്കാൻ ആരു കാണും? അപ്പനും**
> **അമ്മയും മണ്ണിനടിയിൽ. സഹോദരിമാർക്കു**
> **ഭർത്താക്കന്മാർ. സഹോദരന്മാർക്കു ഭാര്യ**
> **മാർ. അവൾ മാത്രം ഒറ്റ. ആരുടെയെങ്കിലും**
> **ദാസിയായിരിക്കാം. പണമുണ്ടെങ്കിൽ**
> **നോക്കും. ഇല്ലെങ്കിൽ പിണം.**
> **മുപ്പതു വയസ്സെങ്കിലും ആയിക്കാണണം**
> **അവൾക്ക്. രണ്ടുചേട്ടത്തിമാരെ**
> **കെട്ടിച്ചു. മൂത്തവൾ സുഖക്കേടുകാരി.**
> **ഭൂമിയിൽത്തന്നെ ദൈവം അവൾക്ക്**
> **നിത്യനരകം കൊടുത്തിരിക്കുന്നു. എന്തു**
> **പാപം ചെയ്തിട്ടാണോ ആവോ....**
> **നിഷ്കളങ്കനും നേരുള്ളവനും**
> **ദൈവഭക്തനും ദോഷം**
> **വിട്ടകലുന്നവനുമായ ഇയ്യോബിനോട്**
> **യഹോവ ചെയ്തതു പോലെത്തന്നെ.**
> **പെണ്ണു പഠിക്കാൻ ബഹു**
> **മിടുക്കിയായിരുന്നു.എല്ലാത്തിനും**
> **മിടുക്കത്തി. മറ്റിംഗ്ളീഷ് ജയിച്ചപ്പം**
> **പള്ളിക്കൂടത്തിൽ ജോലി കിട്ടി.**
>
> **പാറപ്പുറത്ത്**
> **(അരനാഴിക നേരം)**



സ്സുള്ള ചില സ്ത്രീകളും അവളുടെ വളർച്ചയെ പിറകോട്ടു വലിച്ചുകൊണ്ടിരിക്കുന്നു. ഗൗരവമായ വായന പോയിട്ട് ദിനപത്രംപോലും ഒന്നു കണ്ണോടിക്കാൻ സമയം കിട്ടാതെ നെട്ടോട്ടം ഓടുന്നവരാണ് കേരളത്തിൽ ജോലിക്കു പോകുന്ന സ്ത്രീകൾ. പരന്ന വായനയും ഗൗരവമായ വായനയും ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്ന മേഖലയാണ് മാധ്യമപ്രവർത്തനം. ഇതിനുള്ള സമയമോ അവസരമോ നിഷേധിക്കപ്പെടുമ്പോൾ അവരെങ്ങിനെ സ്വയം അപ്ഡേറ്റ് ചെയ്യപ്പെടും?

ലിംഗപരമായ വിവേചനം തന്നെയാണ് വനിതാ മാധ്യമപ്രവർത്തകരുടെ വംശനാശത്തിന് കാരണം. എന്നാൽ, അതു മാധ്യമരംഗത്തു മാത്രം നിലനിൽക്കുന്ന ലിംഗവിവേചനമല്ല. അതിനപ്പുറം കുടുംബത്തിനകത്തും സമൂഹത്തിൽ മൊത്തമായും നിലനിൽക്കുന്ന ലിംഗവിവേചനമാണ്. കുഞ്ഞുങ്ങളുടെ കാര്യവും വീട്ടുകാര്യവും നോക്കാൻ താൻതന്നെ മുന്നോട്ടിറങ്ങണമെന്ന തിരിച്ചറിവിൽ പല സ്ത്രീകളും നഷ്ടപ്പെടുത്തുന്നത് അവരുടെ ജോലിയായിരിക്കും. താൽപ്പര്യവും ചുറുചുറുക്കും ഏറെ ഉണ്ടായിട്ടും മികവു പുലർത്താനാകാതെ പിന്തള്ളപ്പെടുന്ന വനിതാ മാധ്യമ പ്രവർത്തകർ നിരവധിയുണ്ട്. കുടുംബഭാരവും ജോലിഭാരവും ഒന്നിച്ചു ചുമക്കുമ്പോൾ ഒടുവിൽ ഭാരം താങ്ങാനാവാതെ ജോലി വിടാൻ സ്വയം തീരുമാനിക്കുമ്പോൾ കുറ്റം മറ്റാരുടെയും തലയിൽ വീഴുന്നുമില്ല. അത് അവൾ സ്വയം എടുത്ത തീരുമാനം. ആർക്കു വേണ്ടിയായിരുന്നു ആ തീരുമാനം എന്ന ചോദ്യം എവിടെയും അപ്രസക്തം.

മുഴുവൻ സമയ പത്രപ്രവർത്തനത്തിന് സ്ത്രീകൾ എത്രകണ്ടു തയ്യാറാകുന്നു എന്ന ചേദ്യത്തിന് വിവാഹം കഴിയുന്നതുവരെ, അല്ലെങ്കിൽ കുഞ്ഞുണ്ടാവുന്നതുവരെ എന്ന ഉത്തരത്തിലേക്ക് ഒതുങ്ങുമ്പോൾ ഒരേ സമയം കുടുംബിനിയായും മാധ്യമപ്രവർത്തകയായും ജീവിക്കുന്ന ഓരോ മലയാളി സ്ത്രീയോടും നിങ്ങൾ ചോദിക്കുക, അവൾ ഏതെങ്കിലും റോളിൽ തൃപ്തയാണോ എന്ന്. അല്ലെങ്കിൽ, സ്വന്തം തൊഴിലോ കുടുംബജീവിതമോ ആസ്വദിക്കുന്നുണ്ടോ എന്ന്. ജീവിക്കാൻതന്നെ മറക്കുന്നിടത്താണോ ആസ്വാദനം എന്നവൾ ദേഷ്യപ്പെട്ടേക്കാം. കാരണം അവൾ ജീവിക്കുന്നത് കുടുംബത്തിനും സമൂഹത്തിനും വേണ്ടി മാത്രമാണ്. ○

**കമല സുരയ്യ**

**പ്രധാനപ്പെട്ടതെന്ന് സമൂഹം കരുതുന്ന പല മൂല്യങ്ങളെയും ചിന്തകളെയും സ്വന്തം ജീവിതം കൊണ്ട് മാറ്റിമറിച്ച ധീരവ്യക്തി**

**ഹരിദാസ് കരിവള്ളൂർ**






# തുറന്നെഴുത്തിന്റെ കഥകൾ

ആർ.എസ്. വസീം
(ബി.എ. മലയാളം)

ഉത്തരാധുനിക ചിന്താപരിസരങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് സ്ത്രീശാക്തീകരണം. നിലനിന്നുപോന്ന സാമൂഹികക്രമങ്ങൾ സ്ത്രീയെ അപരവത്കരിച്ചുവെന്നും അവൾ ശരീരത്തിന്റെയും പിതൃമേൽക്കോയ്മാപരമായ സാമൂഹികഘടനയുടെയും പുറത്തുകടക്കേണ്ടതുണ്ട് എന്നുമാണ് സ്ത്രീപക്ഷക്കാരുടെ വാദം. ചോദ്യം ചെയ്യലുകളാണ്, തുറന്നുവയ്ക്കലുകളാണ് ഇനിയുള്ള കാലത്തെ ദൗത്യമെന്ന് അവർ പ്രഖ്യാപിക്കുന്നു. തുറന്നെഴുത്ത് നവലോക സാഹിത്യത്തിലെ സജീവമായ ഇടമാണ്. ഒന്നും ഒളിച്ചുവയ്ക്കാനില്ല എന്നതാണ് ഇതിന്റെ പ്രത്യയശാസ്ത്രം. വ്യത്യസ്ത ആധിപത്യങ്ങൾക്കു കീഴിൽ നിശബ്ദരാക്കപ്പെട്ട സമൂഹങ്ങളും സാമൂഹിക ഘടനയിലെ വർഗ-ലിംഗ-ജാതി-മത വൈവിധ്യങ്ങളും എഴുത്തധികാരത്തിന്റെ ജനാധിപത്യത്തെ പ്രതിനിധീകരിച്ചുകൊണ്ട് രംഗത്തുവന്നു. അധികാര വർഗത്തിനു മാത്രമല്ല അവരുടെ കീഴിൽ അടിച്ചമർത്തപ്പെട്ടവർക്കും ജീവിതാനുഭവങ്ങളുണ്ടെന്ന് ലോകം തിരിച്ചറിഞ്ഞു കൊണ്ടിരിക്കുന്നു.

സ്ത്രീ വിമോചനം, സ്ത്രീ വാദം, സ്ത്രീ ശാക്തീകരണം എന്നിവയ്ക്ക് സമാനമായി വായിക്കപ്പെടുന്ന ഒരു സംജ്ഞയാണ് ഫെമിനിസം. ഭിന്നമായ ആശയപരിസരങ്ങളും അവയുടെ സാംസ്കാരികവും രാഷ്ട്രീയവുമായ ഏറ്റുമുട്ടലുകളും നിറഞ്ഞ വൈരുധ്യത്തിന്റെ ലോകമാണ് ഫെമിനിസ്റ്റ് ചിന്തകൾ. അന്ധന്മാർ ആനയെ നിരൂപിച്ചതുപോലെ സ്ത്രീവാദികൾ ഓരോരുത്തരും സ്വയംവഴികൾ സിദ്ധാന്തിച്ച് മുന്നോട്ടുവന്നു. സ്ത്രീവിമോചനം സാധ്യമാക്കേണ്ടതുതന്നെ. എന്നാൽ അടുക്കളയിൽനിന്നാണോ അരങ്ങിൽനിന്നാണോ അതല്ല, മറ്റിടങ്ങളിൽനിന്നാണോ സ്ത്രീ വിമോചിക്കപ്പെടേണ്ടത് എന്നതാണ് പ്രസക്തമായ ചോദ്യം. പ്രത്യയശാസ്ത്രപരവും പ്രായോഗികവുമായ ഈ സ്വത്വ പ്രതിസന്ധിയിലാണ് ഫെമിനിസ്റ്റുകൾ.



സ്ത്രീക്ക് സവിശേഷമായ ഒരു ഭാഷ ആവശ്യമുണ്ടെന്നും ഇന്നു നാം കാണുന്ന ഭാഷ പുരുഷ മേധാവിത്തപരമാണെന്നും സിദ്ധാന്തിച്ചുകൊണ്ടാണ് പെണ്ണെഴുത്ത് കടന്നുവരുന്നത്. ഫ്രഞ്ച് ഫെമിനിസ്റ്റായ ഹെലൻ സിക്സു സിദ്ധാന്തവൽക്കരിക്കാനോ സങ്കേതവൽക്കരിക്കാനോ മൂടിവയ്ക്കാനോ ആവാത്തതും നിർവചനാതീതവുമായ സ്ത്രീയുടെ എഴുത്തുരീതിയാണിതെന്നു പ്രഖ്യാപിച്ചു. സ്ത്രീയുടെ അസ്തിത്വത്തെയും അധികാരത്തെയും പുനർനിർണയിക്കാൻ കഴിവുള്ള എഴുത്തടയാളങ്ങളാണ് പെണ്ണെഴുത്തെന്നായിരുന്നു അവരുടെ വാദം. സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ ഈ എഴുത്തു സിദ്ധാന്തത്തെ പിന്നീട് ഏറ്റെടുക്കുകയുണ്ടായി.

സ്ത്രീവാദങ്ങളുടെ വൈവിധ്യമാർന്ന തുടർച്ച തന്നെയാണ് പെണ്ണെഴുത്തിലും കടന്നുവരുന്നത്. ചിലത് സ്ത്രീപക്ഷ ഭാഷാ നിർമ്മാണത്തിനുള്ള ശ്രമങ്ങളായിരുന്നു. മറ്റു ചിലത് പെണ്ണനുഭവങ്ങളുടെ അവതരണമായി. ഒടുവിലിന്ന് ലൈംഗികതയുടെ തുറന്നുപറച്ചിലാണ് പെണ്ണെഴുത്ത് എന്നാണ് വായിക്കപ്പെടുന്നത്. അണിയറയിലുള്ളത് അരങ്ങത്തെത്തുമ്പോൾ അശ്ളീലമാവുന്നു എന്നാണ് മാനുഷികമായ മൂല്യബോധം നമ്മെ ഉണർത്തുന്നത്.

> **സങ്കീർണമായ പ്രശ്നങ്ങളെ ചർച്ചയ്ക്കെടുക്കുവാനും സാമൂഹിക ചലനങ്ങളെ അവൾക്ക് പരിചയപ്പെടുത്താനും സാധിക്കുന്ന വനിതാ പ്രസിദ്ധീകരണങ്ങൾക്ക് ഇനിയും ജന്മം കൊടുക്കേണ്ടതുണ്ട്.**

അതിനാൽത്തന്നെ തുറന്നുപറച്ചിലുകളുടെ അതിരും അളവും വിശാലതയും നിർണയിക്കപ്പെടേണ്ടതുണ്ട്. പെണ്ണിന്റെ ഇടങ്ങളിലും ഇടപെടലുകളിലും അവളനുഭവിക്കുന്ന പ്രശ്നങ്ങളെ അവഗണിച്ച് അംഗഭംഗിയാണ് സ്ത്രീയെന്ന മുതലാളിത്ത ബോധനങ്ങളെ അവതരിപ്പിക്കുകയാണ് ഇന്നു പെണ്ണെഴുത്തുകൾ. സ്ത്രീസാന്നിധ്യത്തെ അവഗണിക്കുകയും വസ്തുവൽക്കരിക്കുകയും ചെയ്ത മുതലാളിത്തത്തിന്റെ കൂലിയെഴുത്തുകാരായിരുന്നു സ്ത്രീ വിമോചനത്തിന്റെ പെണ്ണെഴുത്തുകാർ. സ്ത്രൈണതയുടെ ആത്മാവിനെ തിരിച്ചറിയുകയും അവതരിപ്പിക്കുകയും ചെയ്യുക എന്ന ദൗത്യമാണ് സ്ത്രീ എഴുത്തുകാർ ഏറ്റെടുക്കേണ്ടത്.

പെൺമക്കളെ കൂട്ടത്തോടെ കുഴിച്ചുമൂടിയിരുന്ന അറബ് പൈശാചിക കാലഘട്ടം മുതൽ വിദ്യാഭ്യാസവും മറ്റു മൗലികാവകാശങ്ങളും നിഷേധിക്കപ്പെട്ട കേരളീയ സ്ത്രീചരിത്രം വരെ നമ്മുടെ മുന്നിലുണ്ട്. പെണ്ണ് പഠിക്കാനിറങ്ങിയാൽ അപകടമാണെന്നുറച്ച മതയാഥാസ്ഥികത്വം, ശ്ലോകങ്ങൾ കാണാതെ പഠിക്കുകയാണ് വിദ്യാഭ്യാസമെന്ന് നിർവചിക്കപ്പെട്ട നമ്പൂതിരി വനിതകൾ, വിജ്ഞാനത്തിന്റെ നേരിയ സുഗന്ധംപോലും ആസ്വദിക്കാൻ കഴിയാതെ പോയ അനേകായിരങ്ങൾ.. ഇതായിരുന്നു അന്നത്തെ അവസ്ഥ. വിദ്യാഭ്യാസരംഗത്തു വനിതകൾ അതിർവരമ്പുകളെ മറികടന്ന് മുന്നോട്ടുപോയപ്പോൾ അവളുടെ വായനയും എഴുത്തും അവഗണിച്ചുള്ള ഒരു സാംസ്കാരികത അസാധ്യമായി തീർന്നിരിക്കുന്നു.

സ്ത്രീക്ക് എന്താണ് വായിക്കാൻ ലഭിക്കുന്നത്? പൊതുവിൽ സ്ത്രീ സമൂഹം എന്താണു വായിക്കുന്നത്? സിനിമ, ഫാഷൻ, ലൈംഗികത, വസ്ത്രാലങ്കാരം, സൗന്ദര്യവർധന, പാചകവിധി... ഇതാണ് മാധ്യമങ്ങൾ അവൾക്കു നൽകിക്കൊണ്ടിരിക്കുന്നത്. സ്ത്രീ സമൂഹവും ലോകം തന്നെയും നേരിട്ടുകൊണ്ടിരിക്കുന്ന സങ്കീർണമായ പ്രശ്നങ്ങളെ ചർച്ചയ്ക്കെടുക്കുവാനും സാമൂഹിക ചലനങ്ങളെ അവൾക്ക് പരിചയപ്പെടുത്താനും സാധിക്കുന്ന വനിതാ പ്രസിദ്ധീകരണങ്ങൾക്ക് ഇനിയും ജന്മം കൊടുക്കേണ്ടതുണ്ട്. നമ്മൾ കണ്ടിരുന്ന സ്ത്രീ യക്ഷിയായിരുന്നു. പാലമരത്തിന്റെ ചുവട്ടിൽ മുടിയഴിച്ചിട്ട രാക്ഷസിപ്പെണ്ണ്. അവളിന്നു സീരിയലുകളിലും ഫാമിലി എന്റർടെയിനറുകളിലും കുടിലബുദ്ധിക്കാരിയായ അമ്മായിയമ്മയായി കടന്നുവരുന്നുവെന്നു മാത്രം. മറ്റൊന്നു മുതലാളിത്തം മുന്നോട്ടുവച്ച സ്ത്രീസങ്കൽപ്പമാണ്. രതി മാത്രമാണ് ലോകമെന്നും അവിടെ ആസ്വാദകവസ്തുവാണ് സ്ത്രീ എന്നുമാണ് നമ്മുടെ മാധ്യമങ്ങളും ചലച്ചിത്രങ്ങളും അവളെ പരിചയപ്പെടുത്തിയത്. ഇതിനപ്പുറം ആത്മാവും ആത്മാഭിമാനവുമുള്ള ഒരു മനുഷ്യപുത്രിയെ അവതരിപ്പിക്കാൻ നമ്മുടെ ജനപ്രിയ സാംസ്കാരിക വിനിമയങ്ങൾക്കു കഴിയാതെ പോയിട്ടുണ്ട്.

സ്ത്രീ എഴുത്തുകൾ പലപ്പോഴും അകംവായനകളാണ്. സ്ത്രീ സ്വത്വത്തിന്റെ എഴുത്താവിഷ്കാരങ്ങൾ അങ്ങനെ രൂപപ്പെടാൻ കാരണം അവൾ കൂടുതൽ അകത്തിടപഴകുന്നു എന്നതാണ്. സമൂഹം എന്ന സംവിധാനത്തിന്റെ താളാത്മകമായ മുന്നോട്ടുപോക്കിന് ഇത് അനിവാര്യമാണ്. സ്ത്രീയുടെ അകംഇടപെടലുകളെ പുറംവായനകളെ നിഷേധിക്കാനുള്ള ആയുധമായിക്കാണുന്ന പൗരോഹിത്യവും കുടുംബത്തിനു പുറത്താണ് സ്ത്രീസ്വാതന്ത്ര്യമെന്നുമുള്ള മുതലാളിത്തവാദങ്ങളും യഥാർത്ഥ പെൺപക്ഷത്തെ തിരസ്കരിക്കുകയാണ്. സ്ത്രീശാക്തീകരണത്തിന് ഏറ്റവും വലിയ വെല്ലുവിളി മതമാണെന്ന പൊതുബോധമുണ്ട്. സദാചാരബന്ധിതമായ സാമൂഹികവ്യവസ്ഥയെ അവതരിപ്പിക്കുകയും കുടുംബസംവിധാനത്തെ മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നിടത്താണ് മതം സ്ത്രീവാദികൾക്കു തലവേദന സൃഷ്ടിക്കുന്നത്. സ്ത്രീയിൽനിന്ന് പിന്നാക്ക സ്ത്രീവിഭാഗങ്ങളിലേക്ക് എത്തിനോക്കുമ്പോൾ വിവേചനത്തിന്റെ ആഴം വർധിക്കുന്നതായി കാണാം. എന്നാലും ഇവിടങ്ങളിൽനിന്നുള്ള സ്ത്രീ സ്വത്വാവിഷ്കാരങ്ങളും പ്രതികരണങ്ങളും ഇനിയും മലയാളമണ്ണിൽ ശൈശവം കുറിച്ചിട്ടില്ല.





# വഴി തെറ്റുന്ന കൗമാരപ്രായം

ഡോ. സീകെ. അഹ്മദ്
(ഇംഗ്ലീഷ് വിഭാഗം)

കോഴിക്കോട് നഗരത്തിലെ പ്രശസ്തമായ ഹോട്ടലിൽ നടന്ന ഒളിക്യാമറ ചിത്രീകരണവുമായി ബന്ധപ്പെട്ട് പിടികൂടിയ പ്രതിയുടെ കുടുംബത്തിന് ക്രിമിനൽ പശ്ചാത്തലമുണ്ടെന്ന വാർത്ത കുട്ടികളിൽ കുടുംബപശ്ചാത്തലം ചെലുത്തുന്ന സ്വാധീനതയിലേക്ക് വിരൽ ചൂണ്ടുന്നു. നിഷ്കളങ്ക മനസ്സുമായി ഭൂമിയിൽ പിറന്നു വീഴുന്ന സന്തതികൾ പിൽക്കാലത്ത് ക്രിമിനലുകളും കുറ്റവാളികളും ആകാനിടയാകുന്ന സാഹചര്യങ്ങളെക്കുറിച്ച് സമൂഹം ഉണർന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കുപ്രശസ്തമായ ടോട്ടൽ ഫോർ യു തട്ടിപ്പിൽ കോടികൾ മുക്കിയ ശബരീനാഥും ഭവനഭേദനം, തട്ടിപ്പ്, വെട്ടിപ്പ്, കളവുകേസ് തുടങ്ങിയവയിൽ പിടിക്കപ്പെടുന്ന കുറ്റവാളികളിൽ ഏറിയ പങ്കും കൗമാരപ്രായക്കാരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

വളരുന്ന മക്കളുടെ പ്രാഥമിക പാഠശാലയാണ് വീട്. മാതാപിതാക്കളിൽനിന്ന് ബാല്യത്തിൽ ലഭിക്കാതെ പോകുന്ന സംരക്ഷണവും ശ്രദ്ധയും പലപ്പോഴും പിന്നീട് അങ്ങനെ വളരുന്നവർ കുറ്റകൃത്യങ്ങളിൽ അകപ്പെടാൻ ഇടവരുത്തുന്നുണ്ട്. സ്വന്തം മക്കൾ സുഖസൗകര്യങ്ങളിൽ ഭ്രമിച്ചു വഴി തെറ്റാൻ സാധ്യതയേറിയ ഈ കാലത്ത് മക്കളെ തെറ്റിൽ നിന്നു മാറ്റി സന്മാർഗത്തിലേക്ക് നയിക്കാനുതകുന്ന വഴികളിലേക്ക് തിരിച്ചുവിടാൻ മാതാപിതാക്കൾ നിർബന്ധമായും ശ്രദ്ധിക്കേണ്ടതുണ്ട്. വളരുന്ന കുട്ടികൾ തൊട്ട് 10 വയസ്സ് വരെയുള്ള കാലത്തെ അനുസരണശീലമുള്ള പ്രായം, 11–15 വരെയുള്ള കാലം മുറുമുറുപ്പിന്റെ കാലം, 16–20 വരെയുള്ള പ്രായം എന്തിനെയും വിമർശിക്കുന്ന കാലം എന്നിങ്ങനെ വേർതിരിക്കാം. തെറ്റുകൾ ചെയ്യാൻ സാധ്യതയേറിയ ഈ ഘട്ടങ്ങളിൽ തെറ്റിനെ തെറ്റായും ശരിയെ ശരിയായും കാണാൻ മക്കളെ ശീലിപ്പിച്ചില്ലെങ്കിൽ പിൽക്കാലത്ത് തെറ്റുകൾ ചെയ്യാനുള്ള പ്രവണത കൂടിവരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു.



കൗമാരകാലമാണ് മനുഷ്യജീവിതത്തിലെ പ്രശ്നകാലം. കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കുന്ന ഈ കാലത്ത് പല മാറ്റങ്ങളും കുട്ടികളിൽ സംഭവിക്കുന്നു. ദ്രുതഗതിയിൽ മാനസിക-ശാരീരിക വളർച്ച നടന്നുകൊണ്ടിരിക്കുന്ന ആ കാലഘട്ടം ജീവിതത്തിലെ സംഘർഷകാലഘട്ടമായി മനഃശാസ്ത്രജ്ഞർ വിലയിരുത്തുന്നു. നമ്മുടെ ജനസംഖ്യയിൽ ഏതാണ്ട് 30 ശതമാനം കൗമാരപ്രായക്കാരാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അടിസ്ഥാനപരമായി മുതിർന്നവരുടെ ലോകം അനുകരിക്കുന്നവരാണ് കുട്ടികൾ. മാതാപിതാക്കൾ നല്ല മാതൃകകൾ അല്ലെങ്കിൽ അവരിലൂടെ ലഭിക്കുന്ന തെറ്റായ ശിക്ഷണം ഭാവിയെ ബാധിക്കുന്നു. കുട്ടികളെ വളർത്തുന്നതിലെ വീഴ്ചകൾ പിൽക്കാലത്ത് കുട്ടികളെ കുറ്റവാളിയാക്കിമാറ്റാനുള്ള സാഹചര്യം ഒരുക്കുന്നു. 'ഈസിമണി'യിൽ അമിതതാൽപ്പര്യം കാണിക്കുന്ന ആധുനിക തലമുറ ഏതുവിധേനയും പണം സമ്പാദിക്കാനായി ശ്രമിക്കുന്നു. മാനസികചാപല്യത്തോടെയുള്ള ഈ എടുത്തുചാട്ടത്തിൽ പലപ്പോഴും കാലിടറി വീഴുകയും പിൽക്കാലത്ത് ജീവിതം ഹോമിക്കപ്പെടുകയും ചെയ്യുന്നു.

**നല്ല വീടുകളിലെ കുട്ടികൾ കുറ്റകൃത്യങ്ങളിൽ അകപ്പെടില്ല എന്നാണു പൊതുധാരണ. എന്നാൽ ഈ ധാരണ നിർബന്ധമായും തിരുത്തേണ്ടതുണ്ട്.**

സമപ്രായക്കാരുമായി ഇടപഴകാൻ കുട്ടികൾ വെമ്പൽ കൊള്ളുന്ന പ്രായമാണ് കൗമാര കാലം. സമപ്രായക്കാരുമായി ഇടപെടുമ്പോൾ കൗമാരക്കാരുടെ അപക്വതകൾ ചൂഷണം ചെയ്യപ്പെടുവാൻ സാധ്യതയേറുന്നു. സാങ്കൽപ്പികമായ വീരാരാധനകൾ തെറ്റായ ദിശയിലേക്കു നയിക്കുന്നു. സമപ്രായക്കാരുടെ സമ്മർദ്ദം മൂലം രസത്തിനുവേണ്ടി തുടങ്ങുന്ന പല ശീലങ്ങളും ദുശ്ശീലങ്ങളായി മാറി ജീവിതത്തിന്റെ ചുവട് പിഴയ്ക്കുവാൻ ഇടവരുത്തുന്നു. പുകവലി, മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ദുശ്ശീലങ്ങളിൽ ഏറിയപങ്കും ഈ നിലയിൽ സമപ്രായക്കാരുടെ നിയന്ത്രണവലയിൽ അകപ്പെടുന്നവരാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

കൗമാരപ്രായക്കാരെ ഏറ്റവും അലട്ടുന്ന പ്രശ്നമാണ് ഡിപ്രഷൻ. നല്ല വീടുകളിലെ കുട്ടികൾ കുറ്റകൃത്യങ്ങളിൽ അകപ്പെടില്ല എന്നാണു പൊതുധാരണ. എന്നാൽ ഈ ധാരണ നിർബന്ധമായും തിരുത്തേണ്ടതുണ്ട്. ജുവനൈൽ ക്രൈമുകളിൽ പിടിക്കപ്പെടുന്ന മിക്ക കുറ്റവാളികളും മധ്യവർഗത്തിൽനിന്നുള്ളവരാണെന്നു രേഖകൾ വ്യക്തമാക്കുന്നു. മക്കൾ ആദ്യം തെറ്റു ചെയ്യുമ്പോൾ അത് തെറ്റാണെന്ന് ബോധ്യപ്പെടുത്തിയില്ലെങ്കിൽ അതേ തെറ്റ് ആവർത്തിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. തകർന്ന കുടുംബങ്ങളിൽനിന്നുള്ള കുട്ടികൾ പലപ്പോഴും ആരാലും ശ്രദ്ധിക്കപ്പെടാതെ, മാർഗനിർദേശമില്ലാതെ പല വഴിയിൽ നീങ്ങി കുറ്റകൃത്യങ്ങളിൽ ഇടപെടാൻ ഇടയാക്കുന്നു. മേൽപറഞ്ഞ കാര്യങ്ങളിൽനിന്ന് മക്കളെ നന്നായി വളർത്തിയെടുക്കുന്നതിൽ രക്ഷിതാക്കളുടെ പങ്ക് മനസ്സിലാക്കാം. മാതാപിതാക്കളുടെയും ബന്ധപ്പെട്ടവരുടെയും അശ്രദ്ധ മൂലം മക്കൾ വഴി തെറ്റാനിടയാകുന്ന ചില സാഹചര്യങ്ങൾ താഴെ കൊടുക്കുന്നു.



> സ്വന്തം മക്കളോട് ഉള്ളു തുറന്നു സംസാരിക്കാതെ രക്ഷിതാക്കൾ അവരുമായി അകൽച്ചയിൽ കഴിയുക. മക്കളുടെ അഭിപ്രായങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകാതിരിക്കുക.

> ഗൗരവസ്വഭാവത്തിൽ മക്കളോട് പെരുമാറുകയും അവരുടെ പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പരിഹാരങ്ങൾ നിർദ്ദേശിക്കാതിരിക്കുകയും ചെയ്യുക.

> മക്കളെ മറ്റു കുട്ടികളുമായി താരതമ്യപ്പെടുത്തി അവരെ താഴ്ന്നവരായ കാണുകയും അർഹിക്കുന്ന സ്ഥാനം നൽകാതിരിക്കുയും ചെയ്യുക.

> കുട്ടികളെക്കുറിച്ചുള്ള അനാവശ്യ മുൻധാരണകൾ മാറ്റുക. വരവിനനുസരിച്ചുള്ള കുടുംബ ബജറ്റ് തയ്യാറാക്കുകയും ശ്രദ്ധാപൂർവ്വം ചെലവഴിക്കുകയും ചെയ്യുക.

> നിയന്ത്രണമില്ലാതെ മക്കളെ കാണാനും കേൾക്കാനും അനുവദിക്കുക.

> മക്കളാണ് വലിയ സമ്പത്തെന്ന സത്യം മറന്ന് അവരേക്കാൾ കൂടുതൽ പണത്തിന് പ്രാധാന്യം നൽകുകയും സാമ്പത്തികകാര്യങ്ങളിൽ അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

> വീടുകളിൽ അംഗങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടാനും പരിഹരിക്കാനും തയ്യാറാവാതെ സ്വന്തം കാര്യങ്ങൾക്കു മാത്രം മുൻതൂക്കം കൊടുക്കുക.

> അധ്യാപകരും കൂട്ടുകാരും മക്കളുടെ തെറ്റ് ചൂണ്ടിക്കാണിച്ചാൽ , അതു സ്വീകരിക്കാതെ മക്കളെ മറ്റുള്ളവരെക്കാൾ വലിയവരായി ചിത്രീകരിക്കുക.

> അനാവശ്യമായി മക്കളുടെ ഏതു പ്രശ്നങ്ങളിലും ഇടപെടുക. അവരുടെ വ്യക്തിസ്വാതന്ത്ര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും നിഷേധിക്കുക.

> വിനയം, ശ്രദ്ധ, പരസ്പര ധാരണ എന്നിവക്ക് പകരം അധികാരഭാവത്തിൽ മക്കളെ അടിച്ചമർത്തുക, തുറന്ന ചർച്ചയ്ക്ക് അവസരം നിഷേധിക്കുക.

> പ്രശ്നങ്ങൾ പഠിക്കുകയും തുറന്നു സംസാരിക്കുകയും ചെയ്യാതെ ഗൗരവത്തിൽ പെരുമാറുന്ന മാതാപിതാക്കൾ പലപ്പോഴും -ഭീകരർ- ആണെന്ന ചിന്ത മക്കളിൽ ഉണ്ടാക്കുന്നു.

> മക്കളോടുള്ള സ്നേഹപ്രകടനങ്ങൾ ഉപരിപ്ലവമാകാതെ മനസ്സിന്റെ ആഴത്തിൽനിന്നുള്ളതാക്കുകയും ഏതു പ്രശ്നങ്ങളിലും തുറന്ന മനസ്സോടെ ഇടപെടുകയും ചെയ്യുക.

> അധ്യാപകരും കൂട്ടുകാരും മക്കളുടെ തെറ്റ് ചൂണ്ടിക്കാണിച്ചാൽ , അതു സ്വീകരിക്കാതെ മക്കളെ മറ്റുള്ളവരെക്കാൾ വലിയവരായി ചിത്രീകരിക്കുക.

൦